
കാവ്യസന്ധ്യ

ESTD : 2010



# കാവ്യജ്വാല

## 10-ാം വാർഷിക സ്മരണിക

*With best compliments from*

# CHICKZY

**PIZZA • FRIED CHICKEN • SANDWICH**






643, Shaweliffe Gate SW, Calgary, Ph: 403 474 8010, 403 474 9700

**www.chickzy.ca**

# TABLE OF CONTENTS


| | |
|---|---|
| കാവ്യഭാഷ | 09 |
| മാവേലി കാനഡായിൽ | 10 |
| സമ്മാനം | 10 |
| ഓർമയുടെ ചെപ്പു തുറക്കുമ്പോൾ | 11 |
| കവിതാ പഠനവും ആസ്വാദനവും ഓർമയുടെ താളുകളിൽ നിന്ന് | 14 |
| ദൂസരി ബേട്ടി | 15 |
| **When You Wish Upon a Star** | 19 |
| എസ്തപ്പാൻ | 21 |
| പ്രേമ പരവശയായ ചക്കക്കുരു തോരൻ | 24 |
| കഞ്ഞിക്കലം | 29 |
| കാലന്റെ പാട്ടുപെട്ടി | 30 |
| കത്ത് | 31 |
| മകനെ വാർദ്ധക്യം പുൽകുന്നെന്നെ | 35 |
| ഉംബെർത്തോ | 36 |
| പ്രിയപ്പെട്ട എബിക്ക് | 37 |
| സ്നേഹകവചം | 38 |
| റാൾഫും ജൂണും ഒരോർമ്മ | 49 |
| **Let's Talk Indian Movies** | 52 |
| ഇന്നിന്റെ ഭ്രാന്ത് | 53 |
| ഭാഗ്യങ്ങൾ | 55 |
| ചുടലയക്ഷി | 55 |
| **Hail Storm** | 56 |
| ബ്ലോഗിലേക്കെങ്ങനെ ആളെ കയറ്റിടും | 57 |
| കാനഡ ഡേ ഒരു ഡയറി കുറിപ്പ് | 58 |
| ശ്വാനപുരാണം | 60 |
| **Turn Back** | 61 |
| **Reclusive vs Solitude** | 62 |
| **Spade/Heart** | 63 |
| **The Curse of the Blue Light** | 65 |
| കാലഹരണപ്പെടും കാലം | 66 |
| **That Friend** | 69 |
| മലയാളം സ്കൂൾ | 72 |
| **Slavery** | 72 |
| വാക്ക് | 73 |
| പ്രിൻസ് ഒരു ഓർമ്മക്കുറിപ്പ് | 76 |
| ഇന്നലകളിലെ ഒരു സ്കൂൾ വേനലവധിക്കാലം | 78 |
| **Mother** | 81 |
| **The Secret Portal** | 82 |
| മുകളിലേക്കൊഴുകുന്ന പുഴ | 85 |


Cover Design



Cleetus Antony
Florida, USA


Kavyajwala is a publication of the Kavyasandhya group celebrating their 10th anniversary. We do not endorse the use of information contained in this document to be used for soliciting business, professional services and/or mass marketing advertisers.

Articles published in this Magazine are exclusively the views of the authors. Neither the editor or the publisher are responsible or liable for the contents, objectives or opinions of the articles in any form.

All images and advertisements as seen in this Magazine are created exclusively for the purpose of use in this publication only. All rights reserved.

Published by Kavyasandhya group
www.kavyasandhya.org, 403 613 9256/587 306 2275

PRIME MINISTER · PREMIER MINISTRE

2020

Dear Friends:



I am pleased to extend my warmest greetings to the readers of Kavya Jwala.

For the past decade, the Kavyasandhya literacy group has celebrated the culture, history and practice of the Malayalam language. I am certain that everyone reading this collection of writing and art work will be inspired and entertained.

I would like to commend everyone involved in Kavya Jwala's publication for their commitment to preserving Malayalam language and culture. Canada is a nation defined by and celebrated for its diversity, and you can take pride in your efforts to enrich its multicultural fabric.

Sincerely,



The Rt. Hon. Justin P. J. Trudeau, P.C., M.P.
Prime Minister of Canada

# Message from the Premier of Alberta

On behalf of the Government of Alberta, it is my pleasure to send greetings to the members of Kavyasandhya Calgary as you celebrate your 10th anniversary.

In these challenging times, our daily activities have changed in countless ways, and we have all had to find new ways of coming together to celebrate life's important milestones. While you will not be gathering in person to mark this occasion, this souvenir program is a wonderful way to capture and share the creativity of your community. I hope you will all enjoy the artwork and written works, and take joy in the continuation of a tradition that unites Malayalee people in our province.

Congratulations as you celebrate 10 years of culture and fellowship. Best wishes to all of the members of your community for good health.

**Hon Jason Kenney, Premier of Alberta**



August 2020



**A MESSAGE FROM MAYOR NENSHI**

On behalf of the citizens of Calgary and my City Council colleagues, it is my pleasure to bring greetings to you all as you celebrate Kavyasandhya's 10th Anniversary.

At a time when our entire globe is experiencing a time of being physically apart, acknowledging milestones such as this also bring us together. Now, more than ever, it is important to remember how this group began - a circle of friends and likeminded acquaintances coming together in an organized friendship huddle to debate and cherish the marvels of Malayalam poems. A decade later, your tenacity and determination in those founding years have served you well in building a community of poetry lovers in Calgary.

It is groups like the Kavyasandhya that make Calgary the vibrant and diverse community that it is. I wish you all the very best for years to come.

Congratulations!

Sincerely,

Naheed K. Nenshi
MAYOR

GOVERNMENT OF KERALA
Pinarayi Vijayan
CHIEF MINISTER

No.394/Press/CMO/2020 18th March, 2020.

## MESSAGE

I am happy to note that the Kavya Jwala, Calgary, CANADA, a group of literacy enthusiasts functioning among the Malayali communities in and around Calgary, is bringing out a Souvenir in connection with its 10th anniversary.

I express my sincere wishes for the further activities of the organization and to the souvenir, which is being brought out to mark this occasion.

**Pinarayi Vijayan**

Smt. Shahitha Maideen, Editor
10th Anniversary Souvenir
Kavya Jwala, Calgary, CANADA
kavyasandhyacalgary@gmail.com

141, 3rd Floor, North Block, Government Secretariat, Thiruvananthapuram Pin 695001 T 0471 2333241, 2333812, 2333610 F 0471 2333489
E chiefminister@kerala.gov.in facebook.com/cmokerala twitter.com/cmokerala
Residence Cliff House T 0471 2318406, 2314853
www.keralacm.gov.in

# Editor's Desk

നിനച്ചിരിക്കാത്ത ഒരു കാലത്തിലൂടെയാണ് ലോകം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. കണ്ണുകൾക്ക് അദൃശ്യമായൊരണുജീവി ലോകത്തെ മുഴുവൻ മാറ്റിമറിച്ചിരിക്കുന്നു. നമ്മുടെ ശീലങ്ങളും ആചാരങ്ങളുമെല്ലാം അത് ചരിത്രത്തിലേക്ക് തള്ളിമാറ്റിയിരിക്കുന്നു. നമ്മുടെ പുഞ്ചിരികളെ അതൊരു മുഖാവരണം കൊണ്ട് മറച്ചിരിക്കുന്നു. സ്നേഹസ്പർശങ്ങളെ നിഷ്ക്കരുണം വിലക്കിയിരിക്കുന്നു.

എങ്കിലും ആ സൂക്ഷ്മാണുവിനു വിലക്കാൻ കഴിയാത്ത ഒന്നുണ്ട്, നമ്മുടെ വാക്കുകൾ! ഉള്ളിലെ ആവലാതികളും ആനന്ദങ്ങളും ഒരേപോലെ പുറത്തേക്കെത്തിക്കാൻ കഴിവുള്ള വാക്കുകൾ, അകലങ്ങളെ അലിയിച്ചുകളയുന്ന സ്നേഹസ്പന്ദനങ്ങൾ. അവ പല രൂപം പ്രാപിച്ചു കഥ കളായും കവിതകളായും സംഭാഷണങ്ങളായും നമ്മിൽ നിന്നും പുറത്തേയ്ക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു. സ്നേഹത്തിന്റെ മുല്ലപ്പൂമണമുള്ള ആലിംഗനങ്ങളായും കരുതലിന്റെ കൈപ്പിടികളായും സങ്കടങ്ങളുടെ നേർത്ത വിതുമ്പലുകളായും അവ നമ്മെ ചേർത്ത് നിർത്തുന്നു!

അത്തരമൊരു ലോകത്തിലേക്കാണ് നാം കാവ്യജ്വാലയുടെ താളുകൾ തുറന്നുവയ്ക്കുന്നത്.

ദൈനംദിനം വാണിജ്യമനോഭാവവും ഭ്രാന്തമായ ജീവിതവേഗവുമായി തിരിഞ്ഞുനോക്കാതെ പായുന്ന ശരാശരി മലയാളികളുടെയിടയിലൂടെ, ചെയ്യുന്ന കർമ്മങ്ങൾ വ്യർത്ഥമാവില്ലെന്ന ഒരൊറ്റ വിശ്വാസത്തിന്റെയും കൂടെ നടക്കുന്ന കുഞ്ഞുങ്ങളുടെ കണ്ണിലെ തിളക്കത്തിന്റെയും പിൻബലവുമായി കഴിഞ്ഞ പത്തുവർഷത്തോളം ഒരുകൂട്ടം ആളുകൾ  നടത്തിയ പരിശ്രമത്തിന്റെ നാഴികക്കല്ലാണ് ഈ സ്മരണിക. നമ്മുടെ കുഞ്ഞുങ്ങളുടെ കഴിവുകളുടെ ഒരു നേർച്ഛേദമാവുന്നതിനോടൊപ്പം തന്നെ മുതിർന്നവരുടെ ഭാവനകൾക്കു ഇടമൊരുക്കാനും കാവ്യജ്വാല പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഇതിനുപിന്നിൽ പ്രവർത്തിച്ച ഓരോ സുമനസ്സുകൾക്കും നന്ദി പറയാൻ ശ്രീമതി സുഗതകുമാരി ടീച്ചറുടെ വരികൾ ഞാൻ കടമെടുക്കുകയാണ്:

‘‘എന്റെ വഴിയിലെ വെയിലിനും നന്ദി,
എന്റെ ചുമലിലെ ചുമടിനും നന്ദി
എന്റെ വഴിയിലെ തണലിനും, മര-
ക്കൊമ്പിലെ കൊച്ചുകുയിലിനും നന്ദി’’

വരൂ, നമുക്ക് മുഖം മൂടികളില്ലാത്ത, അകലങ്ങളില്ലാത്ത, ആ മായാലോകത്തിലേക്ക് യാത്ര പോകാം....

സ്നേഹപൂർവ്വം...

**ഷാഹിത റഫീഖ്**

# Editorial Team



Shahitha Rafeek
Chief Editor



Rajeev Chitrabhanu



Joseph John




Abraham Issac



Cini John



Sandeep Sam Alexander



Moncy Abraham




Renjith Senan



Rijesh Peter

# കാവ്യഭാഷ



Dr. Alexander Jacob IPS
Puthenveettil
Retd. Jail DGP

**ഭരതമുനി രചിച്ച നാട്യശാസ്ത്രത്തിൽ കാവ്യവും രാഗവും താളവും എങ്ങിനെയാണ് ഒരു മനുഷ്യനെ സ്വാധീനിക്കുന്നത് എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൊച്ചുകുട്ടികളെ ചെറുപ്പത്തിൽതന്നെ കാവ്യം പഠിപ്പിച്ചു അത് പാടിക്കുമ്പോൾ, കുട്ടികളുടെ ഓർമശക്തിയും ബുദ്ധിശക്തിയും വർദ്ധിക്കുകയാണ്.**

കാനഡയിൽ ആൽബെർട്ടയിലെ, മലയാള ഭാഷയോടു സ്നേഹമുള്ള നിങ്ങൾ ഏവരും ചേർന്ന്, കാവ്യജ്വാല എന്ന സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ വളരെ സന്തോഷം.

കാവ്യം (Poem) ഉണ്ടായതിന് ശേഷമാണ് കഥയും (Story) ഗദ്യവും (prose) ഒക്കെ ഉണ്ടായതു എന്നാണു ചരിത്രം പറയുന്നത്. ഓരോ ഭാഷയിലെയും ആദിമ മനുഷ്യർ താളാത്മകമായി പാടി ആശയ വിനിമയം നടത്തിയിരുന്നു.

ഗ്രീക്ക്ഭാഷയിലെ ആദ്യപുസ്തകങ്ങൾ ഇലിയഡും ഒഡിസ്സിയും (The Iliad and Odyssey) കാവ്യങ്ങളായാണ് ജനിച്ചത്. പിന്നെയും അഞ്ഞൂറു വർഷങ്ങളെങ്കിലും കഴിഞ്ഞിട്ടുണ്ടാകും ഗദ്യവും കഥയും രൂപം പ്രാപിക്കാൻ. എബ്രഹാമിന്റെ ആദ്യ ഗ്രന്ഥങ്ങൾ കവിതകൾ ആയിരുന്നു. സോളമന്റെ സങ്കീർത്തനങ്ങൾ കാവ്യരൂപത്തിൽ എഴുതി പാടികൊണ്ട് നടന്നിരുന്നു എന്ന് നാം മനസ്സിലാക്കുന്നു. റഷ്യൻ ഭാഷയുടെ ഉത്ഭവ ചരിത്രത്തിലും ഇങ്ങിനെ കാവ്യങ്ങളെ നമ്മൾ കാണുന്നു.

ഇന്ത്യയിലെ പുരാതന ഗ്രന്ഥങ്ങളായ ഋഗ്വേദവും ഉപനിഷത്തുകളുമൊക്കെ കാവ്യമായിരുന്നു. രാമായണത്തെ ആദികാവ്യമെന്നാണല്ലോ വിളിക്കുന്നത്. ഒരു കഥ മുഴുവൻ കാവ്യമായി, കൃത്യമായ വൃത്തഭംഗിയോടുകൂടി എഴുതി, ഓരോ നാട്ടിലും ആളുകൾ അത് പാടി കൊണ്ട് നടക്കുകയായിരുന്നു.

കാവ്യത്തിന് മനുഷ്യമനസ്സിന് ഒരു ഭാഷാപരമായ അറിവ് ലഭിപ്പിക്കാനായി കഴിയും. അതുകൊണ്ടാണ് മലയാളഭാഷയുടെ ആദ്യത്തെ പുസ്തകങ്ങളൊക്കെതന്നെ കാവ്യങ്ങളായി നമുക്ക് ലഭിക്കുന്നത്. എട്ടുനൂറ്റാണ്ടു മുൻപ് എഴുതപ്പെട്ട രാമകഥാപാട്ട് എന്ന അയ്യിപിള്ള ആശാന്റെ കൃതി, പ്രാചീന മലയാളത്തിലെ വളരെ കൃത്യമായ ഒരു കാവ്യരൂപമാണ്. ഏകദേശം നാനൂറു വർഷങ്ങൾക്കു മുൻപ്, മലയാളഭാഷയുടെ പിതാവായ എഴുത്തച്ഛൻ കാവ്യരൂപത്തിൽ നമുക്ക് ഭാഷാഭാരതവും, കിളിപ്പാട്ടായി രാമായണവും നൽകി. ആദി കവിത്രയങ്ങളിൽ ചെറുശ്ശേരി, കൃഷ്ണഗാഥയിലൂടെ ഭഗവാൻ കൃഷ്ണന്റെ ജീവചരിത്രം നമ്മെ പറഞ്ഞു മനസ്സിലാക്കുകയാണ്. കുഞ്ചൻ നമ്പ്യരാകട്ടെ, രസകരമായി ജീവിതത്ത നോക്കിക്കണ്ടു മലയാളഭാഷയുടെ ആഴത്തിലോട്ടു നമ്മളെ കൊണ്ടുപോകുകയാണ്. ഏകദേശംനാലു നൂറ്റാണ്ടിനു മുൻപ്, സന്ദേശകാവ്യത്തിന്റെ രൂപം ഉണ്ടാകുന്ന സമയത്തു, ഉണ്ണിനീലി സന്ദേശം എന്ന് പറയുന്ന മഹത്തായ കാവ്യം മലയാളഭാഷയിൽ രചിക്കപ്പെടുകയാണ്. കൊല്ലത്തു പനങ്കാവിൽ വേണാട്ടു രാജാവിന്റെ കൊട്ടാരത്തിൽ വരുന്നതും പോകുന്നതുമൊക്കെ വളരെ ഭംഗിയായി അതിൽ വിവരിച്ചിട്ടുണ്ട്.


കാവ്യം പഠിക്കുമ്പോൾ, മനുഷ്യന്റെ തലച്ചോറിനകത്തു അത് അനുരണനം (Reverberation) എന്ന് പറയുന്ന ഒരുപ്രതിഭാസത്തെ സൃഷ്ടിക്കുകയായാണ്. ഈ അനുരണനം മനുഷ്യന്റെ തലച്ചോറിന് ബുദ്ധിശക്തി കൂട്ടാനും ഓർമശക്തി വർദ്ധിപ്പിയ്ക്കാനും വളരെ നല്ലതാണ്. നല്ല ഗാനങ്ങൾ കേട്ടാൽ പശു തരുന്ന പാലിലെ അളവു വളരെ കൂടും എന്ന് പറയപ്പെടുന്നു. (തിരുവന്തപുരത്തെ ഓപ്പൺജയിലിൽ ഞാൻ ഡിജിപി ആയിരുന്നപ്പോൾ പശുക്കളുടെ തൊഴുത്തിൽ സംഗീതം വെക്കുകയും പാലിന്റെ അളവു വർധിപ്പിക്കയും ചെയ്തിരുന്നു). അതാണ് ചെറുപ്രായത്തിൽ തന്നെ നമ്മളെ കാവ്യം പഠിപ്പിക്കുന്നത്. ഇംഗ്ലീഷ്ഭാഷയിലും ചെറുകാവ്യങ്ങളിലൂടെ കുട്ടിയുടെ മനസ്സിലേക്ക് ചിന്താസരണികളെ തുറന്നുവിടുകയാണ് ചെയ്യുന്നത്. മലയാള ഭാഷയിലെ ആധുനിക കവിത്രയം- ആശാൻ, ഉള്ളൂർ, വള്ളത്തോൾ-കവിതയിലൂടെ, കാവ്യത്തിലൂടെ, കുട്ടികളുടെ മനസ്സിലേക്ക് ആശയങ്ങൾ കൊടുക്കുകയാണ്. ദേശഭകതി, പ്രകൃതിസ്നേഹം തുടങ്ങിയ മഹനീയ ആശയങ്ങളും ഇങ്ങിനെ പകരുന്നു.

കാവ്യഭംഗിയിലൂടെ കുട്ടിയുടെ മനസ്സിലേക്ക് രാഗവും താളവും ഒരുമിച്ചു വെക്കുകയാണ്. ഭരതമുനി രചിച്ച നാട്യശാസ്ത്രത്തിൽ കാവ്യവും രാഗവും താളവും എങ്ങിനെയാണ് ഒരു മനുഷ്യനെ സ്വാധീനിക്കുന്നത് എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൊച്ചുകുട്ടികളെ ചെറുപ്പത്തിൽതന്നെ കാവ്യം പഠിപ്പിച്ചു അത് പാടിക്കുമ്പോൾ, കുട്ടികളുടെ ഓർമശക്തിയും ബുദ്ധിശക്തിയും വർദ്ധിക്കുകയാണ്. പന്ത്രണ്ടുവയസ്സൊക്കെ ആകുമ്പോഴേക്കും ഉയർന്ന ആശയങ്ങൾ കുട്ടികൾക്ക് പകരാൻവേണ്ടി കവിതയെ ഉപയോഗിക്കുന്നു.

കോളേജുതലത്തിൽ എത്തുമ്പോഴേക്കും തത്വശാസ്ത്രപരമായ കാവ്യങ്ങൾ, ജ്ഞാനപീഠം ലഭിച്ച ജി. ശങ്കരക്കുറുപ്പിന്റെ ഓടക്കുഴൽ പോലെയുള്ളവ പഠിക്കാൻ അവർക്ക് ലഭ്യമാക്കുന്നു.

വളർന്നുവരുന്ന തലമുറക്കുവേണ്ടി ഒരുക്കുന്ന ഈ മാസികയ്ക്കു എല്ലാ ഭാവുകങ്ങളും ഞാൻ അർപ്പിക്കുന്നു. കാവ്യത്തിലൂടെ വളർന്നു, വലിയ ഭാഷ ഉപയോഗിക്കാൻ കഴിവുള്ളവരായിത്തീരാൻ, എല്ലാകുട്ടികൾക്കും കഴിയട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു.■

# മാവേലി കാനഡായിൽ



- P.E. Mathew

ഓണം വന്നോണം വന്നോണം വന്നേ
മഞ്ഞിന്റെ നാട്ടിലുമോണം വന്നേ

പണ്ടൊക്കെ മാവേലി കേരളത്തിൽ
ആണ്ടുതോറും വന്നതോർമയുണ്ടേ

ഇന്നാളിൽ കാര്യങ്ങൾ മാറിപ്പോയേ
വന്നല്ലൊ മാവേലി കാനഡായിൽ

ഓലക്കുടയും മെതിയടിയും
മേലാടയില്ലാതെ വെള്ളമുണ്ടും

കാതിൽ കടുക്കനും നെറ്റിപ്പൊട്ടും
കയ്യിലൊതുങ്ങുന്ന വെറ്റച്ചെല്ലോം

പറ്റുമതൊക്കെയും കേരളത്തിൽ
തെറ്റുമായാത്രയതിങ്ങോട്ടെങ്കിൽ

മേലാടയില്ലാതെ വെള്ളമുണ്ടും
കാലിൽ മെതിയടീം മാത്രമായി

കേരളത്തിൽ പോയ ശീലമെല്ലാം
ചേലോടെ മാറ്റണേ തമ്പുരാനെ

സ്നോബൂട്ടും പാദുകോം
രോമത്തൊപ്പീം കമ്പിളിക്കോട്ടും കാലുറയും

ഇല്ലാതിറങ്ങിതിരിച്ചിടുകിൽ
വല്ലാത്തമിളിയായ് പോയീടുമേ

അത്തപ്പൂ ചെത്തിപ്പൂ ഒന്നുമില്ലേ
മാവേലിതമ്പ്രാനേ കോപിക്കല്ലേ

കൈകൊട്ടിപ്പാട്ടും കഥകളിയും
ഇന്നാട്ടിലാർക്കുമറികയില്ലേ

റ്റ്വിസ്റ്റെന്ന നൃത്തവും ഗോൾഫടിയും
കോലടിപ്പാട്ടിലും മെച്ചമാണേ

ഉപ്പേരീം പർപ്പടോം ഇല്ലെങ്കിലും
അവിയലും പച്ചടീം ഇല്ലെങ്കിലും

ബാർബക്യൂ കാളയും ഹാംബർഗറും
ബ്രോയിൽഡു ചിക്കനും ബ്രോക്കലിയും

റൊട്ടിയും ബട്ടറുമുള്ള നാട്ടിൽ
ഉപ്പേരീം പർപ്പടൊം എന്തിനാണേ

ഊഞ്ഞാലിലാടുന്ന നാരിമാരും
പൂങ്കുഴലൂതുന്ന പൂമാന്മാരും

പന്തടിച്ചാർക്കുന്ന ബാലന്മാരും
കീർത്തനം പാടുന്ന മുത്തശ്ശിയും


ഓണപ്പുടവയും പട്ടുവസ്ത്രോം
ചാണകം പൂശിയ തിണ്ണമുറ്റോം

പൂക്കൾ വിതറിയ മാർഗങ്ങളും
കണ്ടങ്ങു ശീലിച്ച പൊന്നങ്ങുന്നേ

ഹോട്പാന്റ്സും ബികിനീം കണ്ടിടുമ്പോൾ
നാണിച്ചു പോകല്ലെ തമ്പുരാനേ



# സമ്മാനം



- Moncy Abraham

വീണുപോയ നിമിഷമോർത്തു
മെഴുകുതിരിയായി ഉരുകി
തീരുമീ ജീവിത സന്ധ്യകൾ
കനലായി എരിയുമി ഹൃത്തിൻ
വേദനകൾ കണ്ണുനീരിൽ കുതിരവേ
മഹാമാരിയിലമരുന്ന വിശ്വം
വാടി കരിഞ്ഞു പോയ കൂട്ടങ്ങൾ
സംഹാര താണ്ഡവത്തിൽ പ്രകൃതിയും
പിഴയ്ക്കുന്ന നിപുണതകൾ
ഇനിയും പഠിക്കാത്ത നാട്ടു പ്രമാണിമാർ
നായക പദവിക്കായുള്ള ദാഹത്തിൽ
ഒരേയൊരു മന്ത്രം മാത്രം
ഞാൻ ഞാൻ ഞാൻ മാത്രം നാട് ഭരിക്കും
ചവിട്ടി താഴ്ത്തുന്ന വാമനന്മാർ
ശ്വാസം കിട്ടാതെ പിടയുന്ന ജീവനുകൾ
വലിഞ്ഞു മുറുകുന്ന ഞരമ്പുകൾ
ചുണ്ടിൽ വെള്ളം നനയ്ക്കാനുമില്ലാരും
എങ്കിലും പറിച്ചു മാറ്റാത്ത
അഹംഭാവത്തിൻ മതിൽ കെട്ടുകൾ
പ്രകൃതി നൽകുന്ന പാഠങ്ങൾ
വിതച്ചത് തന്നെ കൊയ്യുന്നു
ഒറ്റപ്പെടലിലായ ജീവിതങ്ങൾ
എല്ലാവർക്കുമുള്ള സമ്മാനങ്ങൾ
ഞാനും തരാം എന്റെ വേദനയും
നിനക്കുള്ള സമ്മാനമായി

# ഓർമ്മയുടെ ചെപ്പു തുറക്കുമ്പോൾ...



- Major Joseph Philipose

''പുതുതായിട്ടു കാനഡയിൽ ഇമ്മിഗ്രന്റ്സ് ആയിട്ട് വരുന്നവർക്ക് എന്റെ എളിയ ഉപദേശം ഇതാണ്. ആദ്യത്തെ ജോലി ആർട്ടിക് സമുദ്രത്തിന്റെ നടുവിൽ ലഭിച്ചാലും സ്വീകരിക്കുക, പിന്നത്തെ യോഗമെല്ലാം വിധിവശം''

പട്ടാള കുപ്പായം ഊരി വെച്ചു ആണവ നിലയത്തിൽ സമാധാനപരമായി ജോലി ചെയ്യുന്ന കാലയളവിലാണ് ഭാര്യ ആനിക്കുട്ടിക്കും രണ്ടു ആൺകുട്ടികൾക്കും ഒപ്പം ഞാൻ കാനഡയിലേക്ക് വരുന്നത്. മാത്തുക്കുട്ടിച്ചായനും കുഞ്ഞമ്മയും ഫോർട്ട് മക്മുറായിൽ ഞങ്ങൾക്ക് അഭയം നൽകി. അപേക്ഷിച്ച മിക്കവാറും എല്ലാ ജോലികൾക്കും റിഗ്രറ്റ് മറുപടികൾ വന്നു കൊണ്ടേയിരുന്നു ചിലർ ഞാൻ അപ്ലൈ ചെയ്യാത്ത ജോലികൾക്കും റിഗ്രറ്റ് ലെറ്റർ അയക്കാൻ തുടങ്ങിയപ്പോൾ ഞാൻ കളിവിട്ടു. ഏതു ജോലിയും ചെയ്യാൻ ഞാൻ തയാറായിരുന്നു. എന്നാൽ കിട്ടുക അത്ര എളുപ്പമല്ലായിരുന്നു.

ആറാം ക്ളാസ് വിദ്യാഭാസം ഉള്ളവർക്ക് വേണ്ടി മാത്രം നടത്തുന്ന ഒരു കോഴ്സ് ജയിച്ചാൽ ഇൻഡസ്ട്രിയൽ വർക്കർ എന്ന ജോലി ലഭിക്കും. അതിനു വേണ്ടി ഒരു മാസത്തെ കോഴ്സ് ചെയ്യാൻ ഞാൻ തീരുമാനിച്ചു. കാരൻ ഫ്ലൂറ്റ് എന്ന ഇമ്മിഗ്രേഷൻ ഓഫീസർ എന്നെ സഹായിക്കാം എന്നേറ്റു. ഒടുവിൽ അവരുടെ നിസ്സാഹായ അവസ്ഥ എന്നെ അറിയിച്ചു, ''റെക്കോർഡിൽ എല്ലാം നീ ഒരു യൂണിവേഴ്സിറ്റി ഗ്രാഡ്യുയറ്റ് ആയതിനാൽ എനിക്ക് നിന്നെ സ്പോൺസർ ചെയ്യാൻ നിയമം അനുവദിക്കുന്നില്ല.'' സ്ഥലത്തെ കമ്മ്യൂണിറ്റി കോളേജ്, കിയാനോയിലെ രെജിസ്ട്രാറിനെ സമീപിക്കുവാൻ എന്നെ ഉപദേശിച്ചു. ആറ് ആഴ്ച നീണ്ടു നിൽക്കുന്ന കൺസ്ട്രക്ഷൻ കോഴ്സിൽ ഇരുപത്തിനാല് പേരുണ്ടായിരുന്നു. പത്തു ദിവസത്തിനകം പതിനാറു പേര് ശേഷിച്ചു. ചിലർ കുറ്റവാളികൾ ആയതിനാൽ പോലീസ് വന്നു പിടിച്ചുകൊണ്ടു പോയി. ഒടുവിൽ എട്ട് സ്ത്രീകളും എട്ടു പുരുഷന്മാരും ശേഷിച്ചു. തെറി സാഹിത്യത്തിൽ പി ഏച് ഡി നേടിയവരാണോ

പലരും എന്ന് തോന്നത്തക്ക ഭാഷാ നിപുണത പെണ്ണിനും ആണിനും ഉണ്ടായിരുന്നു. ഗ്രാഡുയേഷൻ ഡിന്നറും ഡാൻസും കഴിഞ്ഞപ്പോൾ അറിയിപ്പ് വന്നു. തിങ്കളാഴ്ച എല്ലാവർക്കും ജോലി തരപ്പെടുത്തിയിരിക്കുന്നു. പെട്ടി മാത്രമായി വരിക. ജോലി സ്ഥലത്തേക്കു കൊണ്ടുപോകുവാൻ ബസ് വരുന്നതായിരിക്കും.

അങ്ങനെ കാനഡയിൽ വന്നതിന്റെ 50-ാം ദിവസം ജോലിയിൽ പ്രവേശിക്കുകയാണ്. LB 1766 എന്ന് നമ്പർ എഴുതിയ ഹാർഡ് ഹാറ്റ് തലയിൽ, കയ്യിൽ ബലമേറിയ ഒരു തൂമ്പയും. താമസവും ഭക്ഷണവും സൗജന്യം. സിംഗിൾ റൂം. നിരവധി കുളിപ്പുരകൾ, ഏത് പഞ്ച നക്ഷത്ര ഹോട്ടലിൽ ലഭിക്കാവുന്നതിലും മെച്ചപ്പെട്ട ഭക്ഷണം. ഇഷ്ടം പോലെ കഴിക്കാം. പഴവർഗ്ഗങ്ങൾ പലതും മുറിയിലേക്കും കൊണ്ട് പോകാം. ആനന്ദലബ്ധിക്കിനി എന്തു വേണം?

എന്റെ ഫോർമാന്റെ പേര് ഫ്രാങ്ക്. ഇംഗ്ലീഷ് സാഹിത്യത്തിൽ കം, ഗോ, പുഷ് അങ്ങനെ ഏതാനും വാക്കുകൾ മാത്രം അറിയാം. നെപ്പോളിയൻ ബോണപ്പാട്ടിന്റെ ജന്മസ്ഥലമായ കോഴ്സിക്കകാരൻ. ഫ്രഞ്ച് മാത്രം അറിയാം.

സിൻക്രൂഡ് എന്ന വലിയ ഒരു ഓയിൽ കമ്പനിയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി ഞാനും തീർന്നിരിക്കുന്നു. സംഗതി കൊള്ളാം. പക്ഷെ ഞാൻ മാനസികമായി തളർന്നു. പത്തൊൻപതു വർഷങ്ങൾ വളരെ മെച്ചപ്പെട്ട ജോലികളിൽ ഭാരതീയ സർക്കാരിനെ സേവിച്ച എനിക്ക് വിധിക്കപ്പെട്ടത് ഈ വേലയോ ദൈവമേ? ഞാൻ അഹോരാത്രം നെടുവീർപ്പിട്ടു. കാനഡ എന്ന ദിവ്യസ്വപ്നം മരീചികയായി തീർന്നിരിക്കുന്നു.

പട്ടാളത്തിൽ തോൽവി എന്നൊരു വാക്കില്ല. അതിനു പറയുന്നതു പ്ലാൻഡ് വിത്ത്ഡ്രൂവൽ എന്നാണ്.

പൈപ്പുകൾ ഇടാനായി വലിയ ട്രെഞ്ചുകൾ തുരക്കുമ്പോൾ ഏതാണ്ട് ആറടി ഘനത്തിൽ മണ്ണ് വീഴ്ത്തിക്കൊണ്ടിരിയ്ക്കും. അതിൽ വലിയ കല്ലുകളും പലപ്പോഴും കാണും. ഈ കല്ലുകൾ എത്രയും വേഗം പൈപ്പ്ലൈനിന്റെ മുകളിൽ നിന്ന് മാറ്റണം, അതിനാൽ കല്ല് വീഴുമ്പോൾ തന്നെ ഫ്രാങ്ക് എന്നോട് പറയും 'യു പുഷ് റോക്ക്'. ഏതാണ്ട് മൂന്നു വർഷത്തിലെ കഠിനമായ ജോലി എന്നെ ശാരീരികമായും മാനസികമായും തളർത്തി. നൂറ്റി മുപ്പതു റാത്തൽ തൂക്കമുള്ള ജാക്ക് ഹാമർ എന്ന യന്ത്രമാണ് പല ദിവസങ്ങളിലും ഞാൻ തുടർച്ചയായി ഉപയോഗിച്ചിരുന്നത്. ഇതു രണ്ടു കൈകളെയും തകരാറിലാക്കി. അന്നു കോർട്ടിസോൺ കുത്തി വെച്ചു താത്കാലികമായി ഒരു ആശ്വാസം ലഭിച്ചിരുന്നെങ്കിലും നാല്പത്തിനാലു വർഷങ്ങൾക്കു ശേഷവും രണ്ടു കൈകളുടെയും ദേഹത്തിന്റെ ഇതര ഭാഗങ്ങളിലെയും മരവിപ്പ് ഇന്നും നിലനിൽക്കുന്നു.

ഇതിനിടയിൽ ഒരു ട്രയ്ലർ വാങ്ങി മാത്തുകുട്ടിച്ചായന്റെ വീട്ടിൽ നിന്നു ഞങ്ങൾ അതിലേക്കു മാറി. കാനഡയിലെ എന്റെ ഫസ്റ്റ് റിയൽ എസ്റ്റേറ്റ് സംരംഭം എന്ന് പറയാം. ഇതിനിടയിൽ ഗ്രേറ്റ്

കനേഡിയൻ ഓയിൽ സാൻഡ്സിൽ (പിൽക്കാലത്തു സൺ കോർ എനർജി) ജോലി ചെയ്തിരുന്ന രണ്ടു ഇൻഡ്യക്കാരെ ഞാൻ പരിചയപ്പെട്ടിരുന്നു. അവിടെ ഒരു ഒഴിവുണ്ടെന്നു അറിഞ്ഞ ഞാൻ അപേക്ഷിച്ചു, ഏതാണ്ട് ഒന്നര മണിക്കൂർ ഇൻറർവ്യുവിന് ശേഷം ബ്രയാൻ എന്നോട് പറഞ്ഞു ''ഞാൻ വെറും ഹ്യൂമൻ റിസോഴ്സ്കാരനാണ് എന്നാൽ നിന്നെ ഹയർ ചെയ്യേണ്ടത് ഹാൻഡ്സ് ബ്രൗൺ എന്ന സുപ്പീരിന്റെണ്ട് ആണ്. നീ ഓവർ ക്വാളിഫൈഡ് ആയതു കാരണം നിനക്ക് ജോലി ലഭിക്കില്ല''.

എനിക്ക് ഹാൻസ് ബ്രൗണിനെ ഒന്ന് കാണണമെന്ന ആവശ്യം ബ്രയാൻ സമ്മതിച്ചു, ഒടുവിൽ ഒരു ചർച്ചക്ക് ശേഷം, എനിക്ക് ജോലി ലഭിച്ചു. ഒരാഴ്ച കഴിഞ്ഞു ഞാൻ കമ്പനിയിലെ ഏറ്റവും താണ ശമ്പളം മേടിക്കുന്നവനായി രംഗപ്രവേശം ചെയ്തു. നാല്പതു ദിവസം പിന്നിട്ടപ്പോൾ കമ്പനിയിൽ ഒരു ഒഴിവു വന്നു. യോഗ്യത മെക്കാനിക്കൽ എഞ്ചിനീയർ പത്തു വർഷം എക്സ്പീരിയൻസ് വേണം. ഇന്റർവ്യൂന് പോലും വിളിക്കാതെ ഞാൻ ആ ജോലിയിൽ പ്രവേശിച്ചു.

കമ്പനിയിൽ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് തുടങ്ങിയ കാലം കമ്പനി വക ഒരു മെയിൻഫ്രെയിം കമ്പ്യൂട്ടർ എഡ്മൺടൺ ഓഫീസിൽ മാത്രം ഉണ്ട്. ആഴ്ച്ചയിൽ ഒരിക്കൽ അവിടെനിന്നു ഏതാണ്ട് ആയിരം പേജുകൾ ഉള്ള ഒരു പ്രിന്റൗട്ട് വരും. സൂപ്പർവൈസർമാർ ശരിയായി വർക്ക് ഓർഡർ എഴുതിയില്ലെങ്കിൽ കമ്പ്യൂട്ടർ അത് അൺ അലോക്കേറ്റഡ് എന്നു പറയുന്ന ഒരു അക്കൗണ്ടിലേക്കു തള്ളും. ചുരുക്കത്തിൽ അത്രയും തുക സാങ്കേതികമായി മോഷ്ടിക്കപ്പെട്ടു എന്നർത്ഥം. ഞങ്ങളുടെ ഡിപ്പാർട്ട്മെന്റിൽ നിന്നും ഏതാണ്ട് അഞ്ചു ലക്ഷത്തോളം ഡോളർ മോഷ്ടിക്കപ്പെട്ടിരുന്നതായി കമ്പ്യൂട്ടർ കണ്ടു പിടിച്ചിരിക്കുന്നു. ഇത് നേരേയാക്കണമെങ്കിൽ കഴിഞ്ഞ ഒരു വർഷത്തെ വർക്ക് ഓർഡറുകൾ മുഴുവൻ തിരഞ്ഞു പിടിച്ചു അതിലെ തെറ്റ് തിരുത്തി അത് വീണ്ടും കംപ്യൂട്ടറിനു ഫീഡ് ചെയ്യണം.

ഒരു ദിവസം ഹാൻസ് എന്നോട് പറഞ്ഞു ''നിനക്ക് അക്കൗണ്ടിങ് അറിയാമല്ലോ അവധി ദിവസങ്ങളിൽ വന്നു ഈ പണി ചെയ്യൂ, എത്ര ഓവർടൈം വേണമെങ്കിലും തരാം''. അങ്ങനെ മൂന്നു മാസങ്ങൾ അഹോരാത്രം പണി ചെയ്തു. അഞ്ചു ലക്ഷം വെറും അയ്യായിരം ആയപ്പോൾ സാമ്പത്തീകമായി എനിക്ക് ലഭിച്ച നേട്ടത്തേക്കാൾ ഉപരിയായി ബോസിന്റെ ദൃഷ്ടിയിൽ ഞാൻ ഒരു സാമ്പത്തീക വിദഗ്ധനായി തീർന്നു. ഒരു ദിവസം ഹാൻസ് എന്നോട് ചോദിച്ചു ''ഇപ്പോൾ നടത്തുന്ന രീതിയിൽ നിന്ന് വിഭിന്നമായി നമ്മുടെ ഡിപ്പാർട്ട്മെന്റു നടത്തിയാൽ കമ്പനിക്കു സാമ്പത്തീകമായി നേട്ടം ഉണ്ടാകുവാൻ സാധിക്കുമോ എന്ന് നിന്റെ അഭിപ്രായം പറയാമോ''. ഞാൻ പറഞ്ഞു ''എനിക്കു ചിലതെല്ലാം പറയാൻ കഴിയും''. അദ്ദേഹം അത് എഴുതിക്കൊടുക്കാന് എന്നോടു ആവശ്യപ്പെട്ടു. മറ്റാരെയും അത് കാണിക്കില്ലെന്ന ഉറപ്പും നല്കി രണ്ടാഴ്ച സമയം തന്നു.

പേർസണൽ കമ്പ്യൂട്ടർ ഇല്ലാത്ത കാലം. എന്റെ ഓഫീസിൽ ഒരു ഐ ബി എം ടൈപ്പ് റൈറ്റർ മാത്രം ഉണ്ട്. ടൈപ്പിംഗ് എനിക്ക് വലിയ വശവും ഇല്ല. കൃത്യം പതിനൊന്നാം ദിവസം ഹാൻസ് റിപ്പോർട്ട് ചോദിച്ചു. പരുങ്ങലോടെ ഞാൻ പറഞ്ഞു ഇല്ല എന്ന്. നാളെ രാവിലെ അത് എന്റെ കയ്യിൽ കിട്ടിയിരിക്കണം എന്ന് പറഞ്ഞു അദ്ദേഹം സ്ഥലം വിട്ടു. ഞങ്ങൾ ട്രെയ്‌ലറിൽ താമസിക്കുന്ന സമയമാണ്. വീട്ടിൽ വന്നു ഞാൻ ആനിക്കുട്ടിയോട് പറഞ്ഞു ഇന്ന് രാത്രിയിൽ ഞാൻ പറഞ്ഞു തരുന്നതു എഴുതി തരണം (എന്റെ ഭാര്യയുടെ കൈ അക്ഷരം അച്ചടി സമാനം തന്നെ) എന്റെ പട്ടാളം ട്രയിനിങ്ങ് എനിക്ക് തുണയായി.

എന്താണ് പ്രശ്നം, എങ്ങനെ അതിനെ അഭിമുഖീകരിക്കണം അതിനുള്ള സാമഗ്രികൾ എന്തൊക്കെ വേണം എങ്ങനെ അത് നിർവഹിക്കണം ആരാൽ നിർവഹിക്കപ്പെടണം... ഈ രീതി ഉപയോഗിച്ച് ഞങ്ങൾ എഴുത്തു തുടങ്ങി. വെളുപ്പിന് മൂന്നു മണിയായപ്പോൾ പതിനാറു പേജുകളിൽ റിപ്പോർട്ട് എഴുതി തീർത്തു. വണ്ടികളുടെ ദുരുപയോഗം, സാധനങ്ങളുടെ ദുരുപയോഗം, ഉത്തരവാദിത്തമില്ലായ്മ, ചെറുതും വലുതുമായ മോഷണങ്ങൾ എല്ലാം തന്നെ റിപ്പോർട്ടിൽ ഉണ്ടായിരുന്നു.

പിറ്റേന്ന് റിപ്പോർട്ട് കൈമാറി. പതിനൊന്നര മണിയായപ്പോൾ ഹാൻസ് എന്റെ അടുക്കൽ വന്നു. 'നിന്റെ റിപ്പോർട്ട് മുഴുവൻ ഞാൻ സശ്രദ്ധം വായിച്ചു. അതുംകൊണ്ട് ഞാൻ നേരെ കമ്പനിയുടെ ഏറ്റവും വലിയ ആളിന്റെ അടുത്ത് പോയി. അദ്ദേഹത്തിന്റെ കയ്യിൽ നിന്റെ റിപ്പോർട്ട് കൊടുത്തിട്ടു പറഞ്ഞു, വെറും മൂന്നു മാസം മാത്രം സർവീസ് ഉള്ള ഒരു ജോലിക്കാരൻ ഈ കമ്പനിയെ കുറിച്ച് പറഞ്ഞിരിക്കുന്നത് എന്താണെന്നു അങ്ങ് കേൾക്കുക'. ജോ കാമ്പ് എന്ന ആറര അടി ഉയരമുള്ള ഒരു അമേരിക്കൻ ആയിരുന്നു അന്ന് കമ്പനിയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്. എന്റെ റിപ്പോർട്ട് വായിച്ച ശേഷം അദ്ദേഹം ഹാൻസിനോട് ചോദിച്ചു ''ജേക്കബ് എന്ന ഈ ജോലിക്കാരൻ എഴുതിയിരിക്കുന്ന ഈ റിപ്പോർട്ടിനെ കുറിച്ച് നിന്റെ അഭിപ്രായം എന്താണ്?''. 'അയാൾ പറഞ്ഞതിനോട് തൊണ്ണൂറ്റി അഞ്ചു ശതമാനവും എനിക്കു യോജിപ്പാണ്.'

'എങ്കിൽ ഉടൻ തന്നെ അതു നടപ്പിലാക്കാൻ തുടങ്ങുക.' മൂന്ന് മാസങ്ങൾ കൂടെ കടന്നു പോയി എന്റെ റിപ്പോർട്ടിന്റെ ബലത്തിൽ കാര്യങ്ങൾ നീക്കാൻ തുടങ്ങിയപ്പോൾ പലയിടത്തുനിന്നും പ്രതിഷേധം ഉയരാൻ തുടങ്ങി. പലർക്കും എന്നോടു അമർഷം ഉണ്ടായി.

ഒരാഴ്ച കഴിഞ്ഞപ്പോൾ ഹാൻഡ്സ് എന്റെ അടുക്കൽ വന്നു എന്നോട് പറഞ്ഞു. ''കമ്പനി നിന്നെ അമേരിക്കയിൽ ഉപരിപഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നു. ഇതാ ന്യൂയോർക്കിലേക്കുള്ള എയർ ടിക്കറ്റ്. നീ പത്തു ദിവസം താമസിക്കുന്നത് മൻഹാട്ടനിലുള്ള ന്യൂയോർക്ക് ഹിൽട്ടൺ എന്ന ഫൈവ് സ്റ്റാർ

ഹോട്ടലിൽ ആയിരിക്കും. നിന്റെ ചില്ലറ ചെലവിനായി ഇതാ അഞ്ഞൂറ് അമേരിക്കൻ ഡോളർ. ഹിൽട്ടൺന്റെ അടുത്ത് തന്നെ അമേരിക്കൻ മാനേജ്മെന്റ് അസ്സോസിയേറ്റിന്റെ കെട്ടിടം കാണും. തിങ്കളാഴ്ച രാവിലെ കൃത്യം എട്ടു മണിക്ക് ക്ലാസ് തുടങ്ങും. കമ്പനിയുടെ പ്ലെയിൻ നിന്നെ എഡ്മൺടൺ എയർപോർട്ടിൽ കൊണ്ട് വിടും.''

തക്ക സമയത്തു ഞാൻ ന്യൂയോർക്കിൽ ലഗേഡിയ എന്ന എയർപോർട്ടിൽ എത്തി. ടാക്സി പിടിച്ചു ഹോട്ടലിൽ എത്തി. ഭക്ഷണം പോയിട്ടു വെയ്റ്റേഴ്സിനു ടിപ്പ് കൊടുക്കുന്നത് പോലും കമ്പനി ചിലവിൽ! തിങ്കളാഴ്ച രാവിലെ കൃത്യം എട്ടു മണിക്ക് ക്ലാസ് റൂമിൽ എത്തി. ഞങ്ങൾ ഇരുപത്തി നാല് പേർ. ഇരുപത്തി രണ്ടും അമേരിക്കക്കാർ. എന്നെ കൂടാതെ വേറൊരു കനേഡിയൻ. ഇരുപത്തി മൂന്നും വെള്ളക്കാർ. ഞാൻ മാത്രം ബ്രൗൺ നിറമുള്ളവൻ. പേര് വിളിക്കുന്നവർ തങ്ങളുടെ സീറ്റിൽ നിന്ന് എഴുന്നേറ്റു സ്റ്റേജിൽ ചെന്ന് സ്വയം സദസിനു പരിചയപ്പെടുത്തണം. പരിചയപ്പെടുത്തൽ കഴിഞ്ഞപ്പോൾ ബാക്കി ഇരുപത്തി മൂന്ന് പേരും എഞ്ചിനീയറിംഗ് ബിരുദധാരികളോ പോസ്റ്റ് ഗ്രേഡ്വെറ്റ് ബിരുദ ധാരികളോ ആണെന്ന് മനസിലായി. ഞാൻ തെറ്റായ ക്ലാസ്സിൽ വന്നോ എന്ന് തെല്ലു സന്ദേഹം... എന്നാൽ എന്റെ പേരുവിളിച്ചതിനാൽ ആ സന്ദേഹം മാറിക്കിട്ടി.

ഇവിടെയും പട്ടാളം എനിക്ക് തുണയായി വന്നു. എന്നെ ഏല്പിക്കുന്ന ജോലി മറ്റുള്ളവരിൽനിന്ന് വിഭിന്നമായി ഞാൻ എങ്ങനെ നിർവഹിക്കും എന്നതാണ് ഇതിൽ കാതലായുള്ള ഭാഗം. മെക്കാനിക്കൽ എഞ്ചിനീറിംഗിനെ കുറിച്ചുള്ള ചോദ്യങ്ങളെ അല്ല. എനിക്ക് ലഭിച്ച ജോലി കുറച്ചു സമയത്തിനുള്ളിൽ ഏറ്റവും കുറച്ചു വ്യക്തികളെയും എത്രയും കുറച്ചു സാമഗ്രികളെയും ഉപയോഗിച്ച് എങ്ങനെ ഞാൻ നടപ്പാക്കുമെന്ന് സ്റ്റേജിൽ ചെന്ന് നിന്ന് മറ്റുള്ളവരോട് പറയുക എന്നതായിരുന്നു പരിപാടി.

പട്ടാളത്തിലെ ട്രെയിനിങ്ങിൽ നമ്മുടെ ഡ്രസ്സ് മുതൽ എല്ലാറ്റിലും വളരെ ശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യുവാൻ പരിശീലനം ലഭിച്ചിരുന്നു. പലരും കീറിയ ജീൻസും ഷോട്സും ധരിച്ചു കിടക്കപ്പായിൽ നിന്ന് ഏഴുന്നേറ്റു വന്ന രീതിയിൽ പെരുമാറിയപ്പോൾ ഞാൻ എല്ലാ ദിവസവും സ്യൂട്ടിട്ട് പോകയും ചെറിയ കാര്യങ്ങളിൽ പോലും ശ്രദ്ധാലുവാവുകയും ചെയ്തത് അവിടുത്തെ ഡിറെക്ടിങ് സ്റ്റാഫിനെ വളരെ അധികം സ്വാധീനിച്ചതായി കോഴ്സ്കഴിഞ്ഞ ശേഷം അവിടുത്തെ വൈസ് പ്രസിഡന്റ് തന്നെ എന്നോട് പറയുക ഉണ്ടായി.

ഞാൻ അദ്ദേഹത്തോട് മൈന്റെനൻസ് മാന്വലിന്റെ ഒരു കോപ്പി എത്രയും വേഗം തിരികെ അയച്ചു തരാമെന്ന ഉറപ്പിൽ വാങ്ങി. തിരികെ ജോലിയിൽ പ്രവേശിച്ച ശേഷം ഞങ്ങളുടെ ഡിപ്പാർട്മെന്റിന് വേണ്ടി ഞാൻ ഒരു മൈന്റെനൻസ് മാന്വൽ തയാറാക്കി ഹാൻഡ്സ് ബ്രൗണ് കൊടുത്തു. മറ്റു പല സൂപ്പർവൈസറൻമാരെയും ഈ കോഴ്സിന് വിട്ടിട്ടുണ്ടെങ്കിലും കമ്പനി ചിലവിൽ അമിതമായി ഭക്ഷിക്കുകയും വെള്ളമടിക്കുകേം ചെയ്തതല്ലാതെ മൈന്റെനൻസ് മാന്വലിനെ കുറിച്ച് ആരും സംസാരിച്ചിട്ട് പോലും ഇല്ല എന്നു അദ്ദേഹം എന്നോടു പറഞ്ഞു.

ഏതാണ്ട് ഒരുവർഷം കഴിഞ്ഞപ്പോൾ ഒരുദിവസം ഹാൻഡ്സ് കമ്പനിയിൽ നിന്ന് രാജി വെച്ച് സിൻക്രൂഡ് എന്ന കമ്പനിയിൽ സ്റ്റാർട്ടപ്പ് കോൺസൾറ്റൻറ് ആയി ജോലി മാറിപ്പോയി. പോകുന്നതിന് മുൻപ് അമേരിക്കൻ മാനേ ജ്മെന്റിന്റെ പ്രസിഡന്റ് എന്നെ കുറിച്ച് എഴുതിയ കോണ്ഫിഡെൻഷിയൽ റിപ്പോർട്ട് അദ്ദേഹം എന്നെ കാണിച്ചു. 'ഈ വ്യക്തി നിങ്ങളുടെ കമ്പനിയിൽ സീനിയർ തസ്തികയിൽ നിയമിക്കപ്പെടുവാൻ എല്ലാ വിധത്തിലും യോഗ്യനാണ്'.

അധികം താമസിയാതെ ബിൽ ര്യക്സ് എന്റെ സൂപെരിന്റന്റ് ആയിട്ട് നിയമിതനായി. അദ്ദേഹം ഡച്ചു കാരനായിരുന്നു രണ്ടാം ലോകമഹായുദ്ധത്തിൽ ഹിറ്റ്ലർ ഹോളണ്ടിനെ ആക്രമിച്ചു കീഴടക്കിയപ്പോൾ റെസിസ്റ്റൻസ് ആർമിയിൽ യുദ്ധം ചെയ്തു ഹിറ്റ്ലറെ ഓടിച്ച പടയിൽ മേജർ റാങ്കാരൻ.

അദ്ദേഹവും കുടുംബവും അഭയാർത്ഥികളായി ഒരു കപ്പലിൽ കയറി ഹാലിഫാക്സിൽ ഇറങ്ങുകയും അവിടെനിന്നു ഒരു ചരക്കുതീവണ്ടി പോലൊരു ട്രെയിനിൽ എഡ്മൺടണിൽ വന്നിറങ്ങുകയും അതിസാരം പിടിപെട്ടു കൊച്ചു കുഞ്ഞുങ്ങൾ മരണത്തെ മുഖാമുഖമായി കണ്ട അനുഭവങ്ങളും അദ്ദേഹം പങ്കു വെച്ചപ്പോൾ മലയാളികളായ നാം ഇമ്മിഗ്രന്റ് സ്റ്റാറ്റസിൽ വിമാനം കയറി വന്ന അനുഗ്രഹീതരല്ലേ എന്നു ഓർത്തുപോയി.

ഒരു വർഷം കഴിഞ്ഞപ്പോൾ കമ്പനിയിൽ റിഫൈന റി ഡിവിഷനിൽ ഒരു ഒഴിവ് വന്നു, മെക്കാനിക്കൽ എഞ്ചിനീയർ, പതിനഞ്ചു വർഷത്തെ പ്രവർത്തി പ രിചയം ആണ് വേണ്ടത്. ഞാൻ ബിൽ റിക്സിനോടു ചോദിച്ചു, വലിയ ഒരു കടമ്പ കടക്കുവാനുണ്ട്. ഹ്യൂമൻ റിസോഴ്സ്സ് ആപ്ലിക്കേഷൻ ഫോർവേഡ് ചെയ്യണം. അവർ പറഞ്ഞ ക്വാളിഫിക്കേഷൻ എനിക്കില്ല. അതിനാൽ പറ്റില്ല. എച്ച് ആർ മാനേജരെ പോയിക്കണ്ടു. വളരെ അധികം വാഗ്വാദങ്ങൾക്കുശേഷം അദ്ദേഹം സമ്മതിച്ചു. ജോലി എനിക്ക് ലഭിച്ചു. ശമ്പളം വീണ്ടും ഇരട്ടിച്ചു.

ഇതിനിടയിൽ ആനിക്കുട്ടിക്കും മൂത്തമകൻ ഫിലിപ്പിനും സൺകോറിൽ ജോലി ലഭിച്ചു. പത്തൊൻപതു വർഷത്തെ സേവനത്തിനുശേഷം ഏർലി റിട്ടയർമെൻറ് വാങ്ങി കാൽഗരിയിൽ ഒരു വീട് പണിയിച്ചു ഇങ്ങോട്ട് താമസം മാറ്റി.

പുതുതായിട്ടു കാനഡയിൽ ഇമ്മിഗ്രന്റ്സ് ആയിട്ട് വരുന്നവർക്ക് എന്റെ എളിയ ഉപദേശം ഇതാണ്. നമ്മൾ നാട്ടിൽ കളക്ടർ ആയിരുന്നു, അല്ലെങ്കിൽ പ്രൊഫസർ ആയിരിന്നു, അതിനാൽ തത്തുല്യ പദവികൾ മാത്രമേ സ്വീകരിക്കൂ എന്നും പറഞ്ഞിരിക്കരുത്. ആദ്യത്തെ ജോലി ആർട്ടിക് സമുദ്രത്തിന്റെ നടുവിൽ ലഭിച്ചാലും സ്വീകരിക്കുക, പിന്നത്തെ യോഗമെല്ലാം വിധിവശം, അതിലിജ്ഞാനികൾക്കില്ല ചോദ്യം (ശാകുന്തളത്തിൽ കണ്വമഹർഷിയുടെ ഉപദേശം) ■

# കവിതാപഠനവും ആസ്വാദനവും: ഓർമയുടെ താളുകളിൽ നിന്ന്



**കാവ്യസന്ധ്യ നടത്തിയ പരിപാടികളിൽ കണ്ട പ്രതിബദ്ധതയും ഉത്സാഹവും അവതരിക്കപ്പെട്ട കവിതകളുടെ നിലവാരവും അവതാരകരുടെ ഉജ്ജ്വലമായ പ്രകടനവും തികച്ചും ശ്ലാഘനീയമായിരുന്നു.**

-Revi Menon

കവിതയുമായുള്ള ബന്ധം തുടങ്ങുന്നത് ഏകദേശം ഏഴു ദശാബ്ദങ്ങൾ മുൻപിലാണ്. വളരെ ചെറിയ ക്ലാസ്സിൽ ഒരു മലയാളം വിദ്യാലയത്തിൽ വിദ്യാർത്ഥിയായി തുടങ്ങിയ കാലത്ത് പഠിക്കാനുണ്ടായിരുന്ന പുസ്തകത്തിൽ ശ്രീ വള്ളത്തോൾ നാരായണ മേനോൻന്റെ കൃതിയായ 'എന്റെ മാതൃഭാഷ' എന്ന കവിതയുടെ ആദ്യത്തെ ഏതാനും ശ്ലോകങ്ങളുണ്ടായിരുന്നു. ആദ്യത്തെ ബാലപാഠം. 'മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം ചുണ്ടിന്മേൽ' എന്ന് തുടങ്ങുന്ന കവിതാശകലങ്ങൾ അർത്ഥം മനസ്സിലാക്കി കാണാപാഠം പഠിച്ചാണ് എന്റെ രംഗപ്രവേശം. അതിനുശേഷം പടിപടിയായി ജ്ഞാനപ്പാനയും പ്രാർത്ഥനാശ്ലോകങ്ങളും കവിതകളും വഞ്ചിപ്പാട്ടും കഥകളിപദങ്ങളും പഠിച്ചു ചൊല്ലി അടിത്തറ സജ്ജമാക്കി. അങ്ങനെയാണ് താല്പര്യവും പ്രചോദനവും തുടങ്ങിയത്. ഉയർന്നക്ലാസ്സിൽ മലയാളം ഐച്ഛികവിഷയമായി എടുത്തു പഠനം തുടങ്ങിയപ്പോൾ വള്ളത്തോൾ, ഉള്ളൂർ, നാലപ്പാടൻ, വൈലോപ്പള്ളി, ചങ്ങമ്പുഴ തുടങ്ങിയവരുടെ പേരുകേട്ട കൃതികളെ ആഴത്തിൽ പഠിക്കുവാനും ആസ്വദിക്കാനും അവസരം കിട്ടി.

എന്റെ ഭാഗ്യമെന്നേ പറയേണ്ടു, വിദ്യാലയത്തിലെ പ്രധാന മലയാള അധ്യാപകൻ പ്രസിദ്ധനായ ഒരു മലയാള പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ അറിവും കഴിവും ഭാഷാജ്ഞാനവും കവിതകൾ ചൊല്ലുന്ന രീതിയും സ്തുത്യർഹമായിരുന്നു. കവിതകളെ ആസ്വദിക്കാനുള്ള കഴിവ് അദ്ദേഹമാണ് പകർന്നുതന്നത്.

ഓരോ കവിതയും തുടങ്ങുന്നതിനുമുമ്പ് കവിയെയും കവിതയുടെ പശ്ചാത്തലത്തെപ്പറ്റിയും അദ്ദേഹം വിശദമായി പറഞ്ഞു തന്നിരുന്നു. കൂടാതെ ഓരോ കവിതയുടെ പ്രത്യേകതയും വർണ്ണനയും ഘടനയും നല്ലപോലെ ആസ്വദിക്കാൻ അവയുടെ വൃത്തം, അലങ്കാരങ്ങൾ, പരാമർശങ്ങൾ എന്നീ കാര്യങ്ങളെയും അദ്ദേഹം വിവരിച്ചിരുന്നു.

കവിതകളുമായി മറ്റു പല ബന്ധങ്ങളും അക്കാലത്തു വളർത്തിക്കൊണ്ടിരുന്നു. ധാരാളം അക്ഷരശ്ലോകസദസ്സുകളും, കവിതാപാരായണ മൽസരങ്ങളും, കഥാപ്രസംഗവേദികളും, കവിയരങ്ങുകളും നിരീക്ഷിക്കുവാനും, ആസ്വദിക്കാനും വിദ്യാലയജീവിതത്തിൽ അവസരം കിട്ടിയിരുന്നു.ഇവക്കെല്ലാം തിലകം ചാർത്തുന്ന ഒരു അനുഭൂതി വിദ്യാലയജീവിതത്തിന്റെ അവസാന വർഷത്തിൽ വന്നുചേർന്നു. തികച്ചും അപ്രതീക്ഷിതമായും ഭാഗ്യവശാലും കൈവന്ന ഈ അവസരം ഒരു അനുഗ്രഹം തന്നെയായിരുന്നു. അന്നത്തെ തിരുകൊച്ചി സംസ്ഥാന സർക്കാറിന്റെ നേതൃത്വത്തിലും ആഭിമുഖ്യത്തിലും തിരുവനന്തപുരത്ത് ഒരു സാഹിത്യ ശില്പശാല നടത്തുകയുണ്ടായി. അതിനോടനുബന്ധിച്ച ചില കവിസദസ്സുകളെയും കാവ്യസന്ധ്യകളെയും, ചർച്ചകളെയും, വാദപ്രതിവാദങ്ങളെയും, അവലോകനയോഗങ്ങളെയും, തികച്ചും അനൗദ്യോഗികമായി ഒരു പ്രേക്ഷകന്റെ ദൃഷ്ടിയിൽക്കൂടി വീക്ഷിക്കുവാനും അവയിൽ നിന്ന് ചില പാഠങ്ങൾ ഉൾക്കൊള്ളുവാനും ഭാഗ്യമുണ്ടായി. ശരിക്കും ഒരു ലോട്ടറി കിട്ടിയപോലെയാണ് ഈ അവസരങ്ങൾ വന്നുചേർന്നത്.

ആ ശില്പശാലയിൽ പങ്കെടുത്ത ചില പ്രമുഖ സാഹിത്യകാരന്മാരെ പരിചയപ്പെടുവാനും അടുത്തറിയാനും അവരുമായി ആശയങ്ങൾ പങ്കുവയ്ക്കാനും കിട്ടിയ അവസരങ്ങൾ ഞാൻ ആവും വിധം ഉപയോഗിച്ചു. ഭാഗ്യവശാൽ കൈവന്ന ഈ അനുഭൂതികളും അവസരങ്ങളും പിന്നത്തെ ആറുദശാബ്ദങ്ങളിൽ ലഭ്യമായില്ല എന്നുള്ളതും വാസ്തവമാണ്. അഞ്ചു വ്യാഴവട്ടത്തിനു ശേഷം കാൽഗറിയിൽ വന്നതിനു ശേഷമാണ് ഇവയുടെ പുനരാവിർഭാവം. അത് സാധ്യമായത് ഇവിടത്തെ 'കാവ്യസന്ധ്യ'യിലാണ്. അതിനു ഞാൻ എന്റെ നന്ദി രേഖപ്പെടുത്തുന്നു.

കാവ്യസന്ധ്യ നടത്തിയ പരിപാടികളിൽ കണ്ട പ്രതിബദ്ധതയും ഉത്സാഹവും അവതരിക്കപ്പെട്ട കവിതകളുടെ നിലവാരവും അവതാരകരുടെ ഉജ്ജ്വലമായ പ്രകടനവും തികച്ചും ശ്ലാഘനീയമായിരുന്നു. മലയാള കവിതക്കുണ്ടായ ബഹുമുഖമായ പുരോഗതിയും വളർച്ചയും പുതിയ തലമുറകളിൽ കണ്ട പ്രതിഭയും, എല്ലാത്തിനും ഉപരി അവരുടെ ഭാഷാസ്നേഹവും, വാഗ്വിലാസവും, ഉച്ചാരണശുദ്ധിയും അക്ഷരസ്ഫുടതയും തികച്ചും അനുമോദനാർഹം തന്നെ.

കാൽഗറിയിലെ മലയാളഭാഷാപ്രേമികളുടെ ഈ മഹത്സംരംഭത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. ■

# ദൂസരി ഞെട്ടി



-Koshy Malayil

**വിശ്വസിക്കാനാവാതെ ഞാൻ കോരുതേട്ടൻറെ മുഖത്തേക്ക് തന്നെ നോക്കിയിരുന്നു. നാട്ടിലെ നന്മയുടെ തോത് അളക്കാൻ അളവുകോലുമായി നടക്കുന്ന എൻറെ മുന്നിലേക്ക് ഓരോ ദൃഷ്ടാന്തങ്ങൾ വന്നു ഉൽക്ക പോലെ പതിക്കുന്നു. അല്ലെങ്കിൽ ആരോ ചൂണ്ടിക്കാട്ടി തരുന്നതുപോലെ.**

മൂന്നു പതിറ്റാണ്ടിൻറെ കനേഡിയൻ പ്രവാസത്തിനു ശേഷം ഇപ്പോൾ ഒരു മടക്ക യാത്രയ്ക്ക് സമയമായെന്ന് തോന്നി.

ചെറിയ അവധികളിൽ നടത്തിയിട്ടുള്ള ഹ്രസ്വ സന്ദർശനങ്ങൾ ഒഴികെ നാടുമായുള്ള ബന്ധങ്ങൾ അറ്റു പോയിരിക്കുന്നു. അംബാസ്സഡറും ഫിയറ്റും മാത്രം റോഡുകൾ നിറഞ്ഞ് ഓടിയിരുന്ന കാലത്ത് ഞങ്ങൾ നാട്ടിലെ ഓട്ടം നിർത്തിയതാണ്. അതു കഴിഞ്ഞു നാട്ടിൽ വന്ന വലിയ മാറ്റങ്ങൾ അറിയുന്നുണ്ട്, എന്നാൽ അനുഭവിച്ചറിഞ്ഞിട്ടില്ല.

ഇപ്പോൾ ഓൺലൈനിൽ മലയാള പത്രങ്ങൾ നോക്കും. ഭയം ജനിപ്പിക്കുന്ന ഒട്ടേറെ വാർത്തകൾ, റോഡപകടങ്ങൾ, കൊലപാതകങ്ങൾ, പണം തട്ടിപ്പ്, വിവാഹ തട്ടിപ്പുകൾ, മോഷണം മുതൽ കുട്ടികളുടെ നേരെയുള്ള അതിക്രമങ്ങൾ വരെ. വർദ്ധിച്ചു വരുന്ന ബലാത്സംഗങ്ങൾ. സ്വന്തക്കാർ തന്നെ കുട്ടികളെ ലൈംഗികമായി ഉപദ്രവിക്കുന്നു. മദ്യാസക്തിയും, മയക്കു മരുന്നുപയോഗവും വർദ്ധിക്കുന്നു. പിന്നെ രാഷ്ട്രീയത്തിൻറെ അതിപ്രസരം, അപ്രതീക്ഷിത ബന്ദുകൾ, തൊഴിലാളി സമരങ്ങൾ, മാലിന്യ നിർമ്മാർജന പ്രശ്നങ്ങൾ. ഇതൊക്കെ പണ്ടേ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ കൂടുതൽ രൂക്ഷമായെന്നു തോന്നി.

ഇവിടെ കൂട്ടുകാരുമൊത്തുള്ള സപ്പർ പാർട്ടികളിൽ ഈ വിഷയം അവതരിപ്പിച്ചു. പ്രതികരണങ്ങൾ പ്രോൽസാഹനപരമായിരുന്നില്ല.

'നിനക്കെന്നാ വട്ടൊണ്ടോ?. എൺപതുകളിലെ കേരളമല്ല കേട്ടോ, ആകെ മാറിപ്പോയി.'

'മനുഷ്യരു തമ്മിലുള്ള പഴേ സ്നേഹവും ബന്ധവും ഒന്നുമിപ്പമില്ല. എല്ലാർക്കും സ്വന്തം കാര്യം മാത്രം. വഴീലൊരുത്തൻ വണ്ടിയിടിച്ചു കിടന്നാപ്പോലും ആരും തിരിഞ്ഞു നോക്കില്ല. മനുഷ്യജീവനു ഒരു വെലേം ഇല്ല.'

'ഇപ്പം അവിടെ മലയാളികള് കുറവാണ്, എല്ലാം ബംഗാളീം, ആസ്സാമീം ഒക്കെയാ, ഹിന്ദി പഠിച്ചോണ്ടു പോണം കേട്ടോ.'

'അവിടെ നമ്മളെ ആരറിയാനാ, നാട്ടിൽ ഇപ്പോ നമ്മളെ അറിയുന്നോരിൽ കൂടുതൽ പരിചയക്കാര് ഇവിടാ, പിന്നെ അമേരിക്കക്കാരൻ എന്ന ലേബലും. പിരിവുകാരു പിടിച്ചു പറിക്കും, കൊടുത്തില്ലേൽ ഭീഷണീം.'

'എന്തു കാര്യത്തിനും വളഞ്ഞ വഴിയാ, നേരായ ചിന്തയേ ഇല്ല.' ലോകത്തിലുള്ള എല്ലാ ബ്രാൻഡ് കാറെല്ലാം ഒണ്ട്, പക്ഷേ റോഡെല്ലാം പഴേത് തന്നെ.

അങ്ങനെ കളിയും കാര്യവുമായി ഓരോരുത്തരുടെ അഭിപ്രായങ്ങൾ കേട്ടു. പിന്നെ ചിലർ നാട്ടിലെ അവരുടെ തിക്താനുഭവങ്ങൾ വിവരിക്കയായി.

കൊച്ചി എയർപോർട്ടിൽ കാപ്പി വാങ്ങാൻ നിന്നപ്പോൾ തന്നെ ഇടിച്ചു മാറ്റി ക്യൂ തെറ്റിച്ചു കയറിയ ഒരു നാട്ടുകാരനുമായി വഴക്കു കൂടിയത്, തറവാട്ടു വീട്ടിലെ കിണറ്റിൽ നിന്നും വെള്ളം അടിക്കാൻ മോട്ടോർ വാങ്ങാൻ കൊടുത്ത രൂപയുമായി മുങ്ങിയ പ്ലംബറുടെ കഥ, നാട്ടിൽ വീടു പണിഞ്ഞ കോണ്ട്രാക്ടർ കബളിപ്പിച്ചത്, അയൽവാസിയുമായുള്ള വഴി തർക്കത്തിൽ രാഷ്ട്രീയക്കാർ ഇടപെട്ടത്, നാട്ടിലെ സ്ഥലത്തിൻറെ ആധാരം രജിസ്റ്റർ ചെയ്യാൻ നടന്നു മടുത്തതിൻറെ കഥ, ജീവിതത്തിൽ ആദ്യമായി കൈക്കൂലി കൊടുക്കേണ്ടി വന്നത്.

അങ്ങനെയങ്ങനെയങ്ങനെ...

വളരെ തിരക്കിട്ട ഒരു തീരുമാനമായിരുന്നു എന്ന് ഇപ്പോൾ തോന്നി, പത്തു കൊല്ലം മുൻപ് നാട്ടിൽ ഒരു അപ്പാർട്ടുമെൻറ് വാങ്ങിയത്, കൊച്ചിയിൽ.

നാട്ടിൽ പോയി കുറച്ചു ജീവിക്കാൻ തീരുമാനിച്ചത് മുതൽ ഇടയ്ക്കിടയ്ക്ക് ഞാനവളോട് ചോദിച്ചു.

'എടീ നാട്ടിൽ ഇനിയും എന്തെങ്കിലും നന്മകൾ ബാക്കിയുണ്ടാവുമോ? പോയി നോക്കാം,' അവൾ ഈ സമയത്താണ് ഏതോ കമ്പ്യൂട്ടർ വിദഗ്ദ്ധർ വാട്സ് ആപ്പ് കണ്ടു പിടിച്ചത്.

പെട്ടെന്ന് നാട്ടിലെന്തോ ഒരു ധാർമിക ഉണർവ് ഉണ്ടായതുപോലെ തോന്നി. കാലത്ത് സന്ദേശം തുറന്നാൽ ആ ദിവസത്തിനു മുഴുവൻ പ്രചോദനം നൽകുന്ന കുറേ നല്ല ചിന്തകൾ. പോസിറ്റീവ് ചിന്തകളുടെ ഒരു പെരുമഴ. സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ചുള്ള സങ്കൽപങ്ങൾ. അനീതിക്കെതിരെ അമർഷം, മഹത് വചനങ്ങൾ. നന്മയുടെ ഒരു പടയോട്ടം തന്നെ. ഇവ എൻറെ കൂടപ്പിറപ്പുകളുടെ ഹൃദയത്തിൻറെ ഉള്ളറകളിൽ നിന്നു വരുന്നതാണോ, അതോ ഒരു കപട പുക മറയാണോ? എന്തായാലും നന്ന്. നമ്മൾ കുറച്ചു മാറി ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നുവല്ലോ എന്ന് സന്തോഷം തോന്നി. കാലത്തിനൊത്ത മാറ്റങ്ങളാവാം.

'എടീ നമ്മളൊരു റിസ്ക്കാണോ എടുക്കുന്നേ'? എനിക്ക് സംശയങ്ങൾ ഇടയ്ക്കിടെ തികട്ടി വന്നു.

'എന്താ ഈ പറേന്നേ? ഒരു ദേശം മുഴുവൻ അങ്ങനെ വഷളാകാൻ പറ്റുമോ. അങ്ങനെ കുറച്ചു ആളുകള് കാണും, നമ്മള് കേട്ടത് മുഴുവൻ അതു പോലെ വിശ്വസിക്കേണ്ട.'

അവളു ചേച്ചിയെ വിളിച്ചു.

'ഞങ്ങൾക്ക് നാട്ടിലത്തെ ഇപ്പോഴത്തെ കാര്യങ്ങൾ അറിയാൻ വയ്യാത്തകൊണ്ട് ചോദിക്കുവാ, ഞങ്ങള് വന്നാൽ അവിടെ രക്ഷപ്പെടുമോ?, ഞങ്ങക്ക് ഇപ്പഴത്തെ അവിടുത്തെ കൾച്ചർ ഒന്നും അറിയില്ല. ചെറുപ്പത്തിലെ പോന്നതല്ലേ. ഞങ്ങടെ ചിന്ത ഇപ്പോഴും കുറച്ചു സ്ട്രെറ്റ് ഫോർവേഡാ. നാട്ടിലെ വളഞ്ഞ വഴിയൊന്നും പെട്ടെന്ന് മനസ്സിലാകില്ല. മനുഷ്യര് കളിപ്പിക്കുമോന്നു പേടിയാ.'

'എടീ മര്യാദക്ക് അവനവൻറെ കാര്യം ബുദ്ധിപൂർവ്വം നോക്കി നടക്കുന്നോന് ഒരു കൊഴപ്പോം ഇല്ല.' ചേച്ചി.

'ഇവിടെ ഒരാള് നാട്ടിലെ വാർത്തകള് കണ്ടിട്ട് ചോദിക്കും, ആ നാട്ടിൽ ഇനിയും എന്തെങ്കിലും നന്മകൾ ബാക്കിയുണ്ടാവുമോ?' എന്ന്.

'വന്നു നോക്ക്, അല്ലാതെ ഞാൻ എന്തോ പറയാനാ, ഞങ്ങളൊക്കെ ഇവിടല്ലേ ജീവിക്കുന്നേ.'

തറവാടു വീടും അച്ഛനും അമ്മയും പോയതിനുശേഷം നാട്ടിലങ്ങനെ പോകാറില്ല. നമ്മെയും കാത്ത് ഇരിക്കാൻ അവിടെ ആരുമില്ല എന്നൊരു തോന്നൽ. പത്തു വർഷത്തിനു ശേഷം ഇപ്പോൾ ഒന്നു പോയി വന്നു. ഒരു ഒറ്റുകാരെൻറെ മനസ്സുമായി.

നഗരങ്ങളിൽ സമ്പൽസമൃദ്ധി. മനുഷ്യരുടെ കൈയിൽ നിറയെ കാശ്. മുന്തിയ കാറുകൾ. നല്ല വസ്ത്രധാരണം. മൊബൈൽ ഫോൺ എവിടെയും സുലഭം. ഒരാൾക്ക് രണ്ടും മൂന്നും വീതം മണിമാളികകൾ, കൂറ്റൻ അപ്പാർട്ട്മെൻറ് സൗധങ്ങൾ, കവലകളിൽ നടന്നു നീങ്ങുന്ന അന്യഭാഷാ തൊഴിലാളികൾ, വലിയ മാളുകൾ, ഐടി പാർക്കുകൾ, ആഡംബര ഹൗസ് ബോട്ടുകൾ, വലിയ ആശുപത്രികൾ, വീടുകളിൽ രണ്ടും മൂന്നും വിദേശ ബ്രാണ്ട് കാറുകൾ.

'സാറേ, ഇപ്പോ അവിടെ കിട്ടുന്നതെന്തും ഇവിടേം കിട്ടും.' സൂപ്പർ മാർക്കറ്റിലെ സെയിൽസ്മാൻ. അത് ശരിയാണെന്ന് തോന്നി.

ഗ്രാമങ്ങളിലേക്ക് ഒന്നൊളിഞ്ഞു നോക്കി. വലിയ മാറ്റമൊന്നുമില്ല. പഴയ ഗ്രാമീണ കവലകൾ അതു പോലെ തന്നെ. ചായക്കടയും, മുന്നിലെ ബഞ്ചും, ഉമ്മറത്ത് തൂങ്ങിയാടുന്ന പഴക്കുലയും, അലമാരിയെ അലങ്കരിച്ചിരിക്കുന്ന വടയും, പഴം റോസ്റ്റും, ബോളിയും, പുട്ടും. ബഞ്ചിലിരുന്നു സൊറയും രാഷ്ട്രീയവും പറയുന്ന ഒരു ചെറിയ പറ്റം മനുഷ്യർ. എൺപതുകളിലെ കാഴ്ച തന്നെ.

യുവജനങ്ങളെ ചിലർ ന്യൂജനറേഷൻ അഥവാ ന്യൂജെൻ, ഫ്രീക്കന്മാർ എന്നൊക്കെ വിളിക്കുന്നു എന്ന് മനസ്സിലാക്കി. പുതിയ തലമുറ. അവർ കുഴപ്പക്കാരത്രേ. ബർഗറും പിസ്സായും ഇഷ്ടപെടുന്നവർ, പടിഞ്ഞാറൻ സംസ്ക്കാരം മനസ്സാവരിക്കാൻ വെമ്പുന്നവർ. സ്ത്രീസമത്വം ആഗ്രഹിക്കുന്ന പുതിയ തലമുറ പെൺകുട്ടികളെ ജനം 'ഫെമിനിച്ചികൾ'എന്ന് ആക്ഷേപിച്ച് വിളിക്കുന്നതായി കേട്ടു.

പക്ഷേ നാട്ടിലെ മനുഷ്യനിലെ നന്മ അളക്കാൻ ആ ഹ്രസ്വ സന്ദർശനം കൊണ്ട് എനിക്ക് കഴിഞ്ഞില്ല. ഞാൻ ഇനിയും ഏറെ ദൂരം പോകേണ്ടിയിരിക്കുന്നു.

രണ്ടു വർഷത്തിനു ശേഷം...

പ്രവാസത്തിനു വിരാമമിട്ട് ഞങ്ങൾ ജനിച്ച മണ്ണിൽ എത്തുക തന്നെ ചെയ്തു. പിറന്ന നാടിൻറെ, രക്ത ബന്ധങ്ങളുടെ വിളി അത്ര കടുത്തതായിരുന്നു.

അപ്പാർട്ടുമെന്റിൻറെ പുതുക്കൽ പണി കോൺട്രാക്റ്റ് കൊടുത്തു. പെങ്ങളുടെ വീട്ടിൽ തൽക്കാലം താമസം. എൻറെ ഒരേ ഒരു പെങ്ങൾ. ഒരേ ഒരു മകളും കുടുംബവും അമേരിക്കയിൽ. അവിടെ പഠിക്കാൻ പോയ മകൾ സായിപ്പിനെ കെട്ടിയേപ്പിന്നെ നാട്ടിലോട്ടു വലിയ വരവൊന്നുമില്ല. കൊച്ചുമക്കളെ കൊണ്ടു വരാറില്ല. അതിന് അവർക്ക് കടുത്ത പ്രതിഷേധവും ദുഃഖവും ഉണ്ട്.

യാത്രാക്ഷീണം കൊണ്ട് പിറ്റേ ദിവസം ഞങ്ങൾ എഴുന്നേറ്റപ്പോൾ സൂര്യൻ പകുതി വഴി സഞ്ചരിച്ചു കഴിഞ്ഞിരുന്നു.

'അളിയനെവിടെ?'.

'ഇവിടെ വേലയ്ക്കു നിക്കുന്ന ആസ്സാമി കൊച്ചിന് രാത്രിയിൽ പ്രസവ വേദന തുടങ്ങി. പാതിരാത്രി അതിനേം കൊണ്ട് ഹോസ്പ്പിറ്റലിൽ പോയതാ' പെങ്ങൾ.

'ഇവിടെ വീടിൻറെ ഒരു വശത്ത് താമസിക്കാൻ സൗകര്യം കൊടുത്തിരിക്കുവാ. അവൾ തെസ്യാ എന്നെ അടുക്കളേൽ സഹായിക്കും, ഭർത്താവ് പീറ്റർ പുറം പണിയൊക്കെ ചെയ്യും. അവടെ രണ്ടാമത്തെ പ്രസവമാ.'

'ആദ്യത്തേത് പെൺകുട്ടിയാ, ഇസ, അഞ്ച് വയസ്സ്. അവളെ ഞങ്ങടെ ബെഡ്റൂമിൽ കൊണ്ടു കെടത്തീട്ടാ അവര് ആശൂത്രീലോട്ടു ഓടിയേ.
ഞാൻ ഇപ്പം പോയി നോക്കി. അവള് എഴുന്നേറ്റിട്ടില്ല. ഒരു കലപിലയാ. എഴുന്നേറ്റു വരുമ്പം കേക്കാം ഓരോ പുകിലു പറച്ചില്. മലയാളത്തിലും ഹിന്ദിയിലും. അവൾ ഞങ്ങക്കിപ്പം കൊച്ചു മോളെപ്പോലാ.' സ്വന്തം കൊച്ചുമകളെ താലോലിക്കാൻ അവസരം നിരസിച്ച ഒരു വല്യമ്മയുടെ ദുഃഖം ആ വാക്കുകളിൽ എവിടെയോ നിഴലിച്ചതായി തോന്നി.

പെങ്ങളുടെ ഭാവ പ്രകടനങ്ങളിൽ നിന്നും ആ വടക്കു കിഴക്കൻ ഇൻഡ്യാക്കാരോടുള്ള സ്നേഹത്തിൻറെ നീരൊഴുക്കുകൾ എനിക്ക് അനുഭവിക്കാമായിരുന്നു.

'ദൂസരാ ബേട്ടാ, ദൂസരീ ബേട്ടി, ദൂസരീ പോത്തി, എന്നാ അവരെ മൂന്നിനേം പുള്ളിക്കാരൻ വിളിക്കുന്നേ. സ്വന്തം പോലാ പിള്ളാരേ നോക്കുന്നേ, ജീവനാ.'

'നല്ല മനുഷ്യരാ, ഒരു കൊഴപ്പോം ഇല്ല. ഞങ്ങളിപ്പോ ഹിന്ദി പഠിക്കുവാ.' അടുക്കളയുടെ കൗണ്ടർ ടോപ്പിൽ വെച്ചിരിക്കുന്ന ഹിന്ദി മലയാളം നിഘണ്ടു ഉയർത്തി കാണിച്ചുകൊണ്ടു പെങ്ങൾ.

'തെസ്യായ്ക്ക് രണ്ടു മാസം പ്രസവാവധി കൊടുക്കാമെന്നു വിചാരിക്കുവാ. ക്ഷീണമൊക്കെയൊന്നു മാറട്ടെ. ഇപ്പോൾ ഞങ്ങൾക്ക് ഒരു സഹായി ഉണ്ട് വൽസ. നേരത്തെ ഞങ്ങടെ കൂടെ നിന്നതാ, ഇപ്പഴും ആവശ്യമുള്ളപ്പോൾ ഓടി വരും.' പെങ്ങൾ.

പറഞ്ഞുകൊണ്ടിരുന്നപ്പോൾ തന്നെ വൽസ ചായയുമായി എത്തി. ഒരു മധ്യവയസ്ക്ക. സാരിയാണ് വേഷം. കഴുത്തിൽ ചുറ്റിയ വെള്ള തോർത്ത്.

'വൽസയുടെ കാര്യം ഇപ്പോൾ പറഞ്ഞേയുള്ളു, ഇവിടെ അടുത്താണോ താമസം?.' ഞാൻ.

'വല്യ ദൂരമില്ല, അര മണിക്കൂർ ബസ്സിൽ.'
'മക്കളൊക്കെ?'

'ഒറ്റ ഒരു മോനെ ഒള്ളാരുന്നു, അവനങ്ങ് നേരത്തെ പോയി.' അവരുടെ മുഖത്ത് പെട്ടെന്ന് മിന്നി മറഞ്ഞ ദുഃഖ ഭാവങ്ങൾ ഞാൻ ശ്രദ്ധിച്ചു. 'നീ പോയി ബ്രെയ്ക്ക്ഫാസ്റ്റ് റെഡിയാക്ക്.'

അവളെക്കൊണ്ട് കൂടുതൽ സങ്കടങ്ങൾ ഒന്നും പറയിപ്പിക്കണ്ട എന്ന് കരുതിയാവാം പെങ്ങൾ അവളെ വേഗം അകത്തേക്ക് വിട്ടു. 'കൊച്ചായിരുന്നപ്പം വെള്ളപ്പൊക്ക സമയത്ത് കൂട്ടുകാരെല്ലാം കൂടി വള്ളത്തിൽ പോയതാ, അഞ്ച് പേരുണ്ടാരുന്നു, വള്ളം മുങ്ങി, അവൻ മാത്രം പോയി.'

'ആ പിള്ളാർക്കൊക്കെ ഇപ്പം മുപ്പതു മുപ്പത്തഞ്ചു വയസായി. എല്ലാം കൂലിപ്പണിയൊക്കെയാ. അവര് അഞ്ചുപേരും ചേർന്ന് വൽസേടെ അക്കൗണ്ടിൽ മാസം മാസം ഒരു തുക ഇടും. അതുകൊണ്ടാ അവള് ജീവിക്കുന്നെ.'

'ശരിക്കും, ഇറ്റ് ഈസ് വെരി നയിസ് ഓഫ് ദം ടു ടൂ ദാറ്റ്.' ഞാൻ.

'അവന്മാർക്ക് ഇപ്പോഴും കുറ്റബോധമാ, വെറുതെ വീട്ടിൽ ഇരുന്ന അവനെ മഴെത്തു വലിച്ചിറക്കി കൊണ്ടുപോയതാ, ഇടവപ്പാതി മഴ ആഘോഷിക്കാൻ. അവക്ക് വരുമാനം കുറവാ, വൽസേടെ ഭർത്താവ് സുഖമില്ലാതെ വീട്ടിൽ ഇരിക്കുകേമാ'.

എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇക്കാലത്തും ഇങ്ങനെയുള്ള യുവാക്കളോ? ഇവരാണോ ഞാൻ കേട്ട ലക്ഷ്യബോധമില്ലാത്ത ന്യൂജെൻ യുവാക്കൾ?

വൽസ കൊണ്ടു വെച്ച ഏത്തക്കാ ഉപ്പേരിയും ചായയും കഴിക്കുമ്പോൾ പെട്ടെന്നാണ് ഒരു മനുഷ്യൻ വരാന്തയിലേക്ക് കയറി വന്നത്. ഒരു അറുപതു വയസ്സ് പ്രായം. പ്രായം വിളിച്ചോതുന്ന വെള്ളി രേഖകൾ അവിടവിടെ തിളങ്ങുന്നു.

'കോരുത് ചേട്ടാ, വാ, ഇരിക്ക്. ഞങ്ങടെ അയൽവാസിയാ, സൗത്ത് ഇന്ത്യൻ ബാങ്കിലാരുന്നു, ഇപ്പോൾ റിട്ടയർ ചെയ്തു'. പെങ്ങൾ. 'ഇന്നൊരു വല്ല്യ സംഭവം ഒണ്ടായി'. കൈയിൽ ഇരിക്കുന്ന കുറെ രൂപ നോട്ടുകൾ ഒതുക്കി വെച്ചുകൊണ്ട് അദ്ദേഹം സംസാരിച്ചു തുടങ്ങി.

'അതെന്താ?' പെങ്ങൾ. 'ഞങ്ങൾ കഴിഞ്ഞ മാസം കണ്ണൂര് വരെ ഒന്നു പോയിരുന്നു. ഒരു കല്യാണത്തിന്. പെങ്ങളും കുടുംബോം ഒണ്ടാരുന്നു. ഒരുമിച്ച് ഫസ്റ്റ് ക്ലാസ്സ് ടിക്കറ്റെടുത്താ മലബാർ എക്സ്സ്പ്രസിനു പോയത്. കൊച്ചു മക്കൾ നിർബന്ധിച്ചിട്ട് അവർ അവിടുന്ന് കൂർഗിനു പോകാൻ തീരുമാനിച്ചു. ഞങ്ങൾ തിരികെയും'.

'അവസാന നിമിഷത്തിൽ ടിക്കറ്റ് ക്യാൻസൽ ചെയ്യാനുള്ള സമയമില്ലാരുന്നു. റെയിൽവേ സ്റ്റേഷനിൽ ഞങ്ങടെ പെട്ടി ചുമന്ന മൊയ്തു എന്ന പോർട്ടറോട് ഞാൻ ഈ കാര്യം പറഞ്ഞു. അയാൾ ഒന്നുകിൽ ക്യാൻസൽ ചെയ്ത് കാശ് വാങ്ങുകയോ അല്ലെങ്കിൽ ആർക്കെങ്കിലും കൊടുത്തിട്ട് പണം വാങ്ങുകയോ ചെയ്ത് എനിക്ക് അയച്ചു തരാമെന്നു പറഞ്ഞു. ഒരു പരിചയവുമില്ലാത്ത അയാളെ ഞങ്ങൾ വിശ്വസിച്ചില്ല. പാവമല്ലേ, വിറ്റിട്ട് എന്തെങ്കിലും കിട്ടിക്കോട്ടെ എന്ന് വിചാരിച്ച് അവസാനം ടിക്കറ്റു കൈയ്യിക്കൊടുത്തു. അയാള് നിർബന്ധിച്ചപ്പോ എൻറെ അഡ്രസ്സും കൊടുത്തു'.

'ദാ നോക്ക് ഈ മണിയോർഡർ, അയക്കുന്നെൻറെ കൂലി ഒഴികെ മുഴുവൻ പൈസേം. ഇത് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല. ഇക്കാലത്തും നമ്മടെ നാട്ടിൽ ഇങ്ങനെയുള്ള നല്ല മനുഷ്യരോ?'

ഇപ്പോഴും നടുക്കം മാറാതെ അദ്ദേഹം ആ രൂപാ നോട്ടുകൾ അലക്ഷ്യമായി എണ്ണിക്കൊണ്ടിരുന്നു.

വിശ്വസിക്കാനാവാതെ ഞാൻ കോരുതേട്ടൻറെ മുഖത്തേക്ക് തന്നെ നോക്കിയിരുന്നു. നാട്ടിലെ നന്മയുടെ തോത് അളക്കാൻ അളവുകോലുമായി നടക്കുന്ന എൻറെ മുന്നിലേക്ക് ഓരോ ദൃഷ്ടാന്തങ്ങൾ വന്നു ഉൽക്ക പോലെ പതിക്കുന്നു. അല്ലെങ്കിൽ ആരോ ചൂണ്ടിക്കാട്ടി തരുന്നതുപോലെ.

ഞങ്ങൾ വർത്തമാനം പറഞ്ഞിരിക്കുമ്പോൾ അളിയൻ എത്തി.

'പീറ്റർ അവിടെ ഇരിക്കുവാ. അവക്ക് ചിലപ്പം സിസേറിയൻ വേണമെന്നാ ഡോക്ടറു പറെന്നേ, അല്ലാതെ ശ്രമിച്ചിട്ട് അറ്റ കൈക്കെ സിസേറിയൻ ചെയ്യൂ. പാവം വേദന തുടങ്ങീട്ട് ഇപ്പം മണിക്കൂറു നാലായി. പാവം കൊച്ചാകെ ക്ഷീണിച്ചു'.

'അവടെ ബ്ലഡ് ഗ്രൂപ്പ് എബി നെഗറ്റീവാ, റെയർ ഗ്രൂപ്പാ. അതു ഹോസ്പിറ്റലിൽ സ്റ്റോക്ക് ഇല്ല, അതും ഇനി സംഘടിപ്പിക്കണം.' അകലത്തിൽ വിരിച്ച കൈവിരലുകൾ മുടിയിഴകളിലൂടെ ഓടിച്ചു കൊണ്ട് അളിയൻ.

അളിയൻ ഫോണിൽ കുറെ സമയം ആരോടൊക്കയോ സംസാരിക്കുന്നത് കേട്ടു.

'സെമിനാരിലെ ഒരു ചെമ്മാച്ചൻ സഹായിക്കാമെന്നു പറഞ്ഞു. അവിടെ പോയി അച്ചനെ കൂട്ടി ഹോസ്പിറ്റലിൽ പോണം. പോന്ന വഴി ബാങ്കിലും ഒന്ന് കേറണം. ഹോസ്പിറ്റലീന്നെറങ്ങുമ്പം ബില്ല് ഒരു അൻപതെങ്കിലും ആകും'.

'ഈ ചെലവ് അവരെടെ ശമ്പളത്തീന്നു പിടിക്കുമാരിക്കും അല്ലെ'. ഞാൻ. 'ഓ അതൊന്നുമില്ല. ഇതൊക്കെ നമ്മടെ ഒരു ചൊമതലയല്ലേ, വല്ല നിവർത്തീം ഒണ്ടാരുന്നേൽ ഇതുങ്ങളൊക്കെ ഇത്രേം ദൂരത്തു വന്നു കെടക്കുമാരുന്നോ? ഇവരടെ ശമ്പളം മുഴുവൻ തൊടാതെ ഒന്നാന്തിയ തോറും നാട്ടിലോട്ടയക്കുവാ, നാട്ടിൽ അതും നോക്കി കാത്തിരിക്കുന്ന കൊറേപ്പേരുണ്ട്'. പെങ്ങൾ.

'ചിലപ്പോൾ ഇതൊക്കെ നമ്മടെ ഒരു കടമയായിട്ടു തോന്നും. നമ്മളെ സഹായിക്കാൻ അന്യദേശത്തൂന്നു വന്നു കിടക്കുവല്ലേ'. അളിയൻ.

അളിയൻ കാറെടുത്തു വേഗം പോയി. ഞങ്ങൾ ഒരുറക്കം കൂടി ഉറങ്ങി എഴുന്നേറ്റു വന്നു. യാത്രാ ക്ഷീണം ഇനിയും മാറിയിട്ടില്ല. നേരം ഒരു മണിയായി.

'പുള്ളിക്കാരൻ ഇപ്പം വിളിച്ചിരുന്നു. ത്രേസ്യാ പ്രസവിച്ചു. ആൺകുട്ടി. സിസേറിയൻ ആരുന്നു. ഞാനും കൂടി അങ്ങോട്ട് ചെല്ലാൻ പറഞ്ഞു'. പെങ്ങൾ.

'നിങ്ങൾ എഴുന്നേറ്റിട്ടു പോകാമെന്ന് വിചാരിച്ചു'.

'ഞങ്ങളും കൂടി വരാം, ഇനി കിടന്നാൽ ഒറക്കോം വരില്ല'. പെങ്ങളുണ്ടാക്കിയ കാപ്പി വലിച്ചു കുടിച്ചു കൊണ്ടു ഞാൻ. ഓപ്പറേഷൻ തിയറ്ററിൻറെ മുൻപിലുള്ള ജനക്കൂട്ടത്തിനിടയിൽ അളിയനെ തിരഞ്ഞു. അവസാനം ഒരു ബഞ്ചിൻറെ മൂലയിൽ കണ്ടെത്തി.

'ആ പീറ്ററിന് പെട്ടെന്നൊരു തല കറക്കം, ടെൻഷൻ കൂടിയതാണെന്നാ തോന്നുന്നേ. പ്രെഷറു നോക്കാൻ കൊണ്ടു പോയിരിക്കുവാ, കൊച്ചിനേം കൊണ്ടു നേഴ്സ് വന്നു വിളിച്ചപ്പം ഞാനേ ഒള്ളാരുന്നു, ഞാനിങ്ങു വാങ്ങിച്ചു വെച്ചു'.

'നീ തേൻ കൊണ്ടുവന്നോ, നിൻറെ മോതിരം അതിൽ ഉരച്ചു കുഞ്ഞിൻറെ നാക്കിൽ വെച്ചു കൊട്'.

നാക്കിൽ തൊട്ടു കൊടുത്ത തേനിൻറെ മധുരം നുണഞ്ഞ് വെളുത്ത തുണിയിൽ പൊതിഞ്ഞ ചുവപ്പു തുടിക്കുന്ന ആരുടെയോ ആ കുട്ടിയെ നോക്കി സായൂജ്യമടക്കിയിരിക്കുന്ന ആ ദമ്പതികളെ നോക്കി ഞങ്ങൾ നിന്നു. 'പീറ്റർ ആരാ'?. തിയറ്ററിൻറെ വാതിൽ തുറന്നു ഇറങ്ങി വന്ന നേഴ്സ്. 'അവനപ്പൊറത്തേക്ക് പോയിരിക്കുവാ'.

'നിങ്ങളാരാ അയാടെ?', അവർ.

'അച്ഛനാ'. അളിയൻറെ മുഖത്തെ തിളക്കം ഞാൻ ശ്രദ്ധിച്ചു. 'ഈ മരുന്ന് ഫാർമസീന്നു വാങ്ങിക്കോണ്ടു വരണം' 'ശരി, മോക്ക് എങ്ങനുണ്ട്?' 'മയക്കം തെളിഞ്ഞിട്ടില്ല'. അളിയൻ ആ കുറിപ്പ് കൈനീട്ടി വാങ്ങി ഫാർമസിയിലേക്ക് ഓടി.

വെളുപ്പിന് ഞങ്ങൾ തിരികെ പോരുമ്പോഴും അദ്ദേഹം ഉറക്കമിളച്ചു തിയറ്ററിൻറെ വാതിൽക്കൽ ഇരിക്കുന്നു. തൻറെ 'ദൂസരീ ബേട്ടി' യുടെ വരവും കാത്ത്.

നാലുദിവസം കഴിഞ്ഞ് രാവിലെ...

'എടാ പീറ്ററെ, ഈ കട്ടിലുകൂടി നിങ്ങടെ മുറീൽ കൊണ്ടിട്, കുഞ്ഞിനെ ഇടക്കൊന്നു മാറ്റി കിടത്താമല്ലോ'. ലിവിംഗ് റൂമിൻറെ കോണിൽ കിടന്ന തടിക്കട്ടിൽ ചൂണ്ടിക്കാണിച്ചു കൊണ്ട് അളിയൻ.

'അപ്പച്ചൻറെ കട്ടിലാരുന്നു, ഈയിടെയൊന്നു പുതുക്കി.' അതു മുറിയിൽ കൊണ്ടിടാൻ ഞാൻ പീറ്ററിനെ സഹായിച്ചു.

'മേം സാബ്, അപ്പാ വെരി കൈൻണ്ട്, കേരളാ പീപ്പിൾ വെരി നൈസ്'. ഞാൻ തിരികെ നടക്കുമ്പോൾ തോളിലിട്ടിരിക്കുന്ന ചുവന്ന തോർത്തെടുത്ത് കുടഞ്ഞു തിരികെ ഇടുന്നതിനിടയിൽ ഹിന്ദിയിലും മുറി ഇംഗ്ലീഷിലും അവൻ. അവൻറെ കണ്ണുകളിൽ കൃതാർത്ഥതയുടെ ഒരു തിളക്കം ഞാൻ കണ്ടു.

'അളിയാ, ഞാൻ ഇന്ന് അപ്പാർട്ടുമെന്റിൻറെ പണി നോക്കാൻ പോകുവാ, പെങ്ങള് ടാക്സി പറഞ്ഞിട്ടൊണ്ടേ'. രാവിലെ ഉണർന്നെഴുന്നേറ്റു വന്ന ഞാൻ.

പുറത്തു മഴ തിമിർത്തു പെയ്യുന്നു. കാറിൻറെ വൈപ്പർ തെളിയിക്കുന്ന പാതയിൽ തെങ്ങിൻ തോപ്പുകളും ആറും തോടും വയലേലകളും കുരിശു പേറുന്ന പള്ളികളും, വാങ്കുവിളി ഉയരുന്ന മോസ്ക്കുകളും, അലങ്കാരം വഹിക്കുന്ന ക്ഷേത്രങ്ങളും താണ്ടി ചില ബാല്യകാല ഓർമ്മകൾ അയവിറക്കി ഞങ്ങൾ സഞ്ചരിച്ചു കൊണ്ടേയിരുന്നു.

'ഈ നാട്ടിൽ കൊറച്ചു നന്മകൾ ഇപ്പോഴും ബാക്കിയുണ്ട് അല്ലെടീ?.' ഞാൻ.

അവൾ പുറം കാഴ്ചകളിൽ മുഴുകിയിരുന്നു, കണ്ണെടുക്കാതെ. ഒന്നും ഉരിയാടാതെ... ഉത്തരം സ്വന്തം മനസ്സിൽ വെച്ച് തന്നോട് എന്തിനാണ് ചോദിക്കുന്നതെന്ന ഭാവേന... ■



# "When you wish upon a star...

**"Every evening Kamala and I would pluck flowers from the jasmine bushes, taking care to pluck only the fat buds that were ready to open the same night. I liked to watch her making a strand of flowers using a long, moist string of banana fiber."**



-Sudha Menon

*When you wish upon a star...makes no difference who you are*
*Anything your heart desires will come to you...*

The above lyrics of a song from the popular Disney movie 'Pinocchio' took me back to my childhood days when Kamala lived with us. I was around ten years at that time and she might have been in her late teens or early twenties. She had been our resident house help for quite some time by then. I remember the cook mentioning that she was just a chit of a girl when she came to live with us, but had grown like a weed after the rains. Anyway, I remember Kamala as a young lady who loved to look at the mirror, jingle glass bangles on her wrists and wear flowers in her hair. She also loved to feel my mother's silk sarees and sniff at her perfumes when amma was not around.

"I think Kamala is pretty," once I told my mother.

"That she is, but the problem is she knows it only too well," my mother observed grimly.

I wondered why that was a problem but did not say anything. When my mother made this sort of observations, she did not like me questioning her.

Kamala used to oil, brush and braid my hair every evening. After massaging my hair with scented hair oil, she would rub her own arms with the oil remaining on her palms. She would then hold her arms against light and admire the oil glinting. She would also hold her upturned palms to her face and inhale the scent deeply.

Every evening Kamala and I would pluck flowers from the jasmine bushes, taking care to pluck only the fat buds that were ready to open the same night. I liked to watch her making a strand of flowers using a long, moist string of banana fiber. We were not supposed to smell the flowers as the flower strand was for the puja room. But when the strand was long enough, Kamala would sneak the remaining handful of jasmine buds inside her blouse. She told me that they would open late in the night when she was in bed and she could inhale their perfume all through the night.

Kamala had a regular visitor from her village who came promptly on the first of each month to collect her salary on behalf of her family. His name was Madhavan, a distant relative of hers who worked in some sort of machine shop. He told me so when I once questioned him about the black grease stains on his fingers and feet.

"Yuk," said Kamala expressing her disgust when Madhavan explained that it was the oil from the machines he repaired.

Madhavan's clothes also had oil stains and his thin face always had a stubble as if shaving was just an occasional habit with him. His thinning hair was unruly and he had an unpleasant smell, probably a mixture of grease and the beedis he smoked. He also had a slight stammer, so if you ask him a question, there was a discernible pause before he answered, as if he had to gather his thoughts first and then the words. He seemed to be fond of Kamala, but she made no secret of the fact that she did not think much of him.

"He likes you, he will be a good match for you," once our cook told Kamala.

"Ha, ha..." She laughed. "If you like him all that much, you can have him."

"This girl has her head in the clouds," the cook muttered. "You think a prince will come to marry you".

"I am not going to marry that vikkan (stammerer). When I marry, it may not be a prince but he will be a real man, you will see." Kamala retorted haughtily.

"Kamala, are you going to.....", I piped in, but did not get to complete the sentence as Kamala rolled her eyes and hushed me silently.

I think she guessed that I was going to mention Raghu. That was supposed to be a secret between me and her. He was our neighbour's driver who had the habit of bumping into us on the side street while Kamala walked me to and from my dance class. He would walk with us till the main road and from the way Kamala smiled and talked, it was obvious that she liked his company. He always wore clean pants and shirt and his oily hair was neatly combed. He was clean-shaven except for a very thin mustache that looked as if it was drawn with a pencil. While he and Kamala chatted furtively, her wide eyes would be darting about and she would often turn her head to look behind to make sure nobody she knew was in the vicinity. Sometimes if there were others on the street, Raghu would fall a few steps behind us and walk, whistling softly the tune of some film song.

Kamala had made me promise that I would not mention these meetings to anybody at home or my mother would send her away, she said.

"Why would she do that," I asked. "Because grown-up girls are not supposed to make friends with men", she said.

"Do you talk to him because you like him?", I wanted to know.

"Yes baby, I like him," she whispered. She squeezed my hands tightly and I could feel the sharp intake of her breath and the tremor that passed through her body to mine.

"Will you go away when you marry him? " I asked. I had read enough fairy tales to know that when grown-up girls and boys fell in love, they ended up getting married and living happily ever after.

She laughed and said.

"Yes baby. When we get married we will go and live in our own house. It will be a small little house with whitewashed walls and a window to let sunlight in. I like lots of light. l will grow jasmine bushes all around so I can wear flowers on my hair every day."

"Even poor people can have dreams, can't they?" She said softly. “Can we ever make our dreams come true”, I asked her.

“Yes, if you wish upon a star,” she said, “a falling star”.

I remember many nights when I would sit on the veranda gazing at the, hoping to see a falling star so I could make a wish on Kamala’s behalf. Then one day I came back from school and learned that Kamala had gone back to her house in the village without even saying goodbye to me. I did not get a clear answer from my mother as to why she left so suddenly and why she would not be coming back. From the conversations I overheard, I gathered that she had been sent away by my mother and it had to do something with her friendship with Raghu. Somehow her secret had been revealed.

A few months passed and one day when I returned from school, Kamala was there at my house. She said she had come for a visit and was waiting for me to get back from school. She looked more grown-up and somehow different. She was wearing a red nylon sari with gold specks on them and had a large red bindi on her forehead.

She sat with me on the steps of the veranda.

“Kamala, your sari is pretty,” I told her. “Where were you all these days?”

“I was in my village,” she said. “You know baby, I got married.” “You did!” I asked her in surprise. “Raghu came there and married you?”

Kamala quickly covered my mouth and looked behind to see if anybody had heard me. Then she laughed. “I married Madhavan,” she said. I looked at her in surprise. “But Kamala, you said you did not like him and would never ever marry him,” I reminded her.

“I know baby. But I had to, because my father owed him some money and he said he will set it off if I marry him. I did it for my family.”

“But that is ok, I am happy,” she continued. “You are?” I was confused.

“Oh yes,” she said. “He looks after me well. See, he bought me this sari and these bangles and even this,” She turned her head and showed me the wilting strand of jasmine flowers on her braided hair.

“And what about your dream house?” I asked her.

“Baby, you still remember all that?” She laughed as if that conversation had happened in another life.

“May be, one day. Who knows,” she said.

Later that evening, Madhavan came to take her back. I had thought he would look different, but he looked the same as before – the unruly hair, stubble, greasy shirt and all.

Soon after that, my father got transferred and we moved to another city. I never saw Kamala again.

Today, the song on the radio took me back to Kamala’s dream - her house with whitewashed walls and jasmine bushes all around. ■



# എസ്തപ്പാൻ



-Bijoy Chandran

''കാട്ടിൽ നിന്നും ഏതൊക്കെയോ രാപ്പക്ഷികളുടെ കൂവൽ. തണുപ്പ് കാരണം കൈവിരലൊക്കെ മരച്ചു. ഉറങ്ങാൻ പറ്റാതെ ഞാൻ കിടന്നു വിറച്ചു. അന്നേരം  കട്ടിലിന്റെ ചുവട്ടിൽ നിന്നും എസ്തപ്പാന്റെ കരച്ചിൽ കേട്ടു.''

വല്യമ്മച്ചിയോടൊപ്പം മലമുകളിലെ ആ ഒറ്റപ്പെട്ട വീട്ടിൽ എസ്തപ്പാൻ എന്ന വളർത്തുപൂച്ച മാത്രമായിരുന്നു അന്തേവാസി. ഹൈറേഞ്ചിലെ പെരുങ്കോടയിറങ്ങുന്ന ഒരു കുന്നിന്റെ വക്കത്തായിരുന്നു വല്യമ്മച്ചീടെ വീടിരുന്നത്. കുരുമുളകിന്റെയും ഏലക്കായയുടെയും മണമായിരുന്നു ആ വീടിന്. അവിടെ വല്യമ്മച്ചിയ്ക്ക് കൂട്ട് എസ്തപ്പാൻ മാത്രം. തൊടിയിലും അടുക്കളയിലും ഒക്കെ ഓരോ പണികളുമായി നടക്കുമ്പോൾ വല്യമ്മച്ചി എസ്തപ്പാനോട് എന്തെങ്കിലുമൊക്കെ മിണ്ടിപ്പറഞ്ഞുകൊണ്ടിരിക്കും. വല്യമ്മച്ചിയുടെ മക്കളൊക്കെ ജോലി കിട്ടി എന്നേ നാടുവിട്ടു പോയിരുന്നു.

പറമ്പിന്റെ അതിർത്തിയിൽ ഓറഞ്ച് മരങ്ങൾ ചിലപ്പോൾ കായ്ച്ചു കിടന്നു. കാബേജ്, തക്കാളി തുടങ്ങി ഒട്ടുമിക്ക പച്ചക്കറികളും പറമ്പിൽ കൃഷി ചെയ്തിരുന്നു. കൊല്ലങ്ങൾക്ക് മുൻപ്, പട്ടാപ്പകൽ ആന ഇറങ്ങുന്ന ആ വനപ്രദേശത്ത് കായ കുറച്ചു ക്രിസ്ത്യാനികളോടൊപ്പം ചെന്നുപെട്ടതാണ് നാരായണൻ വല്യച്ഛൻ. അവരിലൊരാളുടെ പെങ്ങളെ ആണ് വല്യച്ഛൻ കെട്ടിയത്. അന്നത്തെക്കാലത്ത് അതൊന്നും ആരും കാര്യമാക്കിയില്ല.

മക്കളെല്ലാവരും വീട് വിട്ടു  പോയതോടെ അവർ രണ്ടുപേരും മാത്രമായി മഞ്ഞിൽ മറഞ്ഞിരുന്ന ആ വീട്ടിൽ. വല്ലപ്പോഴും അന്വേഷിച്ചു ചെല്ലുന്ന ബന്ധുക്കൾ രണ്ടു ദിവസം അവിടെ തങ്ങി ഒരു സഞ്ചി നിറയെ കുരുമുളകും ഏലക്കായയും ഓറഞ്ചുമായി കുന്നിറങ്ങും. ക്ലാസ്സില്ലാത്ത ചില ശനിയാഴ്ച്ചകളിൽ ചാച്ചൻ എന്നെ വെള്ളത്തൂവൽ രാജൻ എന്ന ലൈലാൻഡ് ബസ്സിൽ കയറ്റി ഹൈറേഞ്ചിന് വിടും.

''ഒന്നു പോയിട്ട് വാടാ'' എന്നു പറഞ്ഞ് ഒരു പത്തു രൂപാ നോട്ട് പോക്കെറ്റിൽ ഇട്ടുതരും.

എനിക്കാണേൽ വലിയ ഇഷ്ടമാണ് ഹൈറേഞ്ച് യാത്ര. കാടും പുഴയും കുന്നുകളും കോടമഞ്ഞും.. ഒക്കെ കണ്ട് ഒരുഗ്രൻ യാത്ര.പിന്നെ.. എസ്തപ്പാൻ എന്ന എന്റെ പ്രിയപ്പെട്ട പൂച്ചയും.

വല്യച്ഛൻ പെട്ടെന്ന് ഒരു ദിവസം മരിച്ചതിൽ പിന്നെ വല്യമ്മച്ചി അവിടെ ഒറ്റയ്ക്കായി.

ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ ആയിരുന്നു അത്.

ഇങ്ങു തറവാട്ടിലേക്ക് പോരേ എന്നു എല്ലാവരും പറഞ്ഞെങ്കിലും വല്യമ്മച്ചി പറഞ്ഞു, ''ഞാൻ ഇവിടെ തന്നെ കിടന്നോളാം.. ഇവിടെ ഞാൻ ഒറ്റയ്ക്കല്ലല്ലോ. എന്റെ എത്തപ്പാൻ ഉണ്ടല്ലോ...'' എന്ന്.

അങ്ങനെ ഒരു ദിവസം വെള്ളത്തൂവൽ രാജന് കയറി ഞാൻ വല്യമ്മച്ചിയെ കാണാൻ പോയി. ബസിന്റെ റേഡിയേറ്ററിൽ വെള്ളം തിളയ്ക്കുന്ന ഒച്ച കാടിനെ വട്ടം പിടിച്ചു. കുന്നുകൾ കയറിയിറങ്ങി ഉച്ചകഴിഞ്ഞപ്പോ ബസ് ചീവീടുകൾ ചെകിട്ട്

പൊട്ടിക്കുന്ന ഒരു കാട്ടുകവലയിൽ ചെന്നു ഇരമ്പി നിന്നു.

ബസ്സിറങ്ങിയാൽ കാട്ടുപാതയിലൂടെ അഞ്ചാറു കിലോമീറ്റർ നടക്കണം.

എനിക്ക് പക്ഷേ ആ നടപ്പ് വലിയ ഇഷ്ടം.

കാടിന്റെ ഗന്ധം. കാട്ടുചോലകൾ കുത്തിയലച്ച് ഉരുളൻ കല്ലുകൾക്കിടയിലൂടെ ഒഴുകുന്ന ശബ്ദം.

ഇടയ്ക്ക് മണ്ണുവഴിയ്ക്ക് കുറുകെ കലുങ്കിന ടിയിലൂടെ തല്ലിയലച്ച് കാട്ടു ചോലകൾ പാഞ്ഞു.

കലുങ്കിൽ ഇരുന്ന് വെള്ളി നിറമുള്ള ജലത്തെ നോക്കി.

മരക്കൊമ്പിൽ ഇരിക്കുന്ന പക്ഷികളുടെ വലിപ്പം എന്റെ കണ്ണു തള്ളിച്ചു. പക്ഷികളുടെ നീട്ടിയുള്ള ചൂളംവിളി കാടിനെ മുറിച്ചു.

വല്ലപ്പോഴും മാത്രം ഒരു ജീപ്പ് പൊടി പാറിച്ചു കയറ്റം കയറി പോയി.

വീടെത്തിയപ്പോൾ റോഡിൽ നിന്നു തുടങ്ങുന്ന അനേകം കുത്തുകല്ലുകളുടെ തുടക്കത്തിൽ തന്നെ എസ്തപ്പാൻ നിൽപ്പുണ്ടായിരുന്നു.

എന്നെ അവനു പണ്ടേ പരിചയമുണ്ട്.

''മ്യാവൂ...''അവൻ വർത്താനം പറയാൻ വന്നു. കാൽക്കൽ ഉരുമ്മി.

നിലത്തു കിടന്നുരുണ്ടു. എന്റെ കാലുകളിൽ അവൻ വട്ടം പിടിച്ചു. ഞാൻ എസ്തപ്പാനെ എടുത്തു.

അവൻ സ്നേഹം കൊണ്ട് കുറുകാൻ തുടങ്ങി.

എന്റെ നെഞ്ചത്തേക്ക് ഒരു പഞ്ഞിക്കുടം പോലെ എസ്തപ്പാൻ ചേർന്നിരുന്നു.

ഞാൻ അവന്റെ തലയിൽ തലോടി.അവൻ കണ്ണുകളടച്ചു.

വല്യമ്മച്ചിക്ക് എന്നെ കണ്ടപ്പോ ഭയങ്കര സന്തോഷം.

''ഹി, നീ വന്നോടാ കുട്ടപ്പാ'' ഞാൻ മുറ്റത്തു നിന്ന് ചിരിച്ചു. ''വാ'' വല്യമ്മച്ചി എന്റെ കൈ പിടിച്ചു.

ചുളിഞ്ഞ തൊലിയിൽ ചത്തു കിടന്ന ഞരമ്പുകൾ എന്റെ കയ്യിൽ ഉരുമ്മി. പാവം. ''എത്തപ്പാനെ എവിടെന്നു കിട്ടിയെടാ?'' അമ്മച്ചി ചിരിച്ചു.

എനിക്ക് ഒരു സ്റ്റീൽ പാത്രത്തിൽ ചോറും ചക്കക്കുരു കൂട്ടാനും വിളമ്പി.

എന്റമ്മോ എന്തൊരു രുചി. ഞാൻ ആർത്തി പിടിച്ചു അത് മുഴുവൻ അകത്താക്കി. ഇടയ്ക്ക് ചില ഉരുളകൾ അടുത്തിരുന്ന എസ്തപ്പാനും കൊടുത്തു.

മീൻ ഇല്ലാത്തതിന്റെ അതൃപ്തി കാണിച്ചെങ്കിലും വിശപ്പ് കാരണം അവൻ മെല്ലെ അത് തിന്നു.

ഇടയ്ക്ക് എന്നെ തല പൊക്കി നോക്കും. ദേഹത്തുരുമ്മും. രാത്രിയിൽ വീടിനെ മഞ്ഞു വന്നു പൊതിഞ്ഞു. തണുപ്പിറങ്ങിയിട്ട് ഞാൻ വിറച്ചു. അടുത്ത മുറിയിൽ നിന്നും വല്യമ്മച്ചിയുടെ ഉച്ചത്തിലുള്ള ശ്വാസമെടുപ്പ് കേൾക്കാം.

അമ്മച്ചി തന്ന കട്ടി കമ്പിളി കൊണ്ട് മൂടി പുതച്ചിട്ടും ഞാൻ ആസകലം വിറച്ചു. കറുത്തിരുണ്ട രാത്രി എന്നെ പേടിപ്പിച്ചു. കാട്ടിൽ നിന്നും ഏതൊക്കെയോ രാപ്പക്ഷികളുടെ കൂവൽ. തണുപ്പ് കാരണം കൈവിരലൊക്കെ മരച്ചു. ഉറങ്ങാൻ പ റ്റാതെ ഞാൻ കിടന്നു വിറച്ചു. അന്നേരം കട്ടിലിന്റെ ചുവട്ടിൽ നിന്നും എസ്തപ്പാന്റെ കരച്ചിൽ കേട്ടു. എസ്തപ്പാൻ മെല്ലെ കട്ടിലിൽ കയറി എന്റെ കമ്പിളിക്കടിയിൽ വന്നു കിടന്നു. എനിക്ക് വല്ലാത്ത സമാധാനമായി. അവന്റെ കുറുകൽ ഒരു സ്നേ ഹക്കരുതൽ പോലെ എന്നെ ചേർത്തു പിടിച്ചു. എന്റെ കൈകൾക്കിടയിൽ അവനും മുഖം ഒളിപ്പിച്ചു.

അവന്റെ ചൂട് പറ്റി ആ രാത്രി ഞാൻ സുഖമായി ഉറങ്ങി..ഒറ്റ രാത്രിയിലേക്കായി ഞാൻ ഒരു പൂച്ചക്കുഞ്ഞായി മാറി.

രാവിലെ എണീറ്റപ്പോൾ കനത്ത മൂടൽ മഞ്ഞ്.. മുറ്റം പോലും കാണാനില്ല. പിൻവശത്തു ചെന്നപ്പോൾ വല്യമ്മച്ചി അപ്പം ചുടുന്നു.വിറകടുപ്പിൽ നിന്നും പുക ഉയരുന്നു. അൽപനേരം അടുപ്പിന്റെ അരികിൽ നിന്ന് മരവിച്ച കൈകൾ ചൂടാക്കി.

ഞാൻ ഉമിക്കരി എടുത്ത് പല്ല് തേച്ചു. എസ്തപ്പാൻ ഇറയത്ത് ഒരു പന്ത് പോലെ ഇരുന്നു.

അവന്റെ അടുത്ത് പോയിരുന്നപ്പോൾ അവൻ ഇഷ്ടത്തോടെ ചേർന്നിരുന്നു.

അവന്റെ പളുങ്കു കണ്ണുകൾ ലോകത്തിലെ മുഴുവൻ സ്നേഹവും നിറച്ച് ഇടയ്ക്കിടെ എന്നെ നോക്കുകയും മ്യാവു എന്ന ശബ്ദം കൊണ്ട് മുഴുവൻ കാര്യങ്ങളും പറയുകയും ചെയ്തു.

''നീ പോരണുണ്ടോടാ എന്റെ കൂടെ?...'' അവൻ സന്തോഷത്തോടെ പറഞ്ഞു... ''മ്യാവു...'' വല്യമ്മച്ചി ചിരിച്ചു.

''അയ്യടാ മക്കളേ... ഇവനല്ലേ ഉള്ളു എനിക്ക്...''

ഞാൻ അവനെ നോക്കി. അവൻ വല്യമ്മച്ചി ചുടുന്ന കള്ളപ്പത്തിന്റെ മണം മൂക്കിൽ വലിച്ചു കയറ്റി ഇരിക്കുന്നു.

''ഇവനെ എനിക്ക് താ അമ്മച്ചീ'' ''പോടാ കുട്ടപ്പാ...'' അമ്മച്ചി ചിരിച്ചു.

അമ്മച്ചി ചൂടൻ കള്ളപ്പം പഞ്ചസാര ഇട്ട് കൊണ്ടു വെച്ചു. ഒരു ഗ്ലാസിൽ നിറയെ പാൽ ചായയും. ഞാൻ രുചി പിടിച്ച് അപ്പം കഴിച്ചു. ഇടയ്ക്ക് അവനും ഓരോ കഷ്ണം ഇട്ടുകൊടുത്തു.

വെയിൽ പരന്നപ്പോൾ ഞാൻ വെറുതെ പറമ്പിൽ കൂടി ഒന്നു കറങ്ങി നടന്നു. കാട് തൊട്ടടുത്ത്. കാടിന്റെ മണം. കൂടെ എസ്തപ്പാനും. അവൻ ഓരോ കാഴ്ചകൾ എനിക്ക് കാണിച്ചുതരും പോലെ മുന്നിൽ നടന്നു.

ഓറഞ്ച് മരം പൂവിടുന്നേയുള്ളു.

ഇടയ്ക്ക് ഒരു ഞാവൽ മരത്തിൽ നിന്നും പഴുത്ത കുറേ കായകൾ കിട്ടി.

വല്യമ്മച്ചിയുടെ കാബേജ് കൃഷി നോക്കി കണ്ടു. തക്കാളിയും വെണ്ടയും ഒക്കെ പാകമായ് നിൽക്കുന്നു. പറമ്പിലൂടെ ഓടിപ്പോയ ഒരു മത്തൻ വള്ളിയിൽ വലിയ മത്തങ്ങകൾ മൂത്തു കിടന്നു.

എസ്തപ്പാൻ എന്നെയും കൊണ്ട് കാടിന്റെ അതിരു വരെ എത്തി. വിവരം തിരക്കാൻ ചാടിയ ഒരു ഓന്തിനെ അവൻ ഒറ്റ കുതിപ്പിന് കാടു കയറ്റി.

ഞങ്ങൾ മെല്ലെ തിരികെ നടന്നു. ഉച്ചയ്ക്ക് ചോറുണ്ടിട്ട് ഞാൻ മടങ്ങി  പോരാനിറങ്ങി.രണ്ടു മണിക്ക് ഒരു ബസ് ഉണ്ട് നാട്ടിലേക്ക്.

വല്യമ്മച്ചി ഒരു തുണി സഞ്ചിയിൽ കുറേ പച്ചക്കറികൾ നിറച്ച് എന്റെ കയ്യിൽ തന്നു.

ഞാൻ ഇറങ്ങാൻ നേരം നെറ്റിയിൽ ഉമ്മ വെച്ചു. ''മക്കളേ വല്ലപ്പോഴും ഇങ്ങട് വാ. തന്നത്താൻ ഇരുന്നു വയ്യെടാ.'' ഞാൻ ഇറങ്ങിയപ്പോ എസ്തപ്പാൻ കൂടെ ഇറങ്ങി..

വല്യമ്മച്ചി അവനോട് പറഞ്ഞു. ''നീ ഇങ്ങു പോരെടാ.. കൊച്ചു പൊയ്ക്കോട്ടേ'' എന്നു.

എസ്തപ്പാൻ തിരിഞ്ഞു നിന്ന് ഒന്നു കരഞ്ഞു. എന്നിട്ട് വീണ്ടും എന്റെ കൂടെ മുന്നിൽ നടയിറങ്ങി. ഏറ്റവും താഴത്തെ നടയിൽ നിന്ന് എസ്തപ്പാൻ കരഞ്ഞു. എനിക്ക് വല്ലാത്ത സങ്കടം വന്നു.

അമ്മച്ചി എസ്തപ്പാനെ വഴക്ക് പറഞ്ഞു.. ''ഇവിടെ വാടാ'' എന്നു ഒച്ചയെടുത്തു. അവൻ മണ്ണുവഴിയിലൂടെ എന്റെ കാലുരുമ്മി നടക്കാൻ തുടങ്ങി.

വല്യമ്മച്ചി താഴെ ഇറങ്ങി വന്ന്  അവനെ തിരികെ വിളിക്കാൻ നോക്കി.

ഒന്നു തിരിഞ്ഞ് അല്പം നടന്നിട്ട് അവൻ വീണ്ടും എന്റെ പിന്നാലെ ഓടി വന്നു.

ഞാൻ പറഞ്ഞു. ''എത്തപ്പാനേ, അമ്മച്ചി തനിച്ചല്ലെടാ... നീ  പൊക്കോ.'' എനിക്ക് എന്റെ കണ്ണു നിറഞ്ഞു. നിലത്തിരുന്ന് ഞാൻ അവനെ കയ്യിലെടുത്തു ഉമ്മവെച്ചു.

അവൻ മടങ്ങി പോകില്ല എന്ന വാശിയിൽ എന്റെ കൂടെ കൂടി.

വല്യമ്മച്ചി പിന്നാലെ വന്നു ഒരു ഈർക്കിലി എടുത്ത് അവനെ നോവിക്കാതെ തല്ലി തിരികെ ഓടിക്കാൻ നോക്കി.

''വീട്ടി പോടാ എത്തപ്പാ...''

ഞാൻ നിസ്സഹായനായി വഴിയരികിൽ നിന്നു. എന്റെ ബസ് പോകുമോ എന്ന പേടി പതുക്കെ എന്നെ പിടികൂടി...

തിരികെ കുന്നിറങ്ങുന്ന ബസിന്റെ അരികുസീറ്റിൽ ഇരിക്കുമ്പോൾ അങ്ങകലെ വല്യമ്മച്ചിയുടെ വീടിരിക്കുന്ന കുന്നിഞ്ചെരിവ് കോടമഞ്ഞിൽ മറഞ്ഞു.

എന്റെ അരികിൽ അമ്മച്ചി തന്ന പ്ലാസ്റ്റിക് വള്ളികൊണ്ട് നെയ്ത മറ്റൊരു കൊട്ടയിൽ എസ്തപ്പാൻ എന്ന പൂച്ച ഇരുന്നു കുറുകുന്നുണ്ടായിരുന്നു അപ്പോൾ.■




# പ്രേമ പരവശയായ ചക്കകുരു തോരൻ



**''എന്തിനാണ് ഞാനൊക്കെ ഇങ്ങനെ ജീവിക്കുന്നത്? സങ്കടത്തോടെ എൻറെ കൈയിൽ ഇരുന്ന അലുവ കഷണത്തെ ഞാൻ നോക്കി. ഞാൻ എന്ത് ചെയ്യാനാണ്?. എന്നെയൊന്നും ആരും പ്രേമിക്കില്ല. ഒന്നാമത് ഞങ്ങൾ പഠിക്കുന്ന ലിയോ തേർടീന്ത് ഹൈസ്കൂൾ ഒരു ആൺ പള്ളികൂടമാണ്.''**

-Denis Arackal

ഹൈസ്കൂൾ ആയപ്പോഴേക്കും പതുക്കെ പതുക്കെ ഞങ്ങളുടെ പെരുമാറ്റത്തിൽ  ഒരു ഇതൊക്കെ വന്നു. ഇതൊക്കെ എന്ന് വെച്ചാൽ ...മൊത്തത്തിൽ ഒരു, ഒരു ഇത്!. ഒന്നാമത്, ഞങ്ങൾ എല്ലാരും ഒന്ന് വലുതായി എന്ന് ഒരു തോന്നൽ ഞങ്ങളെല്ലാവർക്കും വന്നു. രണ്ടാമത്, ഓടി പിടുത്തം, കണ്ണുപൊത്തിക്കളി, കള്ളനും പോലീസും കളി മുതലായ കൊച്ചു പിള്ളേരുടെ പരട്ട കളികൾ  ഒക്കെ നിറുത്തി കൂടുതൽ സമയം ക്രിക്കറ്റ് കളിയും അതിനെ പറ്റിയുള്ള ചർച്ചയുമൊക്കെ  തുടങ്ങി. ഇപ്പോൾ എല്ലാവരും വലിയ വലിയ കാര്യങ്ങൾ ഒക്കെയാണ് സംസാരിക്കുക. വലിയ വലിയ കാര്യങ്ങൾ എന്ന് പറഞ്ഞാൽ സിനിമ, സിനിമ നടന്മാർ, സിനിമ നടിമാർ എന്നിവരെ കുറിച്ചുള്ള കാര്യങ്ങൾ. അതിൽ സിനിമ നടിമാരെ പറ്റിയുള്ള കാര്യങ്ങളാണ് പരക്കെ കൂടുതൽ. ഞങ്ങളുടെ എല്ലാരുടെയും പോക്കറ്റിൽ പരന്ന ചീപ്പ്, ഓരോ ക്ലാസ്സു കഴിയുമ്പോഴും മുടിചീകലുകൾ, മുഖം കഴുകൽ, അടക്കിപിടിച്ച സംസാരങ്ങൾ, തമാശകൾ, എന്നിങ്ങനെ.

എന്തായാലും ഞാൻ അപ്പോഴും പഴയ പോലെയൊക്കെ തന്നെ. എവിടെയോ എന്തോ ഒരു മാറ്റമൊക്കെ എനിക്ക് വന്നിട്ടുണ്ടെങ്കിലും മനസ്സിൽ നിന്നും അമ്പും വില്ലും വാൾ പയറ്റും ഒക്കെ പൂർണമായി മാറിയോ എന്ന് സംശയം. ഞാൻ അന്നും ചിത്രകഥ പുസ്തകങ്ങൾ രഹസ്യമായി ക്ലാസ്സിൽ കൊണ്ട് വന്നു വായിക്കും. എൻറെ കൂട്ടുകാരൻ സുജേഷ് സുഗുണനും കഥകളൊക്കെ  വലിയ ഇഷ്ട്ടമാണ്. ചിലപ്പോൾ ഞങ്ങൾ രണ്ടും  കൂടി ഉച്ചയ്ക്ക് സ്‌ക്കൂൾ ബ്രേക്കിനു സൈക്കളിൽ ലോഡ് ഇരുന്നു അവൻറെ വീട്ടിൽ പോകും. അവൻറെ അമ്മയ്ക്ക് വീടിനോട് ചേർന്ന് ഒരു തയ്യൽ കടയുണ്ട്. അവിടെ പോയി അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞും, ചേച്ചിമാർ തയ്യിക്കുന്നതും കണ്ടും സമയം കളയും. പറമ്പിൽ നിന്നും കൊക്കോ, ചാമ്പയ്ക്ക മുതലായവ പറിച്ചു കഴിക്കും. അടുക്കളയിൽ കേറി പാത്രങ്ങൾ ഒക്കെ പൊക്കി നോക്കി കിട്ടാവുന്നതൊക്കെ എടുത്തു കഴിക്കും. സുജേഷിന്റെ അച്ഛന്റെ അംബാസിഡർ കാറിൻറെ ഗ്ലാസിൽ മുഖം നോക്കി മുടി ഒരു അമ്പതു പ്രാവശ്യം എങ്കിലും ചീകും.

''ഡെനീസേ, കല്യാണം കഴിക്കുന്നെങ്കിൽ പ്രേമിച്ചു തന്നെ കഴിക്കണം'', അങ്ങനെയിരിക്കെ ഒരു ദിവസം ഉച്ചയ്ക്ക് സുജേഷിന്റെ വീട്ടുപടിയിൽ ഇരുന്നു അലുവ കഴിച്ചു കൊണ്ടിരുന്നപ്പോൾ സുജേഷ് എന്നോട് പറഞ്ഞു. നമ്മുടെ ടോബിൻ  കെ ദാസിനു ഒരു പ്രേമമുണ്ട്. അവൻ അത് നിങ്ങൾ ആരോടും പറഞ്ഞിട്ടില്ല, പക്ഷെ ഞാൻ അതൊക്കെ പല വഴി അറിഞ്ഞു. ക്ലാസ്സിൽ മിക്കവർക്കും പ്രേമങ്ങളൊക്കെ ഉണ്ട്. നമുക്കും ഒരു പ്രേമമൊക്കെ വേണം. വെറുതെ ഇങ്ങനെ, എന്തു കഷ്ട്ടമാണ്? ഇത് പറഞ്ഞിട്ട് ഒരു നിമിഷം എന്നെ സൂക്ഷിച്ചു നോക്കിയിട്ട് അവൻ തുടർന്ന്. ''ടോബിൻറെ കാര്യം ആരോടും പറയാൻ നിൽക്കേണ്ട, കേട്ടോ. നമ്മൾ അടുത്ത കൂട്ടായത് കൊണ്ട് നിന്നോട് പറഞ്ഞതാണ്. ഇതൊക്കെ രഹസ്യമായി സൂക്ഷികേണ്ട കാര്യങ്ങളാണ്!'' ശരിയാണ്. ഞാനും സുജേഷും ആറാം ക്ലാസ്സ് മുതലേ അടുത്ത കൂട്ടുകാർ ആണ്. അവൻ അവൻറെ അമ്മയുടെ തയ്യൽ കടയിൽ പ്രത്യേകം പറഞ്ഞു 'ഫ്രണ്ട്സ് ഫോർ എവെർ', എന്ന് എംബ്രോയിടറി ചെയ്ത ഒരു വയോലെറ്റ് നിറമുള്ള തൂവാല എനിക്ക് സമ്മാനിച്ചിട്ടുണ്ട്. ഞങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും വലിയ വലിയ രഹസ്യങ്ങൾ കൈമാറാറുണ്ട്. അവൻ എന്നോട് ഒരുപാടു കാര്യങ്ങൾ പേർസണൽ ആയി പറഞ്ഞിട്ടുണ്ട്. അപൂർവ്വം ചിലത് സത്യമാണ്. എന്നാൽ മിക്കതും ലോക പുളുവാണ്. അത് ഞങ്ങൾ രണ്ടു പേർക്കും അറിയാം. ചുമ്മാ ഒരു ഗമയ്ക്ക് ഉണ്ടാക്കി അടിച്ചു വിടുന്നതാണ്. ഒരു കുറവും വരണ്ട എന്ന് കരുതി ഞാനും കുറെ കാര്യങ്ങൾ ഉണ്ടാക്കി സത്യം എന്നത് പോലെ അവനോടും പറയും. പുളുവാണെന്ന്  അറിഞ്ഞു കൊണ്ട് തന്നെ ഞങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും എല്ലാം തലകുലുക്കി ക്ഷമിച്ചു കേൾക്കും. മനസ്സിൽ ചിരിക്കും.

പക്ഷെ ഈ കാര്യം അത് പോലെയല്ല. ഇത് സത്യമാണ്. ടോബിൻ  കെ ദാസിനു ഒരു പ്രേമമുണ്ട്. അത് അവൻ ഒരേ ബെഞ്ചിൽ ഇരിക്കുന്ന എന്നോട് നേരിട്ട് രഹസ്യമായി പറഞ്ഞിട്ടുണ്ട്. ആ കുട്ടിയുടെ പേരു ഷാനി എന്നാണെന്നും അവൾ  ഒരിക്കൽ ഒരു ബുക്ക്  നിറയെ 'ഐ ലവ് യു ടോബിൻ' എന്ന് എഴുതി ടോബിനു കൊടുത്തിട്ടുണ്ടെന്നും അവൻ

എന്നോട് പറഞ്ഞിട്ടുണ്ട്.പ്രേമപരമായ കാര്യങ്ങളിൽ ഞാൻ ആരും അറിയാതെ ടോബിനെ വേണ്ട വിധം ഉപദേശിച്ചിട്ടുമുണ്ട്. ഞാൻ ഇത് സുജേഷിനോട് പറഞ്ഞിട്ടില്ല. മനസ്സിൽ രഹസ്യമയി സൂക്ഷിച്ചിരുന്ന ഒരു സംഗതിയാണ്. ഈ കാര്യമാണ് വലിയ കുന്തമായി ഇപ്പോൾ അവൻ എന്നോട് പറയുന്നത്. എനിക്ക് ചിരി വന്നു.

എന്താണ് പശു ഇളിക്കുന്ന പോലെ ഇളിക്കുന്നത്? സുജേഷ് കുറച്ചു ദേഷ്യത്തോടെ ചോദിച്ചു. പൊട്ടനെ പോലെ ഇങ്ങനെ അലുവയും തിന്നു ചിരിച്ചോണ്ട് ഇരുന്നോ. നമ്മുടെ ലാസ്റ്റ് ബെഞ്ചിൽ ഇരിക്കുന്ന സുമേഷ് ജോൺ ഇന്നലെ ഒരു പെൺകുട്ടിയെ ഫോണിൽ വിളിച്ചു സംസാരിച്ചു. അവൾക്കു മിക്കവാറും അവനെ ഇഷ്ട്ടമാകും. അശോക് കൃഷ്ണനും എന്തെക്കെയോ സെറ്റപ്പ് ഉണ്ട്. പ്ര ദീപ് ജി ഔസേപ്പിനെ കാണാൻ അവൻറെ വീടിനു സമീപം സെൻറ് ജോസഫ്സ് ഹൈസ്കൂളിലെ മൂന്ന് പെൺകുട്ടികൾ എപ്പോഴും വൈകിട്ട് സൈക്കിളിൽ കാത്തു നിൽക്കുന്നുണ്ട്. അതിൽ കാലിലൊക്കെ പൂടയുള്ള ഒരു തടിച്ചിക്ക് അവനോടു പ്രേമവും ഉണ്ട്. നീ ഇങ്ങനെ അലുവയും
തിന്നു ഇരുന്നോ!

എനിക്ക് കരച്ചിൽ വന്നു. എന്തിനാണ് ഞാനൊക്കെ ഇങ്ങനെ ജീവിക്കുന്നത്? സങ്കടത്തോടെ എൻറെ കൈയിൽ ഇരുന്ന അലുവ കഷണത്തെ ഞാൻ നോക്കി. ഞാൻ എന്ത് ചെയ്യാനാണ്?. എന്നെയൊന്നും ആരും പ്രേമിക്കില്ല. ഒന്നാമത് ഞങ്ങൾ പഠിക്കുന്ന ലിയോ തെർടീന്ത് ഹൈ സ്കൂൾ ഒരു ആൺ പള്ളികൂടമാണ്. രണ്ടാമതു ഈ പറയുന്ന സെൻറ് ജോസെഫ്സ് ഹൈസ്കൂളിലെ പെണ്ണുങ്ങൾ ഇവന്മാരുടെ കൂടെ പഠിക്കുന്നത് ഏതോ ട്യൂഷൻ ക്ലാസ്സിലാണ്. എന്നെ അച്ഛൻ ട്യൂഷൻ ക്ലാസ്സിൽ ഒന്നും വിടില്ല. അത് കൊണ്ട് ഈ പെൺപിള്ളേരെ കാണാനൊന്നും എനിക്ക് ഒരു വഴിയും ഇല്ല. എന്നാൽ എല്ലാരേയും പറ്റി ഒരുപാട് കേട്ടിട്ടുണ്ട്. വിനിത ഈപ്പൻ, സ്വപ്ന നായർ, നിത, തെസ്നി റെഷീദ്, ജിനു, മിന്നു ഡോമിനിക് എന്നിങ്ങനെയുള്ള പേരുകളെല്ലാം എനിക്ക് സുപരിചിതങ്ങളാണ്. ഇവരെയൊക്കെ ഞാൻ എൻ്റേതായ രീതിയിൽ മനസ്സിൽ കണ്ടിട്ടുമുണ്ട്.

''പക്ഷെ ആരൊക്കെ ആരെയൊക്കെ പ്രേമിക്കുന്നു എന്ന് എനിക്ക് അറിയാം.ഈ പെൺകുട്ടികളെ ഒക്കെ പ്രേമിക്കുന്നവന്മാരെ എനിക്ക് അറിയാം. ഞാനും അത്ര മോശമൊന്നുമല്ല'', ഞാൻ സുജേഷിനോടായി ഇച്ചിരി അഹന്തയോടെ പറഞ്ഞു. ഇവരെയൊന്നും സുജേഷിനു എന്നെ പോലെ അറിയില്ല. അന്തിച്ചു എന്നെ നോക്കിയ അവൻറെ ചെവിയിൽ ഞാൻ അവരെയൊക്കെ ഇഷ്ട്ടപെടുന്ന ഞങ്ങളുടെ ക്ലാസ്സിലെ ആൺകുട്ടികളുടെ പേരു പറഞ്ഞു. ''ശരിക്കും?'' സുജേഷ് അത്ഭുതത്തോടെ എന്നെ നോക്കി. ഞാൻ എനിക്ക് എല്ലാം അറിയാം എന്നാ ഭാവത്തിൽ തല പതുക്കെ മുകളിലോട്ടും താഴത്തോട്ടും ആട്ടികൊണ്ട് കൈയിൽ ഇരുന്ന അടുത്ത അലുവ കഷ്ണം വായിൽ വച്ചു.

ഇവരൊക്കെ എങ്ങനെ ഇരിക്കും? സുന്ദരികൾ ആയിരിക്കുമോ? സുജേഷ് എന്നോട് വീണ്ടും ചോദിച്ചു. ഞാൻ വീണ്ടും തല താഴത്തോട്ടും മുകളിലോട്ടും ഗൗരവത്തിൽ ആട്ടി. കുറച്ചു നേരത്തേയ്ക്ക് രണ്ടു പേരും ഒന്നും മിണ്ടിയില്ല. ഞങ്ങൾ നിശബ്ദമായി എന്തെക്കെയോ ചിന്തകളിൽ മുഴുകി അലുവ കഴിച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ ഉച്ചയ്ക്ക് ഭക്ഷണമൊക്കെ കഴിച്ചു വരാന്തയിലെ വലിയ തൂണിൻ്റെ ബേസ്മെൻ്റിൻ്റെ കീഴെ, പൊക്കത്ത്, കാലൊക്കെ ആട്ടി ഇരിക്കുവാണ്. നല്ല കാറ്റ്. അവിടെയും ഇവിടെയും എല്ലാം പിള്ളേർ അലമുറയിട്ടുകൊണ്ട് ഓടി നടക്കുന്നു. കാറ്റിൽ തണൽ മരങ്ങൾ ആടുന്നു. നല്ല സുഖം. നോക്കുമ്പോൾ ടോബിൻ ദൂരെ നിന്നും നടന്നു വരുന്നു. മുഖത്ത് പതിവില്ലാതെ ഒരു ചിരി. അടുത്ത് വന്നിട്ട് കൈയിലുള്ള ബാഗ് താഴെ വെച്ചിട്ട് അവൻ എൻറെ ഇടതു വശത്തായി ഇരുന്നു. ഞങ്ങൾ രണ്ടു പേരും ഒന്ന് രണ്ടു നിമിഷം ഒന്നും മിണ്ടിയില്ല. അപ്പോൾ ആട്ടി കൊണ്ടിരുന്ന എൻറെ വലതു കാൽ അറിയാതെ ഇടതു കാലിൻറെ മുകളിൽ തട്ടി എൻറെ വലതു കാലിലെ  വള്ളി ചെരുപ്പ്...ദാ കിടക്കുന്നു തെറിച്ചു താഴെ!

ശെടാ! ഇനി ഇതെടുക്കാൻ താഴെ ഇറങ്ങണമെല്ലോ എന്ന് ഓർത്തു കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ടോബിൻ എന്നോടായി പറഞ്ഞു. ''നാളെ, ശനിയാഴ്ച,  കാണാൻ പറ്റുമോന്നു ചോദിച്ചു, ഷാനിയേ...എന്നോട് ചോദിച്ചു കാണാൻ പറ്റുമോന്നു.'' ഇത് പറയുമ്പോൾ അവൻറെ കണ്ണു കൂമ്പിയിരുന്നു. ''നമുക്ക്  റഫീക്കിൻ്റെ വീട്ടിൽ സൈക്കിൾ വെച്ചിട്ട് ഒരു പതിനൊന്നരയോടെ ആലപ്പുഴ കടപ്പുറത്ത് പോയി അവളെ കാണാം. അവൾ അവിടെ വരാമെന്ന് പറഞ്ഞിട്ടുണ്ട്. നീയും വേണമെങ്കിൽ വന്നോ. ചിലപ്പോൾ അവളുടെ കൂട്ടുകാരികളും ഉണ്ടാകും!.''

താഴെ ഇറങ്ങി ചെരുപ്പെടുക്കുമ്പോൾ എനിക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. ഏതായാലും പെൺകുട്ടികളെ കാണാൻ അവൻ എന്നെ ക്ഷണിച്ചല്ലോ! ഹോ! ഷാനിയുടെ കൂടെ അവളുടെ കൂട്ടുകാരികൾ  എല്ലാം അന്ന് വരുമായിരിക്കും. നീല പാവാട യൂണിഫോറം അണിഞ്ഞ സുന്ദരിമാർ എന്നെ നോക്കി ചിരിക്കും. അവരെല്ലാം ഞാൻ ബുധനാഴ്ച കാണുന്ന ചിത്രഹാറിലെ പോലെ സ്ലോ മോഷനിൽ സ്വന്തം കൈകൾ കൊണ്ട് മുടി കോതിമാറ്റി ചിരിച്ചു കൊണ്ട് എന്നോട് സംസാരിക്കും. പെൺകുട്ടികളായ അവരുടെ സൈക്കളിൻറെ മുൻവശത്ത് ഒരു കുട്ടയും അതിൽ നിറയെ മഞ്ഞ പൂക്കളും ഉണ്ടാകും. സിനിമയിൽ ഒക്കെ അങ്ങനെയാണല്ലോ? എന്ത് രസം!

എന്തായാലും ഞങ്ങളുടെ സ്കൂളിലെ ഏതോ പഴയ അദ്ധ്യാപകൻ മരിച്ചത് കൊണ്ട് അന്ന് രണ്ടു പീരീഡ് നേരത്തെ സ്കൂൾ വിട്ടു. ഞാൻ എന്ത് കൊണ്ടോ അവിടെയും ഇവിടെയും നിന്ന് കറങ്ങാതെ നേരെ വീട്ടിലോട്ടു പോയി.

വീട്ടിൽ ചെന്നപ്പോൾ അവിടെ ഞങ്ങളുടെ പറമ്പിൽ തേങ്ങ ഇടുകയാണ്. വിശാലമായ പറമ്പാണ്.  അവിടെയും ഇവിടെയുമായി കൊതുമ്പും ഓലയും ഒക്കെ ചിതറിക്കിടക്കുന്നു. വീടിനു തെക്ക് വശത്തായി തേങ്ങയെല്ലാം കൂടി കൂട്ടിയിട്ടിരിക്കുന്നു.

തേങ്ങയിടാൻ വന്ന സോമൻ ചേട്ടൻ ചിരിച്ചു കൊണ്ട് എന്റെ അമ്മയോട് നാട്ടു വർത്തമാനങ്ങൾ പറഞ്ഞു കൊണ്ട് ഓലമടൽ എല്ലാം മെടയനായി വെട്ടി തയ്യാറാക്കുന്നു. ലോകത്തുള്ള കാര്യങ്ങൾ ഒക്കെ അറിയാമെന്നാണ് സോമൻ ചേട്ടൻറെ വിചാരം. എങ്ങനെ മീൻ പിടിക്കാനായി ചൂണ്ടയിൽ ഇര കോർക്കാം, വീട്ടിലെ പട്ടിക്കു വയറിളക്കം വന്നാൽ എന്ത് ചെയ്യണം, മഞ്ഞ നിറത്തിൽ ഇരിക്കുന്ന പല്ലുകൾ വെളുപ്പിക്കാൻ എന്ത് ചെയ്യണം, ആൺ കാക്കയേയും പെണ് കാക്കയും എങ്ങനെ ഒറ്റ നോട്ടത്തിൽ തിരിച്ചറിയാം എന്നൊക്കെ എനിക്കും ചേട്ടനുമൊക്കെ പണ്ട് പറഞ്ഞു തന്നിട്ടുള്ളത് പുള്ളിക്കാരനാണ്.

''ഡാ, കരിക്ക് വേണമെങ്കിൽ നീ സോമനോട് പറഞ്ഞു ഒരെണ്ണം കുടിച്ചോ. നിന്റെ ചേട്ടനും ചേച്ചിക്കും കൂടി വെച്ചേക്കണം, എന്തെങ്കിലും പറഞ്ഞാൽ മൊത്തം തീർത്തു കളയും ചെറുക്കൻ'', അമ്മ എന്നോട് വിളിച്ചു പറഞ്ഞു. ഞാൻ ഒന്നും കേൾക്കാത്ത മാതിരി അടുക്കളയുടെ വരാന്തയിൽ ചുമ്മാ സോമൻ ചേട്ടനെ നോക്കി ചിരിച്ചു കൊണ്ട് ഇരുന്നു. എന്റെ മനസ്സിൽ ഒരു ആയിരം ചന്ദ്രന്മാർ ഉദിച്ചത് പോലെ ഉള്ള ഒരു സുഖം. ഞാൻ ഒന്നും അറിയുന്നില്ല. എനിക്ക് ഒന്നും വേണ്ട. അപ്പോഴാണ് ഈ മാങ്ങാത്തൊലി കരിക്ക്!

കുറച്ചു നേരം ഓല വെട്ടുന്നതിനു കൂടെ എന്നെ സംശയത്തോടെ നോക്കികൊണ്ടിരുന്ന ശേഷം സോമൻ ചേട്ടൻ അമ്മയോടായി പറഞ്ഞു. ''ചേച്ചി, മോന് വൈറ്റമിൻ ഡിയുടെ കുറവുണ്ടെന്ന് തോന്നുന്നു. ഇന്ന് രാവിലത്തെ റേഡിയോയിൽ 'നിങ്ങളുടെ ആരോഗ്യം' എന്ന പരുപാടിയിൽ പറഞ്ഞതാണ്. വൈറ്റമിൻ ഡിയുടെ കുറവ് വരുന്ന കുട്ടികൾ ചിലപ്പോൾ പൊട്ടൻ മാരെ പോലെ ചിരിച്ചു കൊണ്ട് വെറുതെ ഇരിക്കുമത്രേ. ചേച്ചിയൊന്നു നോക്കണേ.'' അമ്മയിതു കേട്ടില്ല എന്ന് തോന്നുന്നു. ഞാൻ ദേഷ്യത്തോടെ സോമൻ ചേട്ടനെ ഒന്ന് നോക്കിയിട്ട് എന്റെ മുറിയിലേക്ക് നേരെ പോയി സാമന്ത ഫോക്സിന്റെയും ബോണി എം ന്റെയും പോസ്റ്ററുകൾക്ക് താഴെ കട്ടിലിൽ വീണ്ടും മനസ്സിൽ പ്രേമം നിറച്ചു ഇരുന്നു. ഒരു വൈറ്റമിൻ ഡി! ഇയാൾക്ക് എന്തു മണ്ണാങ്കട്ട അറിയാം?

പിറ്റേന്ന് രാവിലെ ഞാൻ എണീറ്റ് അച്ഛനോട് പുറത്തു പോയിക്കൊള്ളാൻ അനുമതി മേടിച്ചു. പല്ലൊക്കെ തേച്ചതിനു ശേഷം ദേഹത്തൊക്കെ തുളസി ഇലയിട്ടു കാച്ചിയ വെളിച്ചെണ്ണ തേച്ചു പിടിപ്പിച്ചു കുറച്ചു നേരം ചെറു വെയിൽ കൊണ്ടു. ഇങ്ങനെ ചെയ്താൽ തൊലി നന്നായി തിളങ്ങുമത്രേ. ഇതൊക്കെ ഞാൻ വനിത മാസികയിൽ വായിച്ചതാണ്. ഞാൻ ഈ മാസികകളിൽ വായിക്കുന്ന പൊടികൈകൾ ചിലപ്പോൾ സ്വയം ശ്രമിച്ചു നോക്കാറുണ്ട്. മുഖ സൗന്ദര്യം വർദ്ധിപ്പിക്കാനുള്ള ഒരു പത്തു പൊടികൈകൾ എങ്കിലും എനിക്ക് അറിയാം. ഒരു പത്തു പതിനഞ്ചു മിനിട്ട് എണ്ണ തേച്ചു നിന്നിട്ട് കിണറിന്റെ അടുത്ത് പോയി നിന്ന് ഞാൻ തൊട്ടിയിൽ വെള്ളം കോരി ഒഴിച്ചു ചന്ദ്രിക സോപ്പ് ഇട്ടു കുളിച്ചു.

തല തോർത്തി ഞാൻ നേരെ ചെന്നത് ചേച്ചിയുടെ മുറിയിലേക്കാണ്. അവിടെയാകുമ്പോൾ നീവിയ ക്രീം, പോണ്ട്സ് ഡ്രീം ഫ്ളവർ ടാൽക്കം പൗഡർ എന്നിവയൊക്കെ ഉണ്ടാകും. എന്നോട് തൊട്ടു പോകരുതെന്നൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും ഇന്നത്തെ പ്രത്യേക കാര്യം പരിഗണിച്ചു ഞാൻ ഒരു റിസ്ക് എടുക്കാൻ തന്നെ തീരുമാനിച്ചു. ഇന്ന് ഒന്ന് ഒരുങ്ങി ഇറങ്ങിയില്ലെങ്കിൽ ഇനി എന്ന് ഒരുങ്ങി ഇറങ്ങാനാണ്?

ചെന്ന് നോക്കിയപ്പോൾ നല്ല തക്കം. ആരെയും അവിടെ കാണുന്നില്ല. ഞാൻ കുറെ ക്രീം ഉള്ളം കൈയിൽ എടുത്തു മുഖത്തും കഴുത്തിലുമെല്ലാം ആദ്യം പുള്ളി കുത്തുണ്ടാക്കി. പിന്നെ നന്നായി തേച്ചു പിടിപ്പിച്ചിട്ട് കണ്ണാടിയിൽ നോക്കി. ഒന്ന് വെളുത്തിട്ടുണ്ടെങ്കിലും അത്ര പോര. ക്രിക്കറ്റ് കളിക്കാരൻ വിവിയൻ റിച്ചാർഡ്സിനെക്കാളും ഇച്ചിരി കൂടുതൽ വെളുപ്പ്. അത്രേമേ ഉള്ളൂ. സാരമില്ല. പൗഡർ കൊണ്ട് ഒപ്പിക്കാം. ഇപ്പോൾ പൗഡർ ഇട്ടാൽ മണം കൊണ്ട് ചേച്ചി കണ്ടു പിടിക്കും. അത് കൊണ്ട് ഞാൻ ഒരു ചെറിയ പേപ്പർ കീറി അതിൽ പൗഡർ ഇട്ടു ഒരു പൊതിയാക്കി പോക്കെറ്റിൽ വെച്ചു. പിന്നെ തരം കിട്ടുമ്പോൾ ഇടാം.

ഞാൻ ഞങ്ങളുടെ മുറിയിൽ പോയി ചേട്ടൻറെ ഡ്രസ്സ് വെയ്ക്കുന്ന പെട്ടി തുറന്നു അതിൽ നിന്നും 'ഹാപ്പി' എന്നു മഞ്ഞ നിറത്തിൽ വലുതായി നെഞ്ചിൽ എഴുതിയിട്ടുള്ള ഒരു ചുവന്ന ടി ഷർട്ട് എടുത്തു ഇട്ടു. സംഗതി എനിക്ക് അത്ര ഇഷ്ട്ടമല്ലെങ്കിലും പെൺകുട്ടികൾക്ക് ചുമപ്പു കളർ ഇഷ്ട്ടമാണ് എന്ന് ഞാൻ വായിച്ചിട്ടുണ്ട്. അങ്ങനെ ആയിക്കോട്ടേ! ഇന്ന് ഒരു ദിവസത്തേയ്ക്ക് അവരുടെ ഇഷ്ട്ടതിനു പ്രാധാന്യം കൊടുത്തേയ്ക്കാം. ഇതിനു ശേഷം മുടിയൊക്കെ ഒന്നും കൂടി ചീകിയൊതുക്കിയിട്ട് ഞാൻ ആരും അറിയാതെ പുറത്തു കടന്നു സൈക്കിൾ എടുത്തു ചാടി ചവിട്ടി പോയി.

അങ്ങനെ പറഞ്ഞ സ്ഥലത്ത് തന്നെ ഞാൻ ടോബിനെ കണ്ടു. ഞങ്ങളുടെ സ്കൂളിനു മുൻവശത്ത് കൂടി പോകുന്ന റോഡിലാണ് ഞങ്ങൾ കണ്ടത്. 'ദാ, അവിടെ, ആ വളവിനു വരാമെന്നാണ് അവൾ പറഞ്ഞത്. അവൾ വരട്ടെ, എന്നിട്ട് നമ്മൾക്ക് മൂന്ന് പേർക്കും കൂടി കടപ്പുറത്ത് പോകാം', റോഡിനു ഒരു വശത്തായി നിന്നിരുന്ന എന്റെ അടുത്തുവന്നു സ്വന്തം സൈക്കിൾ സ്റ്റാൻഡിൽ ഇട്ടുകൊണ്ട് അവൻ പറഞ്ഞു. ഒരു രണ്ടു മൂന്ന് മിനിട്ട് കഴിഞ്ഞു കാണും, ടോബിൻ ശബ്ദം താഴ്ത്തി എന്നോട് പറഞ്ഞു. ദേ! ഷാനി വരുന്നു!. ഞാൻ നോക്കുമ്പോൾ സൈക്കിൾ ഉന്തി കൊണ്ട് മുടിയൊക്കെ പിന്നിയ ഒരു പെൺകുട്ടി ഞങ്ങളുടെ നേരെ വരുന്നു. എനിക്ക് സന്തോഷം തോന്നി. ഞാൻ ആ കുട്ടിയെ നോക്കി വെളുക്കെ ചിരിച്ചു. ഷാനിയാകട്ടെ ടോബിനെ നോക്കി മാത്രം ചിരിച്ചു.

നീ ഇവിടെ നിന്നോ ഞാൻ ഇപ്പം വരാം, ഇത് പറഞ്ഞു ടോബിൻ നേരെ നടന്നു അവളുടെ അടുത്തേയ്ക്ക് ചെന്നു. എന്റെ ഹൃദയം ട്ടപ് ട്ടപ് എന്ന് മിടിച്ചു തുടങ്ങി. ആകെ മൊത്തം ഒരു

സംഭ്രമം. ഒരു സന്തോഷം. ഇത് തന്നെ തക്കം, ഞാൻ വിചാരിച്ചു. അവർ സംസാരിച്ചു നിൽകെ ഞാൻ പോക്കറ്റിൽ നിന്നും പൗഡർ പൊതി എടുത്തു മുഖത്ത് പൊത്തി. ശരിക്ക് ഒന്ന് തേച്ചു പിടിപ്പിക്കും മുൻപ് ടോബിൻ തിരിച്ചു വന്നു എന്നോട് പറഞ്ഞു. ''എടാ!, ഞങ്ങൾ രണ്ടു പേരും കൂടി മുൻപേ പോകാം, നീ പുറകെ വന്നാൽ മതി. ഞങ്ങൾക്ക് ഒന്ന് സംസാരിക്കുകയും ചെയ്യാമല്ലോ?'' ഇത് പറയുമ്പോൾ ടോബിൻ എന്റെ മുഖത്തേയ്ക്കു ഒന്ന് സൂക്ഷിച്ചു നോക്കിയോ? ഇല്ലേ ?

അങ്ങനെ എല്ലാം നന്നായി പോയി കൊണ്ടിരുന്നപോഴാണ് വിധി ഇടപെടുന്നത്. അങ്ങനെ ഒന്നും എപ്പോഴും നന്നായി പോയിക്കൂടെല്ലോ? ഒരു ഇറക്കം ഇറങ്ങി വളവു തിരിയാൻ പോയപ്പോഴേക്കും എന്റെ സൈക്കിളിന്റെ ചെയിൻ കക്കി. കക്കി എന്ന് വെച്ചാൽ ചാടി പോയി. ഭയങ്കര ഒരു ശബ്ദം. ഞാൻ ചാടി ഇറങ്ങി നോക്കി. അപ്പോൾ എന്റെ മുൻപിൽ ടോബിനും ഷാനിയും വളവു തിരിച്ചു പോകുന്നത് ഞാൻ മിന്നായം പോലെ കണ്ടു. എന്ത് കഷ്ടം! ഞാൻ സൈക്കിൾ സ്റ്റാൻഡിൽ വെച്ച് കൈകൊണ്ടും ഒരു കമ്പുകൊണ്ടുമെല്ലാം ചെയിൻ പിടിച്ചു ഇടാൻ നോക്കി. നോ രക്ഷ. ഞാൻ മുന്നോട്ടു ഓടി ചെന്ന് വളവു തിരിഞ്ഞു നോക്കി. അവരെ കാണുന്നു പോലുമില്ല. എനിക്ക് പറ്റിയത് അറിയാതെ അവർ നേരെ പോയി. എന്ത് ചെയ്യണമെന്നു അറിയാതെ ഞാൻ നിന്ന് വിയർത്തു. എനിക്ക് ആകെ സങ്കടം തോന്നി. എത്ര നേരം അങ്ങനെ പോയെന്നു ഒരു വിവരവുമില്ല.

''അല്ലാ! ഇതാരാണ് വെയിലത്ത് നിന്ന് ചുറ്റി തിരിയുന്നത്?'', ശബ്ദം കേട്ട് ഞാൻ തിരിഞ്ഞു നോക്കി. കണ്ടത് ഒരു ഓട്ടോറിക്ഷയും അതിൽ നിന്നും തല പുറത്തേയ്ക്കിട്ട് നോക്കുന്ന സുജേഷിന്റെ അമ്മയുമാണ്. വളിച്ച മുഖവുമായി ഞാൻ ഓട്ടോയ്ക്ക് അടുത്തേയ്ക്ക് ചെന്നു. എന്ത് പറയാനാണ്? എന്തൊക്കെയോ പറഞ്ഞു. ആൻറി എല്ലാം ശ്രദ്ധാപൂർവ്വം കേട്ടു. എന്നിട്ട് പറഞ്ഞു, ''ഒരു കാര്യം ചെയ്യ്, മോൻ ഇതിന്റെ അകത്തോട്ടു കേറിക്കോ. പേടിക്കേണ്ട പൂട്ടി വച്ചാൽ സൈക്കിൾ ആരും കൊണ്ട് പോകില്ല. നമ്മുടെ വീടിന്റെ അടുത്ത് ഒരു സൈക്കിൾ വർക്ക്ഷോപ്പ് ഉണ്ട്. അവിടുത്തെ പയ്യൻ വന്നു എടുതോള്ളും. വാ, വന്നു കേറ്.''

ഞാൻ ചെന്ന് വ്യസനത്തോടെ സൈക്കിൾ പൂട്ടി വന്നു ഓട്ടോറിക്ഷയിൽ കയറി. എന്റെ മുഖത്തേയ്ക്കു ഒന്ന് സൂക്ഷിച്ചു നോക്കിയിട്ട് സുജേഷിന്റെ അമ്മ വീണ്ടും ചോദിച്ചു, ''മോൻ സൈക്കിൾ നിന്നും മുഖവും കുത്തി ചാരത്തിൽ വല്ലതും വീണോ? മുഖമാകെ വെളുത്തു ഇരിക്കുന്നല്ലോ! സൂക്ഷിച്ചൊക്കെ ചവിട്ടു സൈക്കിളൊക്കെ.''

ഞാൻ ദേഷ്യവും സങ്കടവും കാരണം ഒന്നും മിണ്ടാതെ പുറത്തേയ്ക്ക് നോക്കിയിരുന്നു. ഇപ്പോൾ ടോബിനും ഷാനിയും അവളുടെ കൂട്ടുകാരികളുടെ കൂടെയിരുന്നു ജ്യൂസ് കുടിക്കുകയായിരിക്കും. എന്നെ അവർ ഓർക്കുന്നു പോലുമുണ്ടാവില്ല! മീരയും, അനിതയും, ബിബിയുമൊക്കെ വന്നു കാണുമോ? ശേ! വെറുതെ രാവിലെ ഒരുങ്ങി ഇറങ്ങി.

ഒരു പത്തു മിനിട്ടിനകം കുലുങ്ങി കുലുങ്ങി ഞങ്ങൾ സുജേഷിന്റെ വീട്ടിലെത്തി. ഓട്ടോയ്ക്ക് പൈസ കൊടുത്തു കഴിഞ്ഞു ആൻറി ചിരിച്ചു കൊണ്ട് എന്നോട് പറഞ്ഞു. ''സുജേഷ് ഇവിടെ ഇല്ല കേട്ടോ. അവൻ വണ്ടിയുമായി എറണാകുളത്ത് പോയിരിക്കുകയാണ്. മോൻ നേരെ അകത്തേയ്ക്ക് ചെല്ലു, ഞാൻ ഊണ് എടുത്തു തരാൻ രഹിയാനത്തിനോട് പറയാം. കഴിച്ചിട്ട് വരുമ്പോൾ സൈക്കിൾ റെഡി ആക്കി എടുക്കാനുള്ള വഴി നമുക്ക് കണ്ടു പിടിക്കാം.''

രഹിയനത്ത് സുജേഷിന്റെ വീട്ടിൽ സഹായിക്കാൻ നിൽക്കുന്ന ഒരു ചേച്ചിയാണ്. ഞാൻ കയ്യും കാലും ഒക്കെ കഴുകി അകത്തേയ്ക്ക് ചെന്നപ്പോഴേക്കും മേശപ്പുറത്തു ഭക്ഷണം വിളമ്പി വെച്ചിരിക്കുന്നു. പക്ഷെ ഞാൻ നോക്കുമ്പോൾ രണ്ടു പ്ലേറ്റ് മേശമേൽ വച്ചിരിക്കുന്നു. എന്തിനാണ് രണ്ടു പ്ലേറ്റ്? ചെലപ്പോൾ സുജേഷിന്റെ അച്ഛൻ കഴിക്കാൻ ഉണ്ടാകും. അതായിരിക്കും. ഇത് വിചാരിക്കുമ്പോഴേക്കും പുറകിൽ ഒരു വളകിലുക്കം കേട്ടു. നല്ല ഏതോ വിലകൂടിയ പെർഫ്യുമിന്റെ മണം എന്റെ അടുത്തേയ്ക്ക് പിന്നിൽ നിന്നും നടന്നു വന്നു. എന്നിട്ട് ആ സുഗന്ധവും ശബ്ദവും കൂടി ഇടതു വശത്തുകൂടി എന്റെ മുൻപിൽ കയറി കസേര വലിച്ചിട്ടു ഭക്ഷണത്തിനു ഇരുന്നു. ഞാൻ പതുക്കെ തല പൊക്കി ഇടത്തേയ്ക്ക് ഒന്ന് പാളി നോക്കി. ഒന്നേ നോക്കിയുള്ളൂ. വാ പൊളിച്ചുപോയി.


നീല ചുരിദാറിൽ ഒരു ജൂഹി ചൗള. അല്ല മമത കുൽക്കർണി. ഇതാരാ? ഇതിപ്പോൾ എവിടെ നിന്ന് വന്നു? ''നമ്മുടെ കടയിൽ തയ്യിക്കാനായി പുതുതായി ചേർത്തലയിൽ നിന്നും വന്ന സഫീന യില്ലേ? അതിന്റെ അനിയത്തിയാണ്.'' ഒരു ജഗിൽ വെള്ളവുമായി വന്ന രഹിയാനത്ത് എന്നോട് പറഞ്ഞു. ''കൂടെ വന്നതാണ്. ഇതിവിടെ രാവിലെ തൊട്ടു ബോർ അടിച്ചു ഇരിക്കുവാണ്. തയ്യൽ കടയിൽ പോയിരിക്കാൻ ഞാൻ പറഞ്ഞതാണ്, പക്ഷെ പോണില്ല! ഭക്ഷണം കഴിക്കാൻ തന്നെ എത്ര വിളിച്ചിട്ടാണ് വന്നത്? മോന് ചക്കകുരു തോരൻ ഇച്ചിരി ഇടട്ടെ?

ചക്കകുരു തോരനല്ല ആർസനിക്ക് തോരൻ വരെ ഞാൻ കഴിച്ചോളാം എന്ന് മനസ്സിൽ പറഞ്ഞു കൊണ്ട് ഞാൻ ആ കുട്ടിയോട് ചോദിച്ചു...

''എന്താ പേര്?'' സറീന, ചിരിച്ചു കൊണ്ട് ആ കുട്ടി മൊഴിഞ്ഞു. ഹോ! അന്നാ അലുമിനിയം പാത്രത്തിൽ മുത്തിട്ടു കിലുക്കുന്നത് പോലെയുള്ള മധുര സ്വരം.

ഏതു ടോബിൻ? ഏതു ഷാനി? ഏതു തെസ്നി റഷീദ്? അവരൊക്കെ ഇപ്പോൾ എവിടെ എന്തു ചെയ്താലും എനിക്ക് എന്താണ്? സുജേഷ് എനിക്കായി പ്രത്യേകം തയ്യിപ്പിച്ചു തന്ന ഫ്രണ്ട്സ് ഫോർ എവെർ'', തൂവാല ഇവൾക്ക് സമ്മാനമായി കൊടുത്താലോ? മുഖത്തിട്ട പൗഡർ മുഴുവൻ തുടച്ചു കളയണ്ടായിരുന്നു! ''ഞാൻ ഇവിടുത്തെ സുജേഷിന്റെ കൂട്ടുകാരനാണ്. എന്റെ പേര്...''

കുറച്ചു ചക്കകുരു തോരനും ചോറും കൂട്ടി ഒരു പിടിയാക്കി വായിൽ വെച്ച് കൊണ്ട് ഞാൻ പതുക്കെ സംസാരിച്ചു തുടങ്ങി... ■


Calgary's Local Real Estate Associate
BUYING OR SELLING?
THINKING OF BUYING OR SELLING YOUR HOME?
CALL JOSEPH FIRST
THE REAL ESTATE PROFESSIONAL YOU CAN TRUST
Joseph John Joy Cottage
587 306 2275
urban
Real Estate Services Ltd.
jjadoor@shaw.ca | www.jjjoycottage.com

# കഞ്ഞിക്കലം



-Azeez KS

**''ഉപേക്ഷിക്ക തന്നെ. എത്ര പ്രിയപ്പെട്ട വസ്തുക്കൾ ഉപേക്ഷിച്ചിട്ടാണ് ആത്മാവ് ശരീരം വെടിഞ്ഞുപോകുന്നത്? പിന്നെയാണോ ഇത്.''**

വീട്ടിലേക്കുപോകുവാനുള്ള ഒരുക്കത്തിലാണ്. എനിക്കിവിടെ സ്ഥാവരവസ്തുക്കളില്ല. ജംഗമവസ്തുക്കളെ ഞാനൊന്നു നോക്കി. എല്ലാം ഉപേക്ഷിക്കേണ്ടവ. എല്ലാം ഓരോരൊ ഓർമ്മകൾ തരുന്നവ.

ഉപേക്ഷിക്ക തന്നെ. എത്ര പ്രിയപ്പെട്ട വസ്തുക്കൾ ഉപേക്ഷിച്ചിട്ടാണ് ആത്മാവ് ശരീരം വെടിഞ്ഞുപോകുന്നത്? പിന്നെയാണോ ഇത്.

അധികനാൾ നാട്ടിൽ നിൽക്കുവാൻ പ്ലാനുണ്ടായിരുന്നതുകൊണ്ട് ഒരിക്കൽ നാട്ടിൽ പോയപ്പോൾ മുറി വെക്കേറ്റ് ചെയ്താണ് പോയത്. മൂന്നു മാസത്തേക്ക് വെറുതെ മൂവായിരം ഡോളർ കളയുന്നതെന്തിന്, ഒരു വരുമാനവുമില്ലാതെ?

ഭക്ഷണശേഷിപ്പുകളെല്ലാം കറുത്ത ബിന്നിലിട്ടു. രണ്ട് നല്ല വിൻറർ ജാക്കറ്റുകളുണ്ടായിരുന്നു. അതു സാൽവേഷൻ ആർമിക്ക് കൊടുക്കുവാൻ മാറ്റിവച്ചു. അത് കൊടുക്കുവാൻ വേണ്ടി എടുത്തപ്പോൾ ആ ജാക്കറ്റിലെ സ്റ്റിക്കർ കണ്ടു. മുമ്പ് സാൽവേഷൻ ആർമിക്കാരുടെ ത്രിഫ്റ്റിൽ നിന്നും 9.99 ന് വാങ്ങിയത്. ഹഹഹ. അവിടെ നിന്ന് വാങ്ങിയത് അവിടെത്തന്നെ ദാനമായി നൽകുക.! മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുക എന്ന് ബ്രഹ്മപുരം സമരക്കാരോട് ഹെൽത്ത്കാർ പറയുന്നതുപോലെ.

ഒരു ബെഡ് ഉണ്ടായിരുന്നു. പുതിയ മലയാളി പിള്ളേരോടൊക്കെ ചോദിച്ചു, ഒരുത്തനും വേണ്ട. പുതിയ ഇമ്മിഗ്രൻറിന് സീലുപൊട്ടിക്കാത്ത നല്ല ഒന്നാന്തരം ബെഡും സെറ്റും ഫ്രീയായിക്കിട്ടുമ്പോൾ ആർക്കുവേണം ഇത്. കുറെ മക്കളുള്ള ഒരു ടാൻസാനിയക്കാരൻ മുഹമ്മദിനെ കിട്ടി. ഭാഗ്യം, അയാളത് കൊണ്ടുപോയി.

ഒരാഴ്ച കഴിഞ്ഞപ്പോൾ അയാളുടെ ഒരു ഫോൺ: അസീസ് എനിക്ക് പുതിയ ബെഡ് കിട്ടി. അസീസിന് ആവശ്യമുണ്ടെങ്കിൽ ഞാനത് തരാം. ഞാനൊന്ന് കിടുങ്ങിപ്പോയി, അത് തിരിച്ചുവരികയോ? സന്തോഷത്തോടെ കൊടുത്ത ബൊമ്മയുടെ ജഗതി കഥയോർത്തു. ഞാൻ പറഞ്ഞു, അരുത്, ഒരിക്കൽ ദാനം ചെയ്തത് ധർമ്മി തിരിച്ചെടുക്കാറില്ല. ഭാഗ്യത്തിന് അയാൾ പിന്നെ വിളിച്ചില്ല.

മുറിയിലുണ്ടായിരുന്ന ഗ്ലോബ്, മാക്ലീൻസ് ഒക്കെ നീല ബിന്നിലിട്ടു. മുറി ഒരു വിധം കാലിയാക്കി ഒടുവിൽ ഒരു കഞ്ഞിക്കലം ബാക്കിയായി.

എറണാകുളത്തുള്ള കാളിയപ്പ ചെട്ടിയാരുടെ കടയിൽ നിന്ന് ഭാര്യ വാങ്ങിത്തന്നത്. നല്ല ഗേജുള്ളത്. ഭാര്യ വാങ്ങുമ്പോൾ നല്ല ഗേജും ഗുണമേന്മയുള്ളതുമേ വാങ്ങൂ. എന്റെ കാര്യത്തിൽ മാത്രമേ അത് തെറ്റിപ്പോയുള്ളൂ.. നല്ല ബന്ധങ്ങൾ ഖിയാമത് വരെ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നത് തെറ്റല്ലല്ലോ. അതുപോലെ ഈ കലവും.

കഞ്ഞിമാത്രമല്ല, തണുപ്പു രാജ്യത്തേക്കല്ലേ അതിയാൻ പോകുന്നത്, ഒന്ന് വെള്ളം കാച്ചേണ്ടിവന്നാൽ, അതിനും ഉപകരിക്കട്ടെ.

ആ കലം ഒരു പ്രശ്നമായി.

കിച്ചൻ വേസ്റ്റ് ഇടുന്ന കറുത്ത ബിന്നിലിടുവാൻ വയ്യ. പ്ലാസ്റ്റിക്, കാർഡ് ബോർഡ് പെട്ടി എന്നിവയിടുന്ന നീലബിന്നിലിടുവാനും വയ്യ. ചില പഞ്ചാബികൾ ചെയ്യുന്നതുപോലെ പൊതിഞ്ഞുകെട്ടി വേണമെങ്കിൽ സിറ്റിയെ പറ്റിക്കാം. ഇത്രയും നല്ല ഒരു ജീവിതം തന്ന ഈ രാജ്യത്തെ ഞാൻ ചതിക്കുകയോ, നിയമങ്ങൾ ലംഘിക്കുകയോ, വയ്യ. ഞാൻ നല്ല ഒരു സമരിറ്റനാണ്. കലം മാത്രം ബാക്കിവച്ചു.

എൻറെ കമ്പനിയിൽ മെറ്റൽ ട്രാഷ് റിസൈകിൾസ് ഉണ്ട്. നല്ല തീരുമാനം. പിറ്റെ ദിവസം ജോലിക്കുപോയപ്പോൾ കാളിയപ്പചെട്ടിയാരുടെ കലം പൊതിഞ്ഞ് എൻറെ കമ്പനിയിലേക്ക് കൊണ്ടുപോയി. സീറ്റിൽ തന്നെ വച്ചു. വൈകീട്ട് പോരാറായപ്പോൾ പൊതിയഴിച്ച് ആരും കാണാതെ ആ മെറ്റൽ ട്രാഷ് ബിന്നിലിട്ടു. എൻറെ കലം എത്തേണ്ടിടത്തെത്തി. ഞാൻ എത്ര നല്ല പൗരനായി. നല്ല ഒരു പരിസ്ഥിതി പ്രേമി. അങ്ങിനെയായിരുന്നു ഞാൻ പണ്ട്, ഇപ്പോൾ വീണ്ടും. താങ്ക്യു കാനഡ.

പിറ്റെ ദിവസം ജോലിക്കുചെന്നപ്പോൾ എൻറെ ഡിപ്പാർട്ടുമെൻറിൽ മൂന്നുനാലു പെണ്ണുങ്ങൾ വട്ടം കൂടി നിൽക്കുന്നുണ്ട്.

ഒരു ഗോളാന്തരജീവിയെ കണ്ടതുപോലെ ആ മദാമ്മ എന്തോ നോക്കുന്നുണ്ട്.

അടുത്തെത്തിയപ്പോൾ ഞാൻ കണ്ടു, എൻറെ മേശപ്പുറത്ത് എൻറെ പ്രിയപ്പെട്ട കഞ്ഞിക്കലം.

മെറ്റൽ ട്രാഷിൽ കിടക്കുന്നത് മാഡം ഡയാനാണ് കണ്ടത്. അവരത് പൊക്കിയെടുത്തു.

ഡയാൻ പറഞ്ഞു: ഇത് ഇൻറസ്ട്രിയൽ മെറ്റൽ റിസൈക്ളിംഗിനുള്ള ബിന്നാണ്. ഇത് ഇതിലിടുവാൻ പാടില്ല. ഇതുപോലുള്ള സാധനങ്ങൾ നിക്ഷേപിക്കുവാനുള്ള ഒരു ഫോൺ നമ്പറും അവർ പറഞ്ഞുതന്നു.

വൈകീട്ട് ഞാനെൻറെ കഞ്ഞിക്കലവുമായി തിരിച്ചുപോന്നു.

പഞ്ചാബിയെപ്പോലെ ഞാനത് പ്ലാസ്റ്റിക്കിലാക്കി നീല ബിന്നിലൊതുക്കി.■




# കാലന്റെ പാട്ടുപെട്ടി



**കൂപ്പിയ കൈകൾക്കുള്ളിൽ ചെറിയ കുരിശും പിടിച്ച് ശവമഞ്ചത്തിൽ കിടക്കുന്ന എന്നെ കാണാൻ വരുന്നവർക്ക് മുന്നിൽ മക്കൾ നിറകണ്ണുകളോടെ നിന്നില്ലെങ്കിലും എല്ലാവരും ചടങ്ങിൽ ഉണ്ടാകണേ എന്ന് ഞാൻ മനസ്സിൽ പ്രാർത്ഥിച്ചു.**

-Jerin Chirammel George

കഴിഞ്ഞ മാസം ഈ ഒറ്റ മുറിയിലേക്ക് താമസം മാറ്റുന്നതിന് മുമ്പ് വരെ നരകം എന്നു ഞാൻ വിളിച്ചിരുന്ന ഒരു ഹാളിൽ ആയിരുന്നു. പ്രതീക്ഷ എന്നത് ഒരു വാക്കു മാത്രമായി സങ്കൽപ്പിക്കാൻ കഴിയുന്ന കുറച്ച് ശാപം പേറിയ ജൻമങ്ങൾ താമസിക്കുന്ന ആ സ്ഥലത്തെ അങ്ങനെ വിളിക്കാനാണ് എനിക്ക് തോന്നിയത്. അവിടെത്തേക്കാൾ അൽപ്പം സൗകര്യകൂടുതൽ ഉണ്ട് ഈ മുറിയിൽ. കണ്ണ് തുറന്നാൽ കാണാൻ പാകത്തിന് ഒരു മാതാവിന്റെ ചിത്രവും ഒരു ക്ലോക്കുമുണ്ട്. തീരെ വയ്യാത്ത കിടപ്പു രോഗികളെ പരിചരിക്കുന്ന ഇത്തരം മുറികളാണ് ആ നരകത്തിൽ നിന്നും ഇവിടത്തെ അന്തേ വാസികൾക്കു മോചനം നൽകുന്നത്. രാവിലെ നനഞ്ഞ തുണി കൊണ്ട് തുടച്ചിട്ടു ഡയപ്പെറും കെട്ടിയിട്ടു പോകുന്നവരിൽ ചിലർ വൈകുന്നേരം വന്നു നോക്കുമ്പോൾ മല മൂത്രവിസർജനം ചെയ്തിട്ടുണ്ടെങ്കിൽ പ്രാകികൊണ്ടാണ് അത് വൃത്തിയാക്കുന്നത്.

രണ്ട് ദിവസം മുൻപ് വന്നയാൾ എന്നെ തെണ്ടി എന്ന് വിളിച്ചതിൽ എനിക്ക് വിഷമം തോന്നിയില്ല കാരണം അവർക്ക് മുന്നിൽ മനസ്സുകൊണ്ട് എത്രയോ തവണ തെണ്ടിയിരിക്കുന്നു. അവരെ ബുദ്ധിമുട്ടിക്കണമെന്നു ആഗ്രഹം ഉണ്ടായിട്ടല്ല ശരീരത്തിന് മുകളിലുള്ള എന്റെ കടിഞ്ഞാൺ പണ്ടേ നഷ്ടപ്പെട്ടിരുന്നു. ഈ വൃത്തിയാക്കൽ ഭയന്നാകണം ചിലർ ഭക്ഷണം പോലും തരാതെ വെള്ളം മാത്രം തന്നിട്ട് പോകുന്നത്. എല്ലാം കണ്ടും കേട്ടും കിടക്കാമെന്നല്ലാതെ ഒരു ചെറുവിരൽ അനക്കാൻ പോലും എന്നെ കൊണ്ട് സാധിക്കില്ല.

തൊട്ടപ്പുറത്തുള്ള റൂമിൽ നിന്നും വളരെ നേർത്ത സ്വരത്തിൽ പാടുന്ന ഒരു പാട്ട് എന്റെ അനുവാദം ചോദിക്കാതെ ചെവിക്കുള്ളിലേക്ക് കയറുന്നുണ്ടായിരുന്നു.

'ഏറിയാലറുപത് അല്ലെങ്കിൽ ഒരു നൂറ് വർഷം നീ വാഴും...' പണ്ട് മരിച്ചവരുടെ മാസമായ നവംബർ മാസത്തിൽ കുർബ്ബാന തുടങ്ങുന്നതിന് മുമ്പ് ഈ പാട്ട് ടേപ്പ് റിക്കാർഡിൽ വെച്ചിരുന്നത് ഞാൻ ഓർത്തു. വർഷത്തിൽ പതിനൊന്ന് മാസം അനാഥ ശവമായി കിടന്നിട്ട് എല്ലാവരും മണ്ണിടഞ്ഞ ഉറ്റവരെ തേടി സെമിത്തേരിയിൽ എത്തുന്ന മാസമാണ് നവംബർ. മാർബിളു കൊണ്ടും ഗ്രാനൈറ്റ് കൊണ്ടും നിർമ്മിതമായ കല്ലറകളിൽ ചിരിച്ചിരിക്കുന്ന പരേതർ പൊതു കല്ലറകളിൽ കിടക്കുന്നവരോട് അധികം പുച്ഛം തോന്നുന്നതും നവംബറിൽ ആയിരിക്കണം. ടേപ്പ് റെക്കോർഡർ ആരോടോ ഉള്ള ദേഷ്യം തീർക്കാനെന്ന വണ്ണം നിറുത്താതെ

പാടികൊണ്ടിരുന്നു. അടുത്തത് ഞാനാണെന്ന സൂചന തരും പോലെ എനിക്ക് തോന്നി. ഇന്നു ഞാൻ നാളെ നീ എന്ന് സെമിത്തേരിയിലെ മാലാഖയുടെ പ്ര തിമയുടെ താഴെ എഴുതിയിരുന്നത് ഓർത്തു പോയി.

പതിനഞ്ച് വർഷം മുൻപ് താഴെയുള്ള മകൻ സണ്ണി എന്നെ ഇവിടെ കൊണ്ട് വന്ന് വിട്ട് പോയ ശേഷം ഒരു നാൾ ഞാൻ കണ്ടിട്ടുണ്ട് ആ ടേപ്പ് റിക്കാർഡർ. പാനസോണിക്കിന്റെ കറുപ്പു നിറത്തിലുണ്ടായിരുന്ന ആ ടേപ്പ് റിക്കാർഡർക്കും വയസ്സായത് കൊണ്ടാകണം സി ഡി എന്ന് പറയുന്ന കാസറ്റ് ഇടാവുന്ന പുതിയ പാട്ടുപെട്ടി വന്നത്. ആയുർദൈർഘ്യം മണിക്കൂറുകളിൽ നിർവ്വചിക്കപ്പെടുമ്പോൾ അവരുടെ മുറിയിൽ എത്തും കാലന്റെ ആ പാട്ടുപ്പെട്ടി.

എന്റെ ഊഹം ശരിയാണെങ്കിൽ തൊട്ടപ്പുറത്തെ മുറിയിൽ കിടക്കുന്നത് ലാസറേട്ടനാണ്. ഇവിടെ വരുന്ന കാലത്ത് ദൃഢഗാത്രനായിരുന്ന ആ മനുഷ്യൻ എല്ലുകൾ പുറത്തു കാണത്തക്ക രൂപത്തിലേക്ക് മാറിയത് ചുരുങ്ങിയ നാളുകൾ കൊണ്ടായിരുന്നു. ശ്വാസകോശ അർബുദം ബോധമനസിനെ കാർന്നു തിന്നുന്നതിന് മുൻപ് വരെ ലാസറേട്ടൻ പറയുമായിരുന്നു. 'ആണും പെണ്ണുമായിട്ട് ആകെണ്ടായോനാ. അവനൊരിക്കെ ഹാർട്ടോപ്പറേഷന് ന്നുംപറഞ്ഞ് ഇണ്ടാർന്ന വീടും വിറ്റ് വാടക വീട്ടിൽക്ക് മാറീതൊക്കെ മോൻ മറന്ന്ണ്ടാവും. അപ്പന് വയസ്സായീല്ലോ ഇനിയിപ്പോ ചികിൽസിച്ചിട്ടെന്തൂട്ടിനാ?'

എന്റെ മക്കൾക്കും ഏതാണ്ട് അതേ മട്ടാണ്. പെട്ടെന്ന് ഒരു നാൾ ഒരിക്കലും ഉണരാൻ കഴിയാത്ത നിദ്രയിൽ അകപ്പെട്ടാൽ എന്തായിരിക്കും സംഭവിക്കുക എന്ന് ഓർത്ത് ഒരു സമാധാനവും ഇല്ല. കൂപ്പിയ കൈകൾക്കുള്ളിൽ ചെറിയ കുരിശും പിടിച്ച് ശവമഞ്ചത്തിൽ കിടക്കുന്ന എന്നെ കാണാൻ വരുന്നവർക്ക് മുന്നിൽ മക്കൾ നിറകണ്ണുകളോടെ നിന്നില്ലെങ്കിലും എല്ലാവരും ചടങ്ങിൽ ഉണ്ടാകണേ എന്ന് ഞാൻ മനസ്സിൽ പ്രാർത്ഥിച്ചു. ചിത്രത്തിലെ മാതാവ് എന്നെ നോക്കി പുഞ്ചിരിക്കുന്നതു പോലെ എനിക്ക് അപ്പോൾ തോന്നി.

രണ്ട് ദിവസം മുമ്പ് എനിക്ക് സ്പൂൺ കൊണ്ട് തന്ന ഭക്ഷണത്തിൽ കുറച്ച് ശ്വാസകോശത്തിലേക്ക് പോയെന്ന് ഡോക്ടർ പറഞ്ഞത് കേട്ടിരുന്നു. ആസ്പിരേഷൻ ന്യൂമോണിയ എന്ന പേരിട്ടാണ് അവരിതിനെ വിളിക്കുന്നത്. അതുകൊണ്ടായിരിക്കണം ഇപ്പോൾ എനിക്ക് പനിക്കുന്നത്. മാതാവിന്റെ ചിത്രവും നോക്കി ഇങ്ങനെ കിടക്കും. ഉറക്കെ പ്രാർത്ഥിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും മനസ്സിനകത്തു നിന്ന് ശബ്ദം പുറത്ത് വന്നില്ല. പണ്ട് സന്ധ്യാ പ്രാർത്ഥനക്ക് ഉച്ചത്തിൽ ചൊല്ലാത്തതിന് മക്കളെ ചീത്ത പറഞ്ഞത് ഓർത്തുപോയി.

കൊന്ത ചൊല്ലി പകുതി ആയപ്പോഴേക്കും ഒരു കാര്യം വ്യക്തമായി. ലാസറേട്ടന്റെ മുറിയിലെ പാട്ട് നിലച്ചിരിക്കുന്നു. അധികം താമസിയാതെ ലാസറേട്ടന്റെ മൃതദേഹം ലാസറേട്ടൻ അധ്വാനിച്ചുണ്ടാക്കിയ വീടിന്റെ ഉമ്മറത്ത് കട്ടിലിൽ ശവപ്പെട്ടിയിൽ കിടത്തും. കുളിച്ച് പൗഡറിട്ട് വെള്ള വസ്ത്രമിട്ട് കിടക്കുമ്പോൾ തലക്ക് മുകളിൽ ഒരു കുരിശും രണ്ട് മെഴുകുതിരി കാലുകളും ഉണ്ടാകും. അന്തരീക്ഷത്തിൽ ചന്ദനത്തിരിയുടെ ഗന്ധം പരക്കുമ്പോൾ കരഞ്ഞുകൊണ്ടിരിക്കുന്ന മരുമകൾ ഇടക്കിടെ ഈച്ചയെ ആട്ടിപ്പായിക്കുന്നുണ്ടാകും. പാവം നല്ല മനുഷ്യനായിരുന്നു, അങ്ങേർക്കിത് സംഭവിച്ചല്ലോ, എപ്പോഴാ അടക്കുന്നത് തുടങ്ങിയ അടക്കം പറച്ചിലുകൾ ഒപ്പീസിന്റെ പാട്ടിനൊപ്പം ലയിച്ച് ചേരും.

ലാസറേട്ടന്റെ ആത്മാവിന് നിത്യശാന്തി കൊടുക്കണേ എന്ന് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന നേരത്ത് വാതിൽ തുറന്ന് അകത്തേക്ക് കടന്ന അയാളുടെ കയ്യിൽ ആ പാട്ടുപ്പെട്ടി ഉണ്ടായിരുന്നു. തലക്ക് അടുത്തുള്ള മേശമേൽ വെച്ച ആ പാട്ടുപ്പെട്ടി കുറഞ്ഞ സ്വരത്തിൽ പാടാൻ തുടങ്ങി.

'യാത്രയാകുന്നിതാ പ്രിയ ജനമേ കരയല്ലേ
കരയല്ലേ പോകുന്നു ഞാൻ...''

പിറ്റേന്ന് രാവിലെ വരെ പാടിയിരുന്ന പാട്ട് ആരോ നിറുത്തി മറ്റൊരു മുറിയിലേക്ക് കൊണ്ടു പോകുന്നത് കാഴ്ചകളിൽ ഇരുട്ട് പരക്കും മുൻപേ ഞാൻ കണ്ടു... ■



# കത്ത്


-Suresh Shekharan

ഞാനെഴുതിയ അവസാനത്തെ കത്ത്
അച്ഛനോടുള്ള സ്നേഹാന്വേഷണമായിരുന്നു.
അച്ഛാ, സുഖമല്ലേ?
മരുന്ന് മുറക്ക് കഴിക്കാറില്ലേ?
പറമ്പിൽ പണിക്ക് ആള് വരാറില്ലേ?
നടക്കാറില്ലേ?
പെൻഷൻ, സമയത്തിന് വരാറില്ലേ?
അമ്മക്ക് സുഖമല്ലേ?
കഷായം കുറുക്കാറില്ലേ?
തേങ്ങ പറിച്ചില്ലേ?
കുരുമുളക് മെതിച്ചില്ലേ?
ചതച്ചില്ലേ? മെതിച്ചില്ലേ?
ഉടച്ചില്ലേ? കൊടുത്തില്ലേ?
തെഴുത്തില്ലേ? തളിർത്തില്ലേ?
തകർന്നില്ലേ? മരിച്ചില്ലേ? ല്ലേ? ല്ലേ?

ഒരു മാസം കഴിഞ്ഞ്
മഞ്ഞക്കാമല വന്നെന്ന പോലെ
വിളറിമഞ്ഞച്ച കാർഡിൽ
ഒരു വാചകം
മറുപടിയായി വന്നു.
''ഞാൻ ഉണ്ട്''

പിന്നെ ഞാനാർക്കും കത്തെഴുതിയിട്ടില്ല


"Giving you peace of mind, and Securing your future".
SUPER VISA INSURANCE EXPERT.
• Life Insurance
• Kid's Education Plan (RESP)
• Disability Insurance
• Critical illness Insurance
• Visitor Insurance
No obligation Free Quote
jitendersharma0492@gmail.com
Jeet Sharma
(587) 719-0343


Fresh
Si Foods
100% NATURAL INGREDIENTS
Ready to Cook
IDLY | DOSA BATTER
(Naturally Fermented)
FOR MORE INFORMATION CONTACT US :
1919 - 31ST ST SE , CALGARY
PH : 403 475 5672 , 403 890 5672
www.freshsifoods.com
No Preservatives or Softening agents added
Available in All Leading Indian & Srilankan Stores

# SELF RESPECT



**AS I WAS WALKING, I HEARD SINGING FROM A DISTANT ROOM. I POKED MY HEAD INTO THE ROOM, AND REALIZED THE AUDITIONS WERE GOING ON.**

- Neha Rajesh

I opened the gate to the back yard, the sound of loud rap music hit me. I tried to cover my body with the wrap.

"Hey Jennie, you look cute. What's up with the wrap up though," Lisa stated while approaching me, with a huge grin. That was easy for her to say, she's so skinny and pretty.

"You look weird take it off, cute nails though," Ava stated looking into her cup with so much disinterest.

"Yah, nails fit for a fifth grader." I turned around to see Madison smirking, and Jill giggling right beside her. Madison then exploded into loud laughs, "I'm kidding they're nice, I guess. Take off the wrap though, it looks retarded."

"Yah it does look retarded," Jill said glued to Maddie's side. I turned around and rolled my eyes, starting to slip the wrap off of me. An end of the summer pool party is so cliche, but of course no one says no to Maddie.

I'm Jennie Chow. I'm like every other girl you see on the streets. I've got too many insecurities to count. I wish I looked like Lisa. Of course the other girls are gorgeous too, but they try too hard. Lisa is so comfortable with herself she's beautiful inside and out. I met her last year, after Jill introduced us to her. The other girls I've been friends with since grade two.

The rest of the evening passed by pretty quickly. Before we left Maddie's house we all chose our outfits for tomorrow. I guess the first day of grade ten is important. Especially since we are starting highschool at Mcavey High. I showed Maddie the shorts and short sleeve shirt I was planning on wearing.

She looked at me and raised an eyebrow, "C'mon Jennie don't wear that shirt your arms are getting kind of big." I felt my heart pang, it's true my arms would have looked like hippo legs in that shirt. I mumbled a bye to everyone and started to walk home. While the Chicago winds whipped my long black hair around, I started to think of what Madison said to me.

The first day of school came, then the second, the third and so on. The school year was passing by so quickly it was already the new year. My friends and I didn't have all our classes together, but we always met up for lunch.

One day on my way to the school busses, I noticed a teacher putting up auditions sheets for the upcoming play.

"Ah, why not," I said to myself, "maybe one of the girls will join me. A few days later, at lunch, I brought up the topic. Everyone stared at me for a minute.

Then Lisa smiled and said, "Sounds fun."

"Why not, I guess," Ava said, trying to look bored, but you could tell she was intrigued. "

"Well I'm in if Maddie's in," Jill stated.

"Have you guys lost it," Maddie suddenly screeched. Only loners and wannabe actors participate in the play. Jennie can you please use your head for once, the idea is lame and none of us are going to be in that play."

I was shocked. I felt a lump in my throat, as I looked at the others faces. They all hung their heads. I got up and stormed out of the school. The second I went outside the Chicago cold hit me, and I felt weak. It felt like frost was forming on my pale skin. I paced my long legs in front of the school, trying to come up with an apology. I guess it was my fault, acting isn't for everyone, the play was probably going to be lame.

The next day I sat down with my friends at lunch. It was silent.

Then I started, "Uhm guys, I'm really sorry about yesterday. The play was a dumb idea, and I overeacted."

Maddie smiled, " I accept your apology, I'm glad you came to your senses. By the way are those shoes bricks, because they look like them." I tucked my feet underneath the chair trying to hide my shoes.

I thought they looked nice, guess I won't be wearing them anymore.

"Uhm I need to go to the bathroom," I said. I quickly got up and walked away from the awkward aura.

As I was walking, I heard singing from a distant room. I poked my head into the room, and realized the auditions were going on. Suddenly, everything that happened in the past few days didn't matter. In a matter of a few minutes, I was up on stage singing and performing my script without hesitation. The second I stepped out of the room, everything hit me. I spent the rest of the day hoping,no, praying that I didn't get a part in the play. I knew if I got a part I wouldn't have the heart to quit. At the end of the day, I couldn't help sneak a peek at the cast and crew list. I walked up to the paper with my eyes closed.

"Your playing Wendy Darling in Peter Pan, Congrats," said a familiar voice. I took my hands off my face to see Lisa, with a bright smile. She threw herself on me and gave me a giant bear hug. "Jen, I'm so proud of you."

"Thanks, but...," I trailed off.

Lisa gave me a sympathetic smile, "Don't worry I'll keep your secret from them."

It was the beginning of May, and our production of Peter Pan was in less than a week. In the past few months I had play practice quite a lot. Lots of them during our lunch break. Ms. Oh, the drama teacher, was a sweetheart though, and made the schedule more flexible. I'm heavily shocked and relieved that Madison, Jill, and Ava have had no suspicion of me being in the play. I would make up some excuse to Madison that I was going to get extra help from a teacher during lunch breaks. Of course, Madison would taunt me on how I was a teacher's pet, but I ignored it. Lisa would also come to as many practices of mine, as she could.

Two days before the production I was walking out of 3rd block.

All of a sudden, Maddie came running up to me. "Hey Wendy." My eyes widened in shock.

"How did you find out?" I asked, sweat beads forming on my head.

Maddie gave me a glare, "I'm not dumb, the cast and crew pamphlets for Peter Pan are everywhere. Congrats on making it in to the losers club. God I can't believe you went behind our backs just to join a play full of dorks, and now you're one of them." By now all our friends were around us. Jill just listened and giggled, while Ava glared at me, and Lisa was nowhere to be seen.

I turned around ready to run away from them. There was that feeling again, the lump in my throat.

"I hope you know that, no one cares about your dumb play," Maddie continued.

"I care about the play and I care about Jen," I looked up to see Lisa with a determined face. She grabbed my hand and pulled me back to Maddie.

All of a sudden I was mad. I recalled every time that Madison put down. I was done with this.

"Maddie listen, I know we've been friends for years, but this has to stop. The way you treat me is wrong. You know what, I like my body and my brick looking shoes. I'm sorry if we don't have the same interests. I like what I do though, and I don't need your validation for it. You can continue to be my friend, but you will respect me and my decisions. I love myself, and your opinion will not change that." I said feeling stronger and stronger after every word.

I can't believe I just did that, it felt good. I gave one last smile to them, and walked away. I could feel Lisa walking right behind me.

I pushed the door, the grass was green, and the sun was glowing. "Only two more days till summer break. I'm so excited, we definitely have to take a trip to Cove Beach." Lisa said walking up to me, her beautiful brunette hair flowing in the summer breeze. I gave her a goofy grin. Things felt right again.

It had been two months now since the whole incident with the play. The play went amazing, and we had a full house. Maddie, Jill, and Ava don't talk to us anymore. We don't sit together either. I think it's for the best. Lisa and I are as close as ever. We made the rugby and track team together. We helped each other study for the finals and both achieved an average with honours. She's there for me and I'm there for her. She's the greatest best friend I could ask for.

Looking back at this year, all I can say is it's been a whirlwind. It really changed me though. I finally learned to let go of those who hold me down. It is my life and decisions, if someone doesn't respect that and puts me down for it, they aren't worth my time. I learned that loving yourself doesn't just mean loving your body. It means loving what you do, and doing good for yourself. I won't let the opinion of others bring me down. I stopped hating myself for everything I wasn't, and started loving myself for what I am. I finally realised that to love and respect myself I didn't need to be perfect. I love and respect myself because I am beautiful and unique on the inside and out. ■

# മകനേ വാർദ്ധക്യം പുൽകുന്നെന്നെ



- Dr. Mathew Joys

മകനേ വാർദ്ധക്യം പുൽകുന്നെന്നെ, ക്ഷമയോടിരിക്കുമോ നീ
നീയറിയുന്നില്ലെൻ അരുതായ്കകൾ, എന്നോർമ്മക്കേടുകൾ
പുലമ്പുന്നു പറഞ്ഞതൊക്കെയും ഞാൻ വീണ്ടുമറിയാതിപ്പോൾ
മകനേയോർമ്മയുണ്ടോ ഞാൻ നിൻബാല്യകാലേ വീണ്ടും
വീണ്ടും അക്കഥകൾ ചൊന്നു നീ സുഖനിദ്രയിലാവോളമെന്നും..

കുളിക്കാൻ ഞാനിന്നു വൈകിയാൽ, കാണുന്നു നിൻ രൗദ്രത
കുട്ടിയായിരുന്നനിൻ പിറകെയോടിയെത്ര, വെറും തോർത്തുമായ്
കുളിപ്പിക്കാൻ വിളിക്കുമ്പോഴൊക്കെ, മടിയാ മറന്നുവോ നീ?
കുട്ടിയാം നിനക്കന്നു ട്രൗസറിൻ ഹുക്കിടാനും, മുടി ചീകാനും
കൂട്ടിക്കെട്ടാൻ നിൻ ഷൂലെയ്സും, ഞാനല്ലേ പഠിപ്പിച്ചതോർത്തീടുമോ?

വിജ്ഞാനം ലഘുവല്ല, ചൊല്ലൂ നീ,പയ്യെ ഞാൻ പഠിക്കുമേ പുതു-
വിദ്യകൾ സ്വായത്തമാക്കാൻ സമയം കുറെയേറെ വേണമേ.
വിരലുകൾ ചലിക്കില്ല, ഓടില്ലെൻ ബുദ്ധിയും ലവലേശം
വികാരഭരിതനായ് നീ ചൂടായാൽ, രഹിതം പ്രയോജനം
വിങ്ങുമെൻഹൃദയത്തിൽ സുഖമാം പ്രാർത്ഥനയൊന്നുമാത്രമേ
വിലപ്പെട്ട നിമിഷങ്ങൾ ഒരു ബാലനേപ്പോൽ നിന്നോടൊപ്പം
വിധിവന്നു വിളിക്കുംവരെ കഴിയാൻ കൊതിക്കുന്നേവം.

കാലുകളിടറി വീഴാൻ ഞാൻ, വിറയാർന്നു നീങ്ങിടുമ്പോൾ
കരമൊന്നു നീട്ടിയെന്നെ രക്ഷിക്കൂ, വീണുടയാതെയെന്നസ്ഥികൾ
പിച്ചവെച്ചു നടക്കാൻ നീ വെമ്പിയ നാൾമുതൽ കാലമെത്രയോ
പിഞ്ചുകൈകളെ പിടിച്ചു നടത്തി ഞാൻ, സ്മൃതിയിലുണ്ടോ നിൻ.
പലതും മറന്നു ഞാൻ മൂകമാം നിമിഷങ്ങളിൽ, ശാന്തമാം ചിരിയോടെ
പറഞ്ഞുണർത്തുമോ നീയെൻ, മങ്ങിടും സ്മൃതിപഥങ്ങളെ വല്ലപ്പോഴും
മറക്കില്ലൊരിക്കലും ഞാൻ, നിദാന്തമാമീ സ്നേഹത്താൽ ബന്ധിതമാം
മകനോടൊപ്പം ചിരിച്ചും രസിച്ചും, പഠിച്ചും പഠിപ്പിച്ചും മറന്നും
മാനുജജന്മത്തിൻ അർത്ഥങ്ങൾ അർത്ഥവത്താക്കി തുടരാം നമ്മിലൂടെന്നും.






# ഉംബേർത്തോ



-Stalin Bavakkatt

കഴിഞ്ഞ രാത്രിയുറക്കം എനിക്കൊരു സ്വപ്നം തന്നു!

റോമാനഗരിയിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ കല്ലുപാകിയ നടുമുറ്റത്തേക്കു ഞാൻ എത്തപ്പെടുന്നു...

വെള്ളരിപ്രാവുകളുടെ ചിറകടികൾക്കിടയിലൂടെ ഭീമൻ കൽത്തൂണുകൾക്കിടയിലൂടെ തേജസുറ്റ മനോഹരമായ പുഞ്ചിരിതൂകി നിൽക്കുന്ന ഒരു എഴുപതുകാരന്റെ മുഖം ഞാൻ കാണുന്നു...

പ്രൗഢഗംഭീരമായ കാഴ്ച്ചകൾ കണ്ടുമടങ്ങുന്ന വിനോദസഞ്ചാരികൾ കൂടെകൊണ്ടു പോകുന്നത് ഈ മനുഷ്യന്റെ പ്രകാശം തുളുമ്പുന്ന ചിരിമുഖം മാത്രമായിരിക്കും എന്നു വിചാരിച്ചു നിന്ന എന്റെ ചെവിയിൽ സഞ്ചാരികളിലൊരാൾ പറഞ്ഞു തുടങ്ങി

ആ ചിരിയുടെ പേര് ഉംബേർത്തോ. തെക്കൻ ഇറ്റലിയിലെ ഏതോ ഒരു ഗ്രാമത്തിൽ നിന്ന്, ഞൊണ്ടിക്കാലുമായി ഇരുപത്തിയൊന്നാം വയസിൽ വൈദീകനാകാൻ എത്തിയതാണീ നഗരത്തിലയാൾ...

കാലു വൈകല്യമുള്ളതുകൊണ്ട് 'ദൈവവിളി' ഇല്ലായെന്നു പറഞ്ഞപള്ളിവാതിലിൽ പടിയിൽ, പരാതികളില്ലാതെ നിഷ്കളങ്കമായ ചിരി വിടർത്തിക്കൊണ്ട് അന്നുമുതൽ ഇന്നുവരെ സഞ്ചാരികളെ അഭിവാദ്യം ചെയ്തു നിൽക്കുന്നു... ഉംബേർത്തോ.

വെള്ളരിപ്രാവുകൾ കൊത്തി ബാക്കിയാക്കുന്ന ബ്രഡ് തരികൾ മാത്രം ഭക്ഷിച്ച് പതിറ്റാണ്ടുകളായി ഒരു പുഞ്ചിരി പൂവായി പള്ളിമുറ്റത്തു വിടർന്നു നിൽക്കുന്ന ഈ മനുഷ്യനെ ഒരു അത്ഭുതമായി, വിശുദ്ധനായി ഞാൻ ഉച്ചത്തിൽ പ്രഖ്യാപിക്കുന്നു....

'പുഞ്ചിരിക്കുന്ന വിശുദ്ധൻ' എന്ന് എനിക്കൊപ്പം എല്ലാ സഞ്ചാരികളും ഏറ്റുപറയുന്നു...

പറച്ചിലുകളുടെ മുറുക്കംകൂടി വന്നപ്പോൾ എന്റെ

ഉറക്കം മുറിഞ്ഞു, സ്വപ്നം മറഞ്ഞു. ചരടു പൊട്ടിപ്പറന്ന പട്ടത്തെ തിരയുമ്പോലെ, കണ്ണാടിക്കു മുമ്പിൽ കണ്ണോടിച്ചോണ്ടു നിൽക്കുന്ന ഞാൻ, കവിളത്തൊഴുകിയ ഈന്തപ്പാടും ചുരണ്ടി കൊണ്ട് സ്വയമൊരു ചോദ്യം വിട്ടു.

''പുഞ്ചിരി കൊണ്ട് ഒരാൾക്ക് വിശുദ്ധനാകാൻ പറ്റുമോ? The Saint of Smile?''

ഉത്തരം മനകണ്ണാടിയിൽ തെളിഞ്ഞു... ''മനുഷ്യനായി നിന്നെ സൃഷ്ടിച്ച ദൈവം നീ എന്നും മനുഷ്യനായിരിക്കണമെന്നു മാത്രമാണാഗ്രഹിക്കുന്നത്. നന്മയുള്ള മനുഷ്യൻ വിശുദ്ധിയുള്ള മനുഷ്യൻ''

ഉത്സാഹപൂർവ്വം ഞാൻ ഉറക്കെ പറഞ്ഞു:

''പെണ്ണുംകെട്ടി പിള്ളേരുമായി കഴിയുന്ന എനിക്കുള്ള 'ദൈവവിളി സന്യാസിയോ പുരോഹിതനോ ആകാനല്ലാ...വിശുദ്ധനാകാനാണ്'.

ചായക്കപ്പുമായി കണ്ണാടിയിൽ പ്രത്യക്ഷപ്പെട്ട എന്റെ ഭാര്യ: ''എന്നേം പിള്ളേരേം വിട്ട് സന്യസിക്കാൻ പോയാൽ കൊല്ലും ഞാൻ നിങ്ങളെ.''


ഞാൻ ചിരിച്ചു; കൂടെ അവളും.

സ്നേഹപൂർവ്വം ഞാനവളെ ചേർത്തു പിടിക്കുന്നതിനിടയിൽ എന്റെ മനസിന്റെ കണ്ണാടിയിൽ ഉംബേർത്തോ ഇങ്ങനെ എഴുതി വച്ചു: ''സ്നേഹത്തിന്റെ സമാധാനത്തിന്റെ വിശുദ്ധമായ ഒരു വെളുത്ത തൂവാല, ദൈവം എല്ലാവരുടേയും പോക്കറ്റിലിട്ടു തന്നിട്ടുണ്ട്...

ഇടയ്ക്കിടെ ആ പുഞ്ചിരിത്തൂവാല കൊണ്ട് മുഖം തുടയ്ക്കുന്നത് നിങ്ങളുടേയും മറ്റുള്ളവരുടേയും ജീവിതത്തെ തേജസുറ്റതാക്കും.'' ■

# പ്രിയപ്പെട്ട എബിക്ക്

Mississauga
July/20/2020



-Kunjuss

പ്രിയപ്പെട്ട എബീ,

കുറെ നാളായി നിനക്കെഴുതണമെന്നു കരുതുന്നു. പിന്നെയും അതങ്ങനെ നീണ്ടുനീണ്ടു പോയതിൽ ക്ഷമിക്കുമല്ലോ...

ലോകം മുഴുവൻ കൊറോണഭീതിയിൽ കഴിയുന്ന ഈ നാളുകളിൽ ഒന്നിനും കഴിഞ്ഞില്ലെന്നതാണ് വാസ്തവം. എല്ലായിടത്തെയും പോലെത്തന്നെ ഇവിടെയും ആദ്യം കൊറോണയെ ഗൗരവമായെടുത്തില്ല... ആ കാലത്തു കൊറോണയെ പ്രതിരോധിക്കാനുള്ള നാട്ടിലെ പ്രവർത്തനങ്ങൾ വളരെ ആശ്വാസത്തോടെയാണ് നോക്കിക്കണ്ടത്. ലോകത്തിന്റെ അങ്ങേയറ്റത്തൊരു കുഞ്ഞു നാടുണ്ടെന്നും അവിടെ നൂറു ശതമാനം സാക്ഷരരായ ജനങ്ങളുണ്ടെന്നും ദൈവത്തിന്റെ സ്വന്തം നാടെന്നാണ് ആ സ്ഥലം അറിയപ്പെടുന്നതെന്നുമൊക്കെ എന്റെ ഓഫീസിലെ കൂട്ടുകാരെ പറഞ്ഞു മനസിലാക്കാൻ ശ്രമിച്ചു പരാജയപ്പെട്ട നാളുകളിൽ നിന്നും കേരളയാണ് എന്റെ നാട് എന്നു പറയുന്നതിലേക്കു ഓടിച്ചാടി കേറിയ കോണിയായി മാറി കൊറോണ. കേരളക്കാരിയെന്ന്, മലയാളിയെന്ന് അഭിമാനപൂർവ്വം തലയുയർത്തിപ്പിടിച്ചു.

ആ സമയത്ത്, ഇവിടെ അത്രയും കർശനമായ നിയന്ത്രണങ്ങളില്ലായിരുന്നത് സ്വാഭാവികമായും ഞങ്ങളെ ആശങ്കയിലാഴ്ത്തി. വൈകുന്നേരങ്ങളിലെ കേരള മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം കാണാൻ അതിരാവിലെ എണീറ്റു ടിവിയുടെ മുന്നിലെത്താൻ തുടങ്ങി. സർക്കാരിന്റെ കരുതലുകളിൽ തുടിക്കുന്ന മനവും നനയുന്ന മിഴികളുമായി ഏഴാം കടലിനക്കരെ ഞങ്ങളും കാത്തിരിക്കാൻ തുടങ്ങി... പ്രിയപ്പെട്ടവരെല്ലാം അവിടെ സുരക്ഷിതരാണല്ലോയെന്ന് സമാധാനിച്ചു.

അതിനിടയിൽ, ഇവിടെ ഞങ്ങളുടെയടുത്തു കൊറോണയെത്തിയത് ഒട്ടും പ്രതീക്ഷിക്കാതെയാണ്. പതിവുപോലെ കഴിഞ്ഞ ശീതകാലത്തും വർക്ക് ഫ്രം ഹോം എടുത്തിരുന്നതിനാൽ, കൊറോണ വരുന്നതിനു മുമ്പേ വീട്ടിനുള്ളിൽ കേറിയതാണ്. എന്നിട്ടും...

ഇടയ്ക്കൊന്നു ഓഫീസിൽ പോകേണ്ടി വന്നിരുന്നു. അവിടെ വന്ന പാർസൽ എടുക്കാനായിരുന്നത്. രണ്ടാഴ്ചയ്ക്കു ശേഷം, ഓഫീസ് അസ്സിസ്റ്റന്റിനു കൊറോണ സ്ഥിരീകരിച്ചതും ഓഫീസ് കെട്ടിടം പൂർണ്ണമായും അടച്ചിട്ടതും എന്നത്തേയും വാർത്തകൾ പങ്കുവെക്കുന്നതിനിടെ സഹപ്രവർത്തകൻ പറഞ്ഞു കേട്ടപ്പോഴും കൊറോണ തൊട്ടടുത്തുണ്ടെന്നു അറിഞ്ഞതേയില്ല എബീ... തൊട്ടടുത്ത ദിവസം, രാവിലെയെഴുന്നേറ്റത് ശക്തിയായ തലവേദനയും ശ്വാസം മുട്ടലോടെയുമായിരുന്നു. ദേഹമൊക്കെ തളർന്നു പോകുന്ന പോലെ... അതിനടുത്ത ദിവസം നല്ല പനിയും തുടങ്ങി. ജീവിതം ഒരു മുറിയിലൊതുങ്ങി.... ഈരണ്ടു ദിവസത്തിലൊരിക്കൽ കുടുംബഡോക്ടർ വീഡിയോകോളിൽ വന്നു വിവരങ്ങൾ അന്വേഷിച്ചു കൊണ്ടിരുന്നു. ടൈലിനോൾ കഴിക്കുക, ധാരാളം വെള്ളം കുടിക്കുക എന്നൊക്കെ അദ്ദേഹം ഉപദേശിച്ചു കൊണ്ടിരുന്നു. നാലാംനാൾ മുതൽ പനി കുറഞ്ഞു... വിശപ്പു കൂടി... ഭക്ഷണത്തോടു ആർത്തിയായി... എന്നാലോ ഒന്നിനും രുചിയില്ലാതായി, കഴിക്കാൻ പറ്റാതായി... വീണ്ടും ശരീരം തളർന്നു... ഒരാഴ്ചയോളം ദ്രാവകരൂപത്തിലുള്ള ഭക്ഷണം മാത്രമായിരുന്നു. കൂടുതലും ഓറഞ്ചു ജ്യൂസ് തന്നെ.... എബീ, എനിക്കിപ്പോൾ ഓറഞ്ചു ജ്യൂസ് കാണുമ്പോഴേ വെറുപ്പായി മാറിയിട്ടുണ്ട്...

ഇതെല്ലാം കഴിഞ്ഞാണ്, എനിക്കു കോവിഡ് ടെസ്റ്റ് ചെയ്തത്. മൂന്നു തവണ ടെസ്റ്റ് ചെയ്തു, ആന്റിബോഡി ഉണ്ടെന്നാണ് ആശുപത്രിയിൽ നിന്നും അറിയിച്ചത്. അതിനാലാണ്, എനിക്കു വന്നതും കൊറോണയായിരുന്നു എന്നു സ്ഥിരീകരിച്ചത്.

ഈ ദിവസങ്ങളിൽ ജോലി ചെയ്യാനാവാതെ ലീവെടുക്കേണ്ടി വന്നു. എബീ, നിനക്കറിയാമല്ലോ, ജോലി ചെയ്തില്ലെങ്കിൽ ശമ്പളമില്ലാത്ത നാടാണിതെന്ന്...! അതിനാൽ, ഞാനും CERB (Canada Emergency Response Benefit) കിട്ടാൻ അപേക്ഷിച്ചു. അടുത്ത ദിവസം തന്നെ എന്റെ ബാങ്ക് അക്കൗണ്ടിൽ രണ്ടായിരം ഡോളർ വരികയും ചെയ്തു. കുടുംബ ഡോക്ടറുടെ നിർദ്ദേശപ്രകാരം രണ്ടു മാസത്തെ മെഡിക്കൽ അവധി ഓഫീസിൽ നിന്നു അനുവദിച്ചു കിട്ടി. ഈ രണ്ടു മാസവും CERB യിൽ നിന്നും സഹായം കിട്ടിയതിനാൽ ടെൻഷനില്ലാതെ കഴിഞ്ഞു. ഈ മഹാമാരിക്കാലത്ത് കാനഡ സർക്കാരും ജോലി നഷ്ടപ്പെട്ടവരെയും വിദ്യാർത്ഥികളെയും കുഞ്ഞുങ്ങളെയുമെല്ലാം ചേർത്തു പിടിച്ചത് വലിയൊരു ആശ്വാസം തന്നെയാണ്. സെപ്റ്റംബർ വരെ അപേക്ഷിക്കുന്ന എല്ലാവർക്കും CERB സഹായം നല്കാനാണ് സർക്കാർ തീരുമാനം.

ആദ്യകാലത്തു കൂടുതൽ വ്യാപനമുണ്ടായത് ദീർഘകാലപരിചരണ കേന്ദ്രങ്ങളിലായിരുന്നു.

അന്തേവാസികളുടെ കൂടിയ പ്രായവും ഏർപ്പെട്ടിട്ടുള്ള കരാറുമൊക്കെ ചികിത്സ നല്കാൻ തടസ്സമായി. എങ്കിലും വളരെപ്പെട്ടെന്നു തന്നെ സർക്കാർ തീരുമാനമെടുക്കുകയും വ്യാപനം കുറയ്ക്കാൻ അതു സഹായിക്കുകയും ചെയ്തു.

എന്നാലും എബീ, ഞാൻ സന്നദ്ധപ്രവർത്തനത്തിനു പോയിരുന്ന കേന്ദ്രത്തിലെ പതിനേഴു പേരാണ് കൊറോണയെ കൂട്ടു പിടിച്ചു പൊയ്ക്കളഞ്ഞത്. എന്റെ  ചിരിക്കുടുക്ക മാഗിയും പുസ്തകങ്ങളും വായനയും ഇഷ്ടപ്പെടുന്ന ക്രിസും കേക്കിന്റെ പുതിയ പുതിയ രുചിക്കൂട്ടുകൾ കണ്ടെത്തുന്ന ഷാരണും ഇല്ലാത്ത ആ കേന്ദ്രത്തിലേക്കു പോകാൻ തോന്നുന്നില്ല എബീ... ഒഴിഞ്ഞു കിടക്കുന്ന മുറികൾ .... നിശബ്ദമായ വരാന്തകൾ... ആളില്ലാത്ത ഊണുമുറികൾ...  വിരസമായ സായാഹ്നങ്ങൾ... ഒരു ദിവസത്തെ സന്ദർശനം കൊണ്ടു തന്നെ ചിതറിപ്പോയല്ലോ... ബാക്കിയായവരുടെ കണ്ണിലെ നിസ്സഹായതയും നിസ്സംഗതയുമേറ്റു പിടഞ്ഞു പോയല്ലോ...

ഇപ്പോൾ ഭീതിയൊക്കെ കുറഞ്ഞു തുടങ്ങി. ആളുകൾ പാർക്കുകളിലും വനപാതയിലും കൂട്ടംകൂടിയും ബാർബിക്യൂ ചെയ്തും മറ്റും വേനലിനെ ആഘോഷിക്കുന്നുണ്ട്. വെയിൽ കിട്ടുന്ന രണ്ടോ മൂന്നോ മാസങ്ങളല്ലേയുള്ളൂ. അല്ലാത്ത സമയത്തെല്ലാം വീടുകൾക്കുള്ളിൽ അടച്ചിരിക്കുന്നവരല്ലേ... ഈ വർഷം കൊറോണയും വീട്ടിൽ പൂട്ടിയിടാനെത്തി, വേനലിന്റെ പകുതിയും അപഹരിച്ചു. ജൂൺ അവസാനയാഴ്ച മുതലാണ് ലോക്ക് ഡൗണിനു കുറെയൊക്കെ അയവു കിട്ടിയത്. ഇവിടെ രോഗികൾ കുറഞ്ഞുവെന്നാണ് ഔദ്യോഗിക കണക്കുകൾ പറയുന്നത്.

ഞങ്ങളും ഒന്നുരണ്ടു കൂട്ടുകാരുടെ വീട്ടിലൊക്കെ പോയി. എല്ലാവരും തന്നെ കൊറോണഭീതിയിലും അതിന്റെ പിരിമുറുക്കത്തിലുമായിരുന്നു. മാനസികസംഘർഷങ്ങൾ തന്നെ പലരെയും ക്ഷീണിതരാക്കി. കുഞ്ഞുങ്ങളിൽ പോലും നിരാശയും ഭീതിയും നിറഞ്ഞിരുന്ന പോലെ... എല്ലാവരെയും നേരിൽ കണ്ടതിന്റെ ഒരാശ്വാസം... പതിയെ പതിയെ ഒരു പ്രത്യാശ ഉണർന്നു വരുന്നുണ്ട് ചുറ്റിലും... എങ്കിലും ജാഗ്രതയുമുണ്ട്.

ഞങ്ങളുടെ ഫ്ളാറ്റ് സമുച്ചയത്തിൽ ഇപ്പോഴും സന്ദർശകരെ കയറ്റാൻ അനുമതിയില്ല. എന്നാൽ, ലിഫ്റ്റിൽ ഒരു വീട്ടിലെയാണെങ്കിൽ മാത്രം രണ്ടുപേരിൽ കൂടുതൽ കേറാമെന്നും അല്ലെങ്കിൽ രണ്ടുപേർ എന്നും അയവു വരുത്തിയിട്ടുണ്ട്. പുറത്തു നിന്നും കേറി വരുമ്പോൾ കൈകൾ അണുവിമുക്തമാക്കണമെന്നും അതിനായി സ്ഥാപിച്ചിട്ടുള്ള സാനിറ്റൈസർ ഉപയോഗിക്കണമെന്നും ഇപ്പോഴും നിർബന്ധമുണ്ട്. ഇത്തരം നിർബന്ധങ്ങളൊക്കെ തങ്ങളുടെ സുരക്ഷയ്ക്കാണെന്ന തിരിച്ചറിവോടെ താമസക്കാർ പാലിക്കുന്നുമുണ്ട്.

മാളുകളിലും സൂപ്പർ മാർക്കറ്റുകളിലും മാസ്ക്ക് നിർബന്ധം എന്നതും തുടരുന്നു. ഓരോ ഷെൽഫുകൾക്കിടയിലും നടക്കാനുള്ള ദിശ അടയാളപ്പെടുത്തിയത് നോക്കി ഉപയോഗിച്ചിരുന്നവർ ഇപ്പോഴിപ്പോഴായി ദിശ നോക്കാൻ അലംഭാവം കാണിക്കുന്നുണ്ട്. ചിലപ്പോഴൊക്ക ഞാനും ചുറ്റിവരാൻ മടി പിടിച്ച്, തെറ്റായ ദിശയിലൂടെ ഷെൽഫുകളുടെ ഇടനാഴിയിൽ കേറാറുണ്ട്. ദേഷ്യം വന്ന എബീ, അപ്പോൾത്തന്നെ കുറ്റബോധം കൊണ്ട് തിരിച്ചിറങ്ങിപ്പോരും. പിന്നെ താഴെ വരച്ചിരിക്കുന്ന ദിശ നോക്കിനോക്കിത്തന്നെ പോകും. ലോക്ക് ഡൗണിന്റെ ആദ്യകാലത്തു പെട്ടെന്നു ക്ഷാമം നേരിട്ട പലതും ഇപ്പോൾ ആവശ്യത്തിനു കിട്ടുന്നുണ്ട്.

ഇപ്പോൾ കൊറോണയോടൊപ്പം ജാഗ്രതയോടെ ജീവിക്കാൻ എല്ലാവരും ശ്രമിക്കുന്നുണ്ട്.

ഈയൊരവസ്ഥയിൽ എപ്പോഴൊക്കെയോ...

''അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ

ഒരു മാത്ര വെറുതെ നിനച്ചു പോയി''

എബീ, നിന്റെ പരിഭവങ്ങൾ മാറിക്കാണുമെന്നു വിശ്വസിക്കുന്നു. സമയംപോലെ എഴുതുമല്ലോ...

**നിറഞ്ഞ സ്നേഹത്തോടെ,**
**കുഞ്ഞൂസ്**

# സ്നേഹ കവചം



-Azeez KS

നീ അകലെ ഞാൻ അകലെ
നീ എന്നെ സ്നേഹിക്കുന്നു
ഞാനും
കണ്ണടച്ചു ശ്രദ്ധ കൊണ്ട്
നീ എന്നെ പൊതിയുക
ഞാൻ നിന്നെയും
നീ എന്റെ കവചമാകുക
ഞാൻ നിന്റെയും
നമ്മൾ നമ്മുടെ സ്നേഹ കവചം
ഒരണുവിനും
ഭേദിക്കുവാൻ കഴിയാത്ത കവചം



KEYS TO YOUR
DREAM HOME!
GIJO VARGHESE
REALTOR®
REAL ESTATE
PROFESSIONALS
INC.
Go With the Pros
587-719-1937
george.gijovarghese@gmail.com
202, 5403 Crowchild Trail NW
Calgary, AB, T3B 4Z1
realestateprofessionalsinc.com

# കാവ്യസന്ധ്യ

## സ്ഥാപക അംഗങ്ങൾ



ബിനോയ് ജോസഫ്



രാജീവ് ചിത്രഭാനു



അസ്സീസ്സ് കെ എസ്



ജോസഫ് ജോൺ



സാജു വർഗ്ഗീസ്










Our Little Volunteers
They Have Grown Before Our Eyes





Our Support Crew In Action

## 2010 - 2020

## കാവ്യസന്ധ്യയുടെ നാൾവഴികളിൽ



# 2010 - 2020

## കാവ്യസന്ധ്യയുടെ നാൾവഴികളിൽ



# 2010 - 2020

## കാവ്യസന്ധ്യയുടെ നാൾവഴികളിൽ



# 2010 - 2020

## കാവ്യസന്ധ്യയുടെ നാൾവഴികളിൽ



# 2010 - 2020

## കാവ്യസന്ധ്യയുടെ നാൾവഴികളിൽ



Our Backbone ... Our Audience

## 2010 - 2020

## കാവ്യസന്ധ്യയുടെ നാൽവഴികളിൽ



CHIEF MINISTER'S DISTRESS RELIEF FUND
KERALA

**B No : 322915695500304**

Received with thanks the sum of ₹. 65500/- (Rupees Sixty Five Thousands Five Hundred only) from Kavyasandhya, Calgary, Alberta, Canada as donation towards **'Chief Minister's Distress Relief Fund'**.

Contribution to CMDRF is **100% tax** exempt under Section 80G(2) of the Income Tax Act,1961 vide **PAN No. AAAGD0584M**.

**Thiruvananthapuram**
**27-09-2019**

**Additional Chief Secretary(Finance)**
**Treasurer**
**Chief Minister's Distress Relief Fund**



**GOVERNMENT OF KERALA**

*36528/Funds-2/18/Fin*

*Finance Fund Department*
*Thiruvananthapuram*
*Dated 27-09-2019*

*From:*

*Additional Chief Secretary(Finance)*
*Govt. Secretariat,*
*Thiruvananthapuram.*

*To:*

*Kavyasandhya, Calgary, Alberta, Canada*

*Sir/Madam,*

***Sub : Contribution received towards Chief Minister's Distress Relief Fund - Receipt Forwarding- Reg.***

*Please find enclosed receipt for your valuable contribution towards Chief Minister's Distress Relief Fund through electronic transfer No 108674438199 for ₹. 65500 /- (Rupees Sixty Five Thousands Five Hundred only)*

***Thanking you***

*Yours faithfully*

*Additional Chief Secretary(Finance)*

# 2010 - 2020

## കാവ്യസന്ധ്യയുടെ നാൾവഴികളിൽ

# COMING SOON




A Canadian bi-monthly Multi-Cultural Magazine

## Order your copies today!

**Subscription**

| Single Issue | Annual Subscription - 6 Issues |
|---|---|
| **$5.00*** | **$25.00* only** |

**SAMIKSHA MEDIA INC**

12907 97 St NW, Suite#202, Edmonton, Alberta T5E 4C2, Canada

**For more information please contact:**

**Jacob Antony:** +1 403 870 8524, **Joseph Kurian:** +1 780 446 7057

**Noble Augustine:** +1 403 680 6555, **Rijesh Peter:** +1 587 777 8182, **Roy Devasia**: +1 647 741 4782

/samikshamedia

payments@samikshamedia.com

info@samikshamedia.com

www.samikshamedia.com



# റാൾഫും ജൂണും ഒരോർമ്മ

> ''ആ കുഞ്ഞരുവിയും പരിസരങ്ങളും കുറേ ജീവജാലങ്ങളുടെ ആവാസസ്ഥലമാണ്. വസന്തകാലത്ത് ഇണകളായി കുടിയേറുന്ന പലതരം പക്ഷികൾ, വലിയ മഞ്ഞുകാലത്തിനു മുൻപേ വെയിൽ തേടി പറന്നകലും.''



-Anitha Saji

ഒരു വേനൽക്കാലത്താണ് റാൾഫ് ബ്രൂക്ക്സ് എന്ന ആൺഗൂസും ജൂൺ ബ്രൂക്ക്സ് എന്ന പെൺഗൂസും എന്റെ വീടിന്റെ പുറകിലുള്ള കുഞ്ഞരുവിയുടെ ഓരത്ത് താമസമാക്കിയത്.

ഒരു ദിവസം മുകളിലെ കിടപ്പുമുറിയുടെ വലിയ ജനാലയിലൂടെ ഞാൻ പതിവു പ്രകൃതി നിരീക്ഷണം നടത്തിക്കൊണ്ടിരുന്ന സമയത്താണ് റാൾഫിനെ ആദ്യമായി കാണുന്നത്. ഗാംഭീര്യത്തോടെ തല ഉയർത്തി, ചുറ്റും സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ട് അരുവിക്കരയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുകയാണവൻ. ഈ നടത്തം എവിടെയോ കണ്ടിട്ടുണ്ടല്ലോ എന്നാണ് ആദ്യം ഞാനോർത്തത്. ആരാണിത്ര ഗമയിൽ തലയുയർത്തി കൈ പുറകിൽ കെട്ടി നടന്നത്...? അതുതന്നെ..! ഒരു സിബിഐ ഡയറിക്കുറിപ്പെന്ന സിനിമയിലെ നായകൻ!

ചിറകുകൾ പുറകോട്ടാക്കിയുള്ള അതേ നടപ്പ്. മമ്മൂട്ടിയുടെ ഒരു പക്ഷിപ്പതിപ്പ്! ഉറച്ച കാൽവെയ്പ്പോടെ ഓരോ ചെറിയ ശബ്ദവും വരുന്നിടത്തേയ്ക്ക് വേഗത്തിൽ തലവെട്ടിച്ച് നോക്കി റാൾഫ് അങ്ങനെ ഉലാത്തുകയാണ്.

പെട്ടന്ന് ഒരു കറുത്ത പക്ഷി, പുഴയോരത്തെ കുറ്റിച്ചെടിയിൽ വന്നിരുന്നു. ആ നിമിഷം റാൾഫ് കർമ്മനിരതനായി. ആ പക്ഷിയുടെ നേർക്ക് പാഞ്ഞടുത്തു. പേടിച്ചരണ്ട പക്ഷി ജീവനും മുറുകെപ്പിടിച്ച് പറന്നുപോയി. അതെന്താ ഇവനിത്ര അഹങ്കാരം എന്നു ഞാനതിശയിച്ചു! എന്റെ വീടിന്റെ പുറകിലെ കൊച്ചരുവി ഞാനെല്ലാ ജീവികൾക്കുമായി കൊടുത്തിരിക്കുകയാണ്. ഇവനു മാത്രമല്ല. ഇവനെ ഇതൊന്നറിയിക്കണമല്ലോ.

ഞാൻ അരുവിക്കരയിലെത്തി, അല്പം മാറിനിന്നു. കൗതുകത്തോടെ അവനെ നോക്കി നിൽക്കുന്ന എന്നെ അവൻ കണ്ടു.

''ഹായ് റാൾഫ്..!''

ഞാൻ പരിചയം നടിച്ചു. എന്റെ നേരെ ഒരു നോട്ടം നോക്കിയ ശേഷം തലവെട്ടിച്ച് അവനെന്നെ അവഗണിച്ചു. അവനേക്കാൾ വലുപ്പമുള്ള മനുഷ്യനായ എന്നെ അവൻ അത്ര നിസാരയായി കാണുന്നത് എനിക്കിഷ്ട്പ്പെട്ടില്ല! പക്ഷേ അവനെ പരിചയപ്പെടുക എന്റെ ആവശ്യമാണല്ലോ..! തൽക്കാലം ഞാൻ ക്ഷമിച്ചു.

''എന്നാലും റാൾഫ് എന്തിനാ ആ പാവം കുഞ്ഞിക്കിളിയെ ഓടിച്ചു വിട്ടത്..?'' ഞാൻ പതുക്കെ റാൾഫിന്റെ അടുത്തേക്ക് നടന്നുകൊണ്ട് ചോദിച്ചു. റാൾഫ് ദേഷ്യത്തോടെ എന്നെ തിരിഞ്ഞു നോക്കി.

''അടുത്തുവരേണ്ട. അവിടെ നിന്നുള്ള സംസാരമൊക്കെ മതി'' റാൾഫ് പറഞ്ഞു. അവനിടയ്ക്കിടെ അടുത്തുള്ള കുറ്റിക്കാട്ടിലേയ്ക്ക് നോക്കുന്നുണ്ട്. എന്തോ ഒരനക്കം ആ കുറ്റിക്കാട്ടിൽ. എന്താണത്? ഞാൻ സംശയത്തോടെ നോക്കി. അപ്പോഴാണ് കണ്ടത് ആ പച്ചപ്പിനിടയിൽ അടയിരിക്കുന്നു ഒരു പെൺഗൂസ്. ജൂൺ ബ്രൂക്ക്സ്! റാൾഫിന്റ സഹധർമ്മിണി! അപ്പോൾ ഇതാണ് കാര്യം! അടയിരിക്കുന്ന ഭാര്യയേയും മക്കളെയും സംരക്ഷിക്കാനുള്ള ഒരു പിതാവിന്റെ ബദ്ധപ്പാടുകളായിരുന്നു ഞാൻ കണ്ടത്.

റാൾഫിനോടെനിക്ക് ബഹുമാനം തോന്നി.

''വെറും ഒരു മനുഷ്യനായ നിനക്കെന്തറിയാം ഒരു ഗൂസിന്റെ കഷ്ടപ്പാടുകൾ!'' റാൾഫ് നെടുവീർപ്പെട്ടു.

''നിനക്കെന്താ ഇത്ര പ്രശ്നം? ആകാശത്ത് പറന്നിങ്ങനെ നടക്കുന്നതു തന്നെ എന്തു രസമാ..! ഞങ്ങൾ മനുഷ്യർക്ക് അതാവില്ലല്ലോ..ഞങ്ങൾക്ക് നിന്നേപ്പോലെ ചിറകില്ലല്ലോ..'' ഞാൻ പറഞ്ഞു.

''ഓ..ഇനി ചിറകു കൂടി കിട്ടാത്തതിന്റെ കുഴപ്പമേയുള്ളൂ.'' റാൾഫിന് പുച്ഛം!

അതുകേട്ട് ജൂൺ, റാൾഫിനെ ''ഒന്നു മിണ്ടാതിരിന്നു കൂടേ'' എന്ന ഭാവത്തിലും, എന്നെ ഒരു ക്ഷമാപണ ഭാവത്തിലും നോക്കി. ജൂൺ റാൾഫിനേക്കാളും മര്യാദയുള്ള പക്ഷിയാണല്ലൊ എന്ന് ഞാൻ ചിന്തിച്ചു.

ആ കുഞ്ഞരുവിയും പരിസരങ്ങളും കുറേ ജീവജാലങ്ങളുടെ ആവാസസ്ഥലമാണ്. വസന്തകാലത്ത് ഇണകളായി കുടിയേറുന്ന പലതരം പക്ഷികൾ, വലിയ മഞ്ഞുകാലത്തിനു മുൻപേ വെയിൽ തേടി പറന്നകലും. കുടികിടപ്പവകാശം പറയുകയാണെങ്കിൽ, ആ സ്ഥലം 'ലോറൻസ' എന്നു പേരുള്ള ഒരു ബീവറിന്റേതാണ്. ബീവർ ലോറൻസാണ് മഞ്ഞും വേനലുമൊന്നും നോക്കാതെ അവിടെ സ്ഥിരമായി വസിക്കുന്നത്. മഞ്ഞുകാലത്ത് അവന് കുംഭകർണസേവയാണെങ്കിലും അവിടം വിട്ടു പോവില്ല. വേനലിൽ വരുന്ന കുടിയേറ്റക്കാരെ ബീവർലോറൻസ് ശ്രദ്ധിക്കാറില്ല. മുഖം നിറയെ വ്യാകുലതയും എടുത്തു വച്ച്, എല്ലാവരോടും പകയോടെ ജീവിക്കുന്ന റാൾഫിനെപ്പോലും ബീവർ ലോറൻസ് ഒന്നു നോക്കാറില്ല. അവനെപ്പോഴും ഡാമുണ്ടാക്കുന്നതിന്റെ തിരക്കിലാണ്. തൊഴിലിനോട് ഇത്രയും ആത്മാർഥതയുള്ളൊരാളെ കാണാൻ പ്രയാസം. അതുകൊണ്ട് ബീവർ ലോറൻസിനെ റാൾഫിന് ഭയമില്ല. മറ്റുള്ള കുടിയേറ്റക്കാരോടാണ് റാൾഫിന് ദേഷ്യം. ജൂൺ അടയിരിക്കുന്ന കുറ്റിക്കാടിനു മുന്നിൽ റാൾഫ് അദൃശ്യമായ ഒരു മുന്നറിയിപ്പ് എഴുതി വച്ചു.

''നിങ്ങൾ നിരീക്ഷണത്തിലാണ്. അതിക്രമിച്ചു കടക്കുന്നവർ ആക്രമിക്കപ്പെടും''.

ഇതറിയാവുന്ന ഒരു ജീവിയും അടയിരിക്കുന്ന ജൂണിന്റെ പരിസരത്തേയ്ക്ക് പോവാറില്ല.

''കാലാകാലങ്ങളായി മനുഷ്യൻ ഈ ഭൂമി സ്വാർത്ഥതയോടെ അടക്കിവാഴുകയാണ്. ഒരു മനുഷ്യനെന്ന നിലയിൽ ഞാൻ റാൾഫിനെ മനസിലാക്കുന്നു. സഹായിക്കണമെന്നുണ്ട്. പക്ഷേ എനിക്കെന്തു ചെയ്യാനാവും..? ഒന്നുമില്ല! അഥവാ എന്തെങ്കിലും ഉണ്ടോ...?

അങ്ങനെ ഒരു പരസ്പരധാരണയിൽ എല്ലാവരും ജീവിച്ചു പോരുന്ന കാലത്താണ് സിറ്റി ഓഫ് ബ്രാംപ്ടൻ ഒരു ഉത്തരവ് ഇറക്കിയത്. വേനൽ തീരുന്നതിനു മുൻപ് റോഡുകൾ വീതികൂട്ടുന്നു. ജൂൺ അടയിരിക്കുന്നത് സാൻഡൽവുഡ് റോഡിനരികിലുള്ള കുഞ്ഞരുവിയോരത്താണ്. ഈ പ്രദേശവും റോഡു പണിയിൽ പെടും. അവരുടെ വാസസ്ഥലം നശിപ്പിക്കപ്പെടും. ഈ ഉത്തരവ് പ്രഖ്യാപിച്ചത് മനുഷ്യൻ മനുഷ്യനുവേണ്ടി മാത്രമായിരുന്നതിനാൽ ഈ കാര്യം ഞാൻ മാത്രമേ അറിഞ്ഞുള്ളൂ. ഇതെങ്ങാനും റാൾഫ് അറിഞ്ഞാലുള്ള അവസ്ഥ എന്തായിരിക്കും എന്നെനിക്കൂഹിക്കാനേ കഴിഞ്ഞില്ല. കുഞ്ഞുങ്ങൾ വിരിഞ്ഞു വരുന്നതും കാത്ത് കാത്ത് കണ്ണിലെണ്ണയൊഴിച്ചിരിക്കുന്ന ആത്മാഭിമാനിയായ ഒരു പിതാവിനോട് ഞാനെങ്ങനെ ഇത് പറയും. തൽക്കാലം മൗനം വിദ്വാന് ഭൂഷണം.

പക്ഷേ രണ്ടു ദിവസത്തിനുള്ളിൽ റോഡിനിരുവശവും 'കൺസ്ട്രക്ഷൻ' വാഹനങ്ങൾ നിരന്നു. വലിയ മണ്ണുമാന്തി വാഹനങ്ങളും ഓറഞ്ച് വസ്ത്രധാരികളായ റോഡുപണിക്കാരും അവിടെ പ്രത്യക്ഷപ്പെട്ടു. ഞാൻ റാൾഫിനെ നോക്കി. കാണുന്നില്ലല്ലോ. എവിടെപ്പോയി? അവൻ നിരീക്ഷണമെല്ലാം നിർത്തി അതാ ജൂണിന്റെ അരുകിലിരിക്കുന്നു. വിഷമിക്കേണ്ട ഞാനില്ലേ കൂടെ നമ്മുടെ കുഞ്ഞുങ്ങൾക്കൊന്നും പറ്റില്ല എന്നു പറയുന്നതു പോലെ.

ഞാനും അടുത്തുചെന്നു. സഹതാപത്തോടെ ആ പക്ഷികളെ നോക്കി. എന്നെക്കണ്ട റാൾഫ് ക്രുദ്ധനായി എഴുന്നേറ്റു.

''നിങ്ങൾ മനുഷ്യരുടെ വിചാരമെന്താ..ഈ ഭൂമി നിങ്ങളുടേതു മാത്രമാണെന്നോ..? ഈ ഭൂമി ഞങ്ങൾക്കും കൂടിയുള്ളതാണ്. അതിർത്തി തിരിച്ചു വേലി കെട്ടി നിങ്ങൾ എന്താണീ കാണിച്ചു കൂട്ടുന്നത്..ഞങ്ങൾക്കുമിവിടെ ജീവിക്കേണ്ടേ..?''

അപ്രതീക്ഷിതമായ ആ ആക്രമണത്തിൽ ഞാനൊന്നമ്പരന്നു.

അന്നു മുഴുവൻ റാൾഫിന്റെ ചോദ്യങ്ങൾ എന്റെ മുന്നിൽ തെളിഞ്ഞുവന്നു. തികച്ചും ന്യായമായ ചോദ്യങ്ങൾ! മനുഷ്യരുടെ ഒരു പ്രതിനിധി എന്നപോലെയാണ് അവൻ എന്നോടതു പറഞ്ഞത്. കാലാകാലങ്ങളായി മനുഷ്യൻ ഈ ഭൂമി സ്വാർത്ഥതയോടെ അടക്കിവാഴുകയാണ്. ഒരു മനുഷ്യനെന്ന നിലയിൽ ഞാൻ റാൾഫിനെ മനസിലാക്കുന്നു. സഹായിക്കണമെന്നുണ്ട്. പക്ഷേ എനിക്കെന്തു ചെയ്യാനാവും..?ഒന്നുമില്ല! അഥവാ എന്തെങ്കിലും ഉണ്ടോ..? ഞാനാലോചിച്ചു. ഒന്നു ശ്രമിച്ചു നോക്കാം. ഞാൻ ഒരു കടലാസും പേനയുമെടുത്തു.

സി.പി റ്റ്വന്റിഫോർ എന്ന ടിവി ചാനലിന് ഒരു കത്തെഴുതാം. റാൾഫിന്റെയും ലോറൻസിന്റെയും മറ്റനേകം ജീവജാലങ്ങളുടെയും വാസസ്ഥലമാണീ

പ്രദേശമെന്നും റോഡു പണിയുമ്പോൾ ഇതൊന്ന് പരിഗണിക്കുമോ എന്നുള്ള ഒരപേക്ഷ സിറ്റി മാനേജരുടെയോ മേയറുടേയോ ശ്രദ്ധയിൽ പെടുത്താൻ അവർക്ക് സാധിക്കുമോ എന്നും ചോദിച്ച് വിശദമായുള്ള ഒരു കത്തെഴുതി ഞാൻ അന്നു തന്നെ പോസ്റ്റ് ചെയ്തു. ''അണ്ണാൻ കുഞ്ഞിനും തന്നാലായത്'' എന്നാണല്ലോ പഴമൊഴി.

അന്നു വൈകുന്നേരം ഞാൻ നോക്കിയപ്പോൾ അരുവിക്കരയിൽ അവിടുത്തെ അന്തേവാസികളെല്ലാം കൂടിയിരിക്കുന്നു.

''ഇത്തരം കടന്നുകയറ്റങ്ങൾ നമ്മൾ സമ്മതിച്ചു കൊടുത്തുകൂടാ.., മനുഷ്യൻ കുറച്ചുകൂടി വിശാലമായ രീതിയിൽ ലോകത്തെ കാണേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഈ അരുവിക്കര വിട്ട് എനിക്കെങ്ങോട്ടും പോകേണ്ട. എന്റെ ഒരു ആയുസിന്റെ ഫലമാണ് ഈ ഡാം. ഇതൊക്കെ വിട്ട് ഞാനെവിടെപ്പോകും...''

ഒരു നിർവികാര ജീവിയെന്നു ഞാൻ കരുതിയിരുന്ന ബീവർലോറൻസാണ് പറയുന്നത്. ഒരു ചെഗുവേരയോ ഫിഡൽ കാസ്ട്രോയോ ഒക്കെ സംസാരിക്കുന്നതു പോലെ അത് തോന്നിപ്പിച്ചു. ഞാൻ ആവേശത്തോടെ കയ്യടിച്ചു. പക്ഷേ എന്നെക്കണ്ട എല്ലാവരും പറ്റുന്നത്ര പിണക്കം മുഖത്തു വരുത്തി എഴുന്നേറ്റും പറന്നും ഒക്കെയായി പോയി. പിറ്റേന്ന് രാവിലെ എന്നെ വിളിച്ചുണർത്താനായി ഒരു കിളിയും പാടിയില്ല. നോക്കിയപ്പോൾ എല്ലാവരും കൂടുകളിലുണ്ട്, പക്ഷേ മൗനവ്രതമാണെന്നു തോന്നുന്നു. ആരും മിണ്ടുന്നില്ല.

ദിവസങ്ങൾ കഴിഞ്ഞു പോയി. ഒരു ദിവസം ഉച്ചയ്ക്ക് ജോലിസ്ഥലത്തെ ഫുഡ്കോർട്ടിൽ ഇരുന്ന് ഭക്ഷണം കഴിക്കുകയായിരുന്നു ഞാൻ. ആളുകളെ നിരീക്ഷിക്കാൻ പറ്റിയ ഒരു സമയമാണത്.

കറുപ്പും കടും ബ്രൗണും ഇളം ബ്രൗണും പിന്നെ വൈക്കോലിന്റെ നിറത്തിലുമൊക്കെ മുടികളുള്ള പലതരം മനുഷ്യർ. അവർ കറുപ്പും വെളുപ്പും ഇളം മഞ്ഞയുമൊക്കെ നിറത്തിലുള്ള തൊലികളോടെ, മൂക്കു നീണ്ടവരും പരന്നവരും ഒക്കെയായി എന്റെ മുൻപിൽ തലകുമ്പിട്ടിരുന്ന് ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുന്നു. തലകുമ്പിട്ടത് എന്നെ കണ്ടാണെന്ന് തെറ്റിദ്ധരിക്കല്ലേ. സെൽഫോൺ എന്ന രാജാവിന്റെ മുന്നിലാണെല്ലാവരുടെയും തല താഴ്ന്നിരിക്കുന്നത്. ആരും കേൾക്കാനില്ലെങ്കിലും ഭിത്തിയിലിരുന്ന് റ്റീവി എന്തൊക്കെയോ പുലമ്പുന്നുണ്ട്. സി. പി റ്റൊന്റിഫോർ ചാനൽ ആണ് വച്ചിരിക്കുന്നത്. ഞാൻ വെറുതെ അതു നോക്കിയിരുന്നു. പെട്ടന്നാണ് ഞാനതു കണ്ടത്. റാൾഫ്! നമ്മുടെ റാൾഫ് അല്ലേ റ്റീവിയിൽ...! അതേ...അവൻ തന്നെ...! റാൾഫും ഒരു കൺസ്ട്രക്ഷൻ വർക്കറും തമ്മിൽ പൊരിഞ്ഞ യുദ്ധം. ഞാൻ ഇരുന്നിടത്തു നിന്നും എഴുന്നേറ്റു! റാൾഫ് അയാളെ ഒന്നും ചെയ്യാൻ സമ്മതിക്കുന്നില്ല. റ്റീവി ചാനലുകാർ എങ്ങനെ ഇവനെ കണ്ടു. എന്റെ കത്തു കിട്ടിയിട്ടാണോ അതോ അതുവഴിയെങ്ങാനും പോയപ്പോൾ കണ്ടതാണോ എന്നറിയില്ല. എന്തായാലും നല്ല ഉഗ്രൻ അടിയാണ് നടക്കുന്നത്. മനുഷ്യനും ഗൂസും തമ്മിലുള്ള യുദ്ധം. ആരു വിജയിക്കും...?

ഈ വാർത്തയെത്തുടർന്ന് പ്രകൃതിയെയും ജീവജാലങ്ങളുടെ ആവാസസ്ഥാനത്തെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രബുദ്ധരായ പലരും ആധികാരികമായി സംസാരിച്ചു.

എന്തായാലും അധികം താമസിയാതെ സാൻഡൽവുഡ് റോഡിൽ കൺസ്ട്രക്ഷൻ നിർത്തി വച്ചതായുള്ള വാർത്തയാണ് ഞാൻ കേട്ടത്. അന്നു വൈകുന്നേരം ജോലി കഴിഞ്ഞു വരുന്ന വഴി വീടിനടുത്തെത്തിയപ്പോൾ ആകാംക്ഷ അടക്കാനാവാതെ എന്റെ വാനിന്റെ സ്പീഡ് കുറച്ച് അരുവിക്കരയിലേയ്ക്ക് ഞാൻ എത്തി നോക്കി. റോഡിൽ കൺസ്ട്രക്ഷൻ വാഹനങ്ങളും ജോലിക്കാരുമാരുമില്ല. എല്ലാം ശാന്തം! അരുവിക്കരയിലെ മരങ്ങൾ ജീവൻ തിരിച്ചു കിട്ടിയ സന്തോഷത്തോടെ, ഇളം കാറ്റിൽ തലയാട്ടി ചിരിച്ചു നിൽക്കുന്നു. പെട്ടെന്ന് എന്റെ വാഹനത്തിന്റെ അടുത്ത ലെയ്നിൽ വേഗത്തിൽ വന്ന കാർ 'സ്ക്വീക്ക്' എന്ന ശബ്ദത്തിൽ നിർത്തി.

ഇത് സിഗ്നൽ അല്ലല്ലോ നിർത്താൻ എന്നോർത്തെങ്കിലും ഞാനും സ്പീഡ് കുറച്ചു. ബ്രേക്ക് ചവിട്ടി! നോക്കിയപ്പോൾ തൊട്ടുമുന്നിലൂടെ വഴിമുറിച്ചു കടക്കുകയാണ് നമ്മുടെ നായിക ജൂൺ ബ്രൂക്ക്സ്! അവളുടെ പുറകിൽ, ഒന്ന്..രണ്ട്..മൂന്ന്.., ഒൻപതു കുഞ്ഞുങ്ങൾ...!

ഇവരെപ്പോൾ മുട്ടവിരിഞ്ഞു പുറത്തു വന്നു...? ഞാനറിഞ്ഞില്ലല്ലോ. അതെങ്ങനെയാ കുറച്ചു നാളായി ഞാനവരെ പോയി നോക്കിയിട്ട്. ആ കുഞ്ഞു ഗൂസുകൾ കടന്നു പോകുന്നതും നോക്കി സ്റ്റിയറിംഗ് വീലിൽ പിടിച്ച് ഞാനിരുന്നു.

അപ്പോഴാണ് ഏറ്റവും പുറകിലായി തലയുയർത്തി കൈ പുറകിൽ കെട്ടി സകലരേയും സൂക്ഷ്മനിരീക്ഷണം ചെയ്തു കൊണ്ട് റാൾഫ് കടന്നു വന്നത്. അടുത്ത് നിർത്തിയിട്ടിരിക്കുന്ന വലിയ കാറുകളെ അവർ ശ്രദ്ധിക്കുന്നേയില്ല. വളരെ പതുക്കെ ഓരോ കാൽവയ്പ്പും സമയമെടുത്തവർ നടക്കുന്നത് ഞാൻ കൗതുകപൂർവ്വം നോക്കിയിരുന്നു. എന്റെ അടുത്ത ലെയ്നിൽ നിർത്തിയിരുന്ന കാറിലെ ഡ്രൈവർക്ക് ഇവരുടെ ഈ അലസഗമനം അത്ര പിടിച്ചില്ല. അയാൾ ഹോണടിക്കാൻ തുടങ്ങി. അതു കേട്ടതും റാൾഫ് ഒന്നു തിരിഞ്ഞു നിന്നു.

''എന്താ..? ഞങ്ങൾ കടന്നു പോയിട്ട് പോയാൽ മതി. ഹോണടിക്കുന്നത് ഈ രാജ്യത്ത് മര്യാദകേടാ! അതറിയില്ലേ..? നിങ്ങളെന്താ കരുതിയെ, ഈ ലോകത്ത് തലങ്ങനെയും വിലങ്ങനെയും റോഡുകളുണ്ടാക്കിയിട്ട് നിങ്ങൾ മനുഷ്യർക്കു മാത്രമായി അത് ഉപയോഗിക്കാമെന്നോ.. ഞങ്ങളും ഈ ഭൂമിയുടെ അവകാശികളാണ്...! അവകാശികൾ...! അതാരും മറന്നു കൂടാ.., ഞങ്ങൾ നിങ്ങളെ നിരീക്ഷിച്ചു കൊണ്ടേയിരിക്കുന്നു... അത് മനസിലാക്കുന്നതാണ് നല്ലത്...''

ഇത്രയും പറഞ്ഞ് എന്റെ നേരെ നോക്കി ഒരു ചിരിയും കാഴ്ച്ചവച്ച് റാൾഫ്, വിജയശ്രീലാളിതനായി നടന്നകന്നു. ■

# Let's Talk Indian Movies



- Gouri Sreedevi

**My mom always tells me strange superstitions, which is probably based off of Malayalam movies. They show how the arrangement of marriages set up by dowry, are how you actually should marry someone, not by love.**

Let's talk Indian movies. Look at the sweetheart in the film. Notice how everyone is lacking in melanin? See, we grew up with these stars which causes kids to be placed in a mindset where if they aren't "light skinned" then you're not beautiful. Kids like me are disliking their own skin colour because the film industry only portrays one skin colour. It is also very biased. If you have a darker skin tone you are portrayed as a goon, or the villain, however, having lighter skin makes you the hero(ine) of the film. Let me ask you something, it is a very asked question all around the world. Why does the colour of your skin give an outlook on your whole personality? Riddle me that.

Is a wife more than just cooking and cleaning? You know...the only two things a wife does in a film? The answer is no. Wives and females in general shouldn't be given this example of what she should do once she gets married. So why is the Indian film industry having actresses play this simple role while the male actors play a role where he can boss her around, yell at her, and even give that iconic slap across the face you see in all of the films, and not face the consequences. After all that, the wife is the one on her knees, crying, and begging for forgiveness, then continues to cook and clean for her ungrateful husband. Gosh...these movies reek of male dominance.

My mom always tells me strange superstitions, which is probably based off of Malayalam movies. They show how the arrangement of marriages set up by dowry, are how you actually should marry someone, not by love. The sad truth, this is why most men get married - for the gifts they are being given, and not for a wife. And the even more melancholy truth is, Malayalam film industry makes this seem as a good thing, and these types of actions are okay to do, which they obviously aren't. They also portray that praying helps you succeed, and not studying or working hard to reach your dreams. They believe dropping money in the cash box you see at temples/churches will make all your dreams come true just like that. Wouldn't this cause a whole generation to believe that hard work isn't necessary and all you need to do is just pray to reach your dreams?

Let me just start off by saying how much money you have in your bank account, or the price of the new accessory your parents bought you shouldn't matter at all. That is a well-known statement made everywhere, except one place.

The Indian film industry. They make it seem as if those who are wealthy, are superior human beings and rules shouldn't apply to them because they're rich. However, the ones who aren't fortunate enough to have that much money in their bank account, don't get this privilege, and should be looked at as a fly that should be squashed immediately. We're still put in a society where price matters, and the Indian film industry should be taking part of the blame.

This last part can be taken in two ways, for me personally, this is one of the only things I like in Bollywood movies. The un-realistic clips while they are singing and dancing. May I add, the songs are very catchy, and the dancing is very beautiful to see, so that's another thing I enjoy in Bollywood movies. But these random clips of costume changes and the differences in their surroundings get me every time. For example, one moment they can be wearing red outfits in a field with matching red flowers, then they're in a huge bed with rose petals in their pajamas in some European town while the story is actually happening in an Indian village.

Once the song is over, everything is how it was before, and everyone is going to ignore these clips that came out of nowhere. But it really expresses the carefree vibe, and I really don't mind that. It rubs off on me and all my friends, we start singing and dancing without context, and nobody is bothered by it, it's just fun! ■

# ഇന്നിന്റെ ഭ്രാന്ത്



-Thressiamma Thomas

ഭ്രാന്താണ് ഭ്രാന്താണീ ആഴിയിലേവർക്കും
ഭ്രാന്തോ! വിഭ്രാന്തിയോ ഏതുമൊരു ചുഴിപോലെ
ഭ്രാന്തമാം ചിന്തകളിലുഴറിത്തിരിഞ്ഞൊരു
ഭ്രമണപഥബന്ധിത മനമന്തർഭവിക്കുന്നു

അഴലെഴുതും ഓർമ്മതൻ കനലെരിയുമൊരഗ്നി
മഴപോലെ, ചിതയെരിയും പുക അലയും പോലെ
ഒഴിഞ്ഞിടാത്തൊരു ശാപബാധ തൻ പശ പോലെ
കഴുമരത്തൂണിലെ കാലപാശത്തിൻ കുരുക്കുപോലെ

പെറ്റോരു മാറിലിറ്റും നിണം മോന്തിയവൻ,
ഇറ്റു ദയയില്ലാതെ ആറ്റിലെറിഞ്ഞമ്മയെ
അറ്റുപോയ് മാതൃബന്ധത്തിന് ഞരമ്പുകൾ
ചെറ്റമോഹം പണം ഭ്രാന്തിന്നടിസ്ഥാനം

തെരുവുകളിലിരവിന്റെ മറവിൽ കശാപ്പിനായ്
തരുണികളെ തൊലിയുരിഞ്ഞണിനിരത്തീടുന്നു
കരുണ തീണ്ടാതവരെ വിലപേശി വിൽക്കുന്നു
പുരുഷനവൻ കാമുകൻ, സോദരൻ, ഭർത്താവ്

ജഡികമോഹങ്ങളിലൊടുങ്ങാത്തൊരാസക്തി
ജഡമാകുവോളം ഇടനെഞ്ചിലിടതിങ്ങുന്നു
ജഡമാർന്ന കനവുകളിലിഴയും രതിനാഗങ്ങൾ
ജഡം മീതെയും ഉന്മാദ കേളി നടത്തീടുന്നു

കത്തുന്ന കണ്ണുകളിലെരിയുന്ന കനവുകളിൽ
എത്തും വികാരമധുവൊഴുകുന്ന മധുഭാവം
എത്തിച്ചിടുന്നൊടുവിൽ അതിമോഹഭംഗമതിൽ
എത്തിടും ശൂന്യമിരുൾമൂടും നഭസ്സിതിൽ

ചിതറുന്നിതു പാതകളിൽ അസ്ഥിയും മാംസവും
പതയടിച്ചൊഴുകുന്നു പുഴപോലെ ചുടുചോര
അതിവേഗമോടുന്ന ശകട വളയങ്ങളിൽ
പതിയിരുന്നീടുന്നു മരണമൊരു ചോരനായ്

ഉടൽപാതി ചത്തു  പുഴുവിഴയുന്ന നാറുന്ന
ഉടലിലുയിർ പിടയുന്ന മരണം കൊതിയ്ക്കുന്ന
ഉടപ്പിറന്നോരെത്ര എണ്ണുവതിന്നാവില്ല
ഒടുങ്ങാത്തൊരതിവേഗ ദുരിതമിതു തുടരുന്നു

അറ്റുപോയംഗങ്ങളെന്നോ  മൺതരികളായ്
അവശിഷ്ടവും പേറിയിഴയുന്നു പുഴുപോലെ
അവനിയിലൊടുങ്ങാത്ത ദുരിതമീവേദന

അതിവേഗമെന്നതൊരു കൊലയായുധമല്ലയോ
പാഷാണമലിയിച്ച ലഹരികളിലൊടുങ്ങുന്നു
വിഷമൊഴുകും പുഴകളിലെ പരൽമീനുകൾ പോലെ നാം
വിഷമാണ് മണ്ണിലും വിണ്ണിലുമെവിടെയും
വിഷമുറയും മനസ്സാണ് മനുഷ്യന്റെയുള്ളിലും

പൊരിയുമുദരങ്ങൾ തൻ തീയണച്ചീടുവാൻ
പോരുമാണുവായുധമെന്നതിന്നിന് ശാസ്ത്രം!
പുതുതരമൊരു വ്യവസായമിവിടെ തഴയ്ക്കുന്നു
പുതുമകളതിനേറെയുണ്ടതാണ് രാഷ്ട്രീയം

കോഴകൊണ്ടെയ്തേതു വമ്പനേം വീഴ്ത്തീടാം
കഴിയും അതിനിന്നേതു പമ്പര വിഡ്ഢിയ്ക്കും
കാണുവാൻ പാടില്ലതാരാനും കണ്ടാലോ
കണ്ടവൻതന്നെ ഇരുമ്പഴിയെണ്ണണം

കൊന്നോളൂ മർത്യരെ സാദാ ജനങ്ങളെ
കൊല്ലുമെന്നോതുവാൻ പാടില്ല വമ്പരെ
കൊല്ലുവാൻ പാടില്ല ജന്തുക്കളൊന്നിനേം
കൊന്നാലതിന് ശിക്ഷ ഏറെ കഠോരവും

അതിരിടാചിന്തകളിലുരുവാകും മിഥ്യകളിൽ
അതിനൂതനജീവിത പന്ഥാവ് തിരയുന്നു
അകമെയിന്നന്യത്ത്യ മോഹമൊരു കടലായി
ആഞ്ഞടിച്ചീടുന്നിതലറുന്ന തിരപോലെ

ദുരമൂത്ത മർത്യന്റെയധരത്തിലധികാര
ലഹരിയിലലിയിച്ച പാഷാണമുറയുന്നു
മധുവാണി വഴിയായാതനസ്യൂതം ഒഴുകുന്നു
അതുമോന്തും മനസ്സാക്ഷിവെന്തുമരിക്കുന്നു

ആഹാരം വിറ്റവരായുധം വാങ്ങുന്നു
ആദർശമൂശയിൽ മൂർച്ഛയേറ്റിടുന്നു
അറിയുന്നു മാനവ സാമൂഹ്യബന്ധങ്ങൾ
അന്യോന്യമേറ്റു പിടഞ്ഞൊടുങ്ങീടുന്നു


സ്വാതന്ത്ര്യമെന്നല്ലാതെന്താണതാർക്കാണ്
സ്വതവേ ചിന്തിച്ചിടാനാർക്കുണ്ടതിൻനേരം
സമയത്തിനൊരു മുഴം മുൻപേയോടീടുന്നു
സായന്തനത്തിന്റെ മറുപുറം കാണുവാൻ

ഭ്രാന്താണ് ഭ്രാന്തമാം കുടിലതകളാണെന്നും
ശാന്തമായൊരു നിമിഷമില്ല ചിന്തിക്കുകിൽ
ശാന്തിതീരം തേടിയലയുന്ന മർത്യരെ
സ്വന്തമുള്ളത്തിൽ തിരഞ്ഞീടു ശാന്തമായ്.



-Anfil Rafeek





-Niveditha
Ranjith



- PV Baiju

# ഭാഗ്യങ്ങൾ

ചാണകം മെഴുകിയ തറയിൽ
പായ വിരിച്ചു ഉറങ്ങാനുള്ള
ഭാഗ്യമേ ഉണ്ടായിരുന്നുള്ളൂ;
അന്ന്, അതൊരു ഭാഗ്യമായിരുന്നു.

ചോരുന്ന ക്ലാസ് മുറിയിൽ,
കീറിയ നീക്കറുമിട്ട് വെള്ള ഷർട്ടിട്ട മാഷിന്റെ
ക്ലാസ്സിലിരിക്കാനുള്ള ഭാഗ്യമേ ഉണ്ടായിരിന്നുള്ളു;
പക്ഷെ, അതും ഒരു ഭാഗ്യമായിരുന്നു

പൊടി പാറുന്ന റോഡിൽ,
ചെരുപ്പ് മുറിച്ചുണ്ടാക്കിയ ചക്രത്തിൽ
വണ്ടിയോടിക്കാനേ കഴിഞ്ഞുള്ളു
തിരിച്ചു കിട്ടാത്ത ഒരു  ഭാഗ്യമായിരുന്നു അത്.

ഇല്ലിപ്പടർപ്പുകൾക്കിടയിലൂടെ,
കയറ്റിറക്കങ്ങളിലൂടെ തെന്നിയിറങ്ങി,
കടവിലെത്തി കുളിക്കാനെ കഴിഞ്ഞിരുന്നുള്ളൂ;
ആ ഭാഗ്യത്തിന്റെ കുളിരാണിന്നും.

വിയർപ്പിൽ കുത്തിനട്ട്,
കണ്ണീരിൽ കുതിർന്നു വളർന്ന
മണ്ണ്കലർന്ന കപ്പ ചുട്ടു തിന്നാനുള്ള
ഭാഗ്യമേ എനിക്കുണ്ടായിരുന്നുള്ളു;
ആ ഭാഗ്യമാണെന്റെ ആരോഗ്യം

പേപ്പറുകളുരുട്ടി
വാഴവള്ളികൊണ്ടു കെട്ടിയുണ്ടാക്കിയ പന്തുകൊണ്ട്
പറമ്പിലെ കുഴിയിലും, വെള്ളത്തിലും
കളിയ്ക്കാനേ ഭാഗ്യമുണ്ടായുള്ളു;
ആ ഭാഗ്യത്തിനപ്പുറം ഒന്നും മോഹിപ്പിച്ചിട്ടുമില്ല.

സൈക്കിൾ മണിയൊച്ചകേട്ടു,
ചുറ്റിലുമാരുമില്ലെന്നുറപ്പാക്കി
വല്ലപ്പോഴും തിരിഞ്ഞുനോക്കുന്ന
രണ്ടു കണ്ണുകളിലെ പ്രണയത്തിനേ
അന്നൊക്കെ ഭാഗ്യമുണ്ടായിരുന്നുള്ളു;
പക്ഷെ അതിന്റെ ചങ്കിടിപ്പും നീറ്റലും ഇപ്പോഴുമുണ്ട്.

ഇക്കാലത്തെ സൗഭാഗ്യങ്ങൾക്കിടയിലൊക്കെയും
ഞാൻ തിരഞ്ഞതും
ഈ ഭാഗ്യങ്ങൾ തന്നെയല്ലയോ!



- Mincy Padamadan

# ചുടലയക്ഷി

കടലു താണ്ടി വന്നെത്തിയ സുന്ദരി
ചുടല യക്ഷിയായ് മാറുന്നു മെല്ലവേ
ചടുലമായിവൾ താണ്ഡവമാടവേ
കരയിതാകെ നടുങ്ങിത്തരിക്കുന്നു.

അരികിലുള്ളോർക്കിടയിൽ പരസ്പരം
അകലമൊട്ടൊന്നളന്നു കുറിച്ചവൾ;
പലരെയേകാന്ത തടവറയ്ക്കുള്ളിലായ്
പല ദിനങ്ങളായ് താഴിട്ടു പൂട്ടിയോൾ,

ശരമണയുന്ന വേഗത്തിൽ വന്നൊരീ
തരുണി, ദൃഷ്ടിയിൽപ്പെട്ടോരെ നിർദയം
കരയുവാൻ തെല്ലൊരിട പോലുമേകാതെ
കരവലയത്തിലാക്കി രസിക്കുന്നു.

ഉഗ്രരൂപിണി, ഉന്മാദിനിയവൾ
ഉലകിലാകവേ മരണം വിതയ്ക്കവേ,
അവളെയൊന്നു തളയ്ക്കുവാനാവാതെ
മരുന്നുമന്ത്രങ്ങളടിയറവോതുന്നു.

ഒരു ശ്വാസഗതിയെന്റെ മരവിച്ച നാസിക
ത്തുമ്പിൽനിന്നൊടുവിലായ് വിടമൊഴിയേ
ഇവിടെ ഞാനുണ്ടായിരുന്നു മുൻപെന്നുള്ള
തെളിവിനായീ കുറിപ്പൊന്നു മാത്രം.

പാഞ്ഞുപോകുമെൻ യാഗാശ്വമേ നിന
ക്കേറിയാൽ മുന്നിലിനിയെത്ര നാഴിക
നേട്ടമോരോന്നുമൊരു വീരഗാഥയായ്
നീ കുറിച്ചതെല്ലാം ജലരേഖയോ?

നഗ്നനനേത്രങ്ങൾക്കെന്നുമതീതയാം
നഗ്നസത്യമാണെ, ക്ഷിയൊന്നല്ലിവൾ
നരകുലത്തിന്റെ സ്വാർത്ഥമോഹം പെറ്റ
ജാരസന്തതിയാരിവൾ ചൊല്ലുക?

കരുത്തിനാലല്ല, കരുതലാൽ നേരിടാം
കൈകൾ കോർക്കാതെ കരളുകൾകോർത്തിടാം.
വൈരിയായ് വന്നൊരീ മഹാമാരിയെ-
പൊരുതി വീഴ്ത്തിടാമടവുകൾ കൊണ്ടുനാം.




# Hail Storm



- Nathan Thomas

The sky started to darken, everything was dark
The streets were all empty, so was the park.
Water started to drip, thunder started to roar.
Then the wind blew, and the rain came out of nowhere.
I rushed to the window to see what was happening.
There was lots of lightning followed by thunder.
All of a sudden, hail started to fall.
The house shook, as hailstones hammered the walls.
Windows shattered, hail continued to fall.
The storm worsened, and the hail grew to the size of golf balls.
The next five to ten minutes, oh what a sight.
Wind started to gust with a lot of might.
Then the storm was over, everything was a mess.
The deck was covered with leaves, just like a dress.
The earth was calm and cool as if nothing ever had happened.
Maybe nothing did happen... Except for my mind's perceptions
As we all have storm like this of sorts,
Each and every now and then.
To damage our mind and soul, like a house of cards.
Some houses can be fixed, but for some the damage is long lasting
And some soul can be consoled, some wander in the wilderness!

# ബ്ലോഗിലേക്കെങ്ങനെ ആളെക്കയറ്റിടും?



-Jimmy John
Adoor

നാലു പേരറിയുന്നൊരു ബ്ലോഗറായീടണം
നാലാളേയോടിച്ചിട്ടതിനാത്ത് കയറ്റണം
നാലണ ചിലവാക്കി കമൻറെഴുതിയ്ക്കണം
നാണക്കേടൊഴിവാക്കാൻ ഫോളോ ചെയ്യിക്കണം

ബ്ലോഗിലേക്കെങ്ങനെ ആളെക്കയറ്റിടും?
'ബൂലോക'ത്തെങ്ങനെ പേരറിയിച്ചിടും?

'ബൂലോക'ത്തിമ്മിണി പേരൊക്കെ നേടണം...
ഡോളർ കായ്ക്കുന്നൊരു മരവും വെപ്പിയ്ക്കണം
വരുമാനം സ്വിസ്സ് ബാങ്കിൽ പതിയെ നിറയ്ക്കണം
അറിയുന്ന കൂട്ടായ്മേന്നൊരവാർഡ് തരമാക്കണം

ബ്ലോഗിലേക്കെങ്ങനെ ആളെക്കയറ്റിടും?
'ബൂലോക'ത്തെങ്ങനെ പേരറിയിച്ചിടും?

കല്പനയില്ല  ഹേ കവിതയെഴുതുവാൻ...
(അനുഭവം തീരെയും...; അനുഭവ...വേദിക്കാനും;)
പഴകിയ ഉത്തരങ്ങളാരും പറയല്ല്...
''ക്ഷീരമുള്ളോരകിടും..,'' ''മാങ്ങയുള്ള മാവും...''

ബ്ലോഗിലേക്കെങ്ങനെ ആളെക്കയറ്റിടും?
'ബൂലോക'ത്തെങ്ങനെ പേരറിയിച്ചിടും?

അറിയാത്ത ബ്ലോഗറുടെ കാലു പിടിച്ചും
അറിയുന്ന ബ്ലോഗറെ കൈമണിയടിച്ചും
കരളലിയുന്നോർക്കായ് കണ്ണീർ വാർത്തും
കരുണാമയനായ് കാണിക്കയിട്ടും

ബ്ലോഗിലേക്കെങ്ങനെ ആളെക്കയറ്റിടും?
'ബൂലോക'ത്തെങ്ങനെ പേരറിയിച്ചിടും?

കോപ്പിയടിക്കണ്ടാ, തെറിവിളി കേൾക്കേണ്ടാ,,
സ്വന്തമായ് ബ്ലോഗിൻറെ ഫാക്ടറി തുടങ്ങേണ്ട,,
ഒറ്റമൂലി പറയാം ഞാൻ മറ്റാരുമറിയില്ലേൽ..,,
ഇതേ തലക്കെട്ടിലൊരു ബ്ലോഗങ്ങു കാച്ചണം..

ബ്ലോഗിലേക്കെങ്ങനെ ആളെക്കയറ്റിടും?
ബൂലോകത്തെങ്ങനെ പേരറിയിച്ചിടും?

# കാനഡാ ഡേ-ഒരു ഡയറിക്കുറിപ്പ്



**''പലപ്പോഴും പൊലിഞ്ഞുപോകാതെ ഒപ്പം നിന്ന് ഇതുവരെയെത്തിച്ച കൂട്ടുകാർക്ക്, മനസ്സിൽതൊട്ടുനിൽക്കുന്നവർക്ക്, ചങ്കുപറിച്ചുതന്നവർക്ക് എല്ലാവരോടും നന്ദിയുണ്ട്.''**

-Leena Thomas

ഇന്ന് കാനഡാ ഡേ ആയിരുന്നു. ഈ നാട് എന്നെ ഒരുപാട് ഉന്തി മരത്തിൽ കയറ്റിയിട്ടുണ്ട്. ''കൊമ്പില്ലാത്ത'' മരത്തിൽ പിടച്ചുകയറി ഇടക്കിടക്ക് തൊലിയുരഞ്ഞ് താഴെവീണ്, അതുണങ്ങുമ്പോൾ പിന്നെയും കയറി, പിന്നെയും വീണ് അങ്ങനെ പലതരത്തിൽ ഒരുപാട് തോറ്റ് തോറ്റ് ഒടുവിൽ ഫാർമസിസ്റ്റായി. കുടുംബത്തിൽ മക്കളുടെയും നല്ലപാതിയുടെയും പിന്തുണയില്ലെങ്കിൽ ഇതൊന്നും നടക്കുമായിരുന്നില്ല. ശമ്പളം കിട്ടുന്ന ജോലിയും അതില്ലാത്ത അടുക്കള ജോലിയും ഇതിനിടയിലാണല്ലോ നടത്തുന്നത്. ജീവിതത്തിലെ നാലരപതിറ്റാണ്ടു കഴിഞ്ഞ് കാനഡയിലെ ഫാർമസി പരീക്ഷ എഴുതുക എന്നൊക്കെ പറയുന്നത് കേൾക്കാൻ മാത്രേ സുഖമുള്ളൂ.

കേരളത്തിൽ വെച്ച് നാലുചക്രവാഹനത്തിന്റെ ലൈസൻസ് എടുത്തിട്ട് പതിനാലു വർഷം അതനക്കാതെ വെച്ച്, വണ്ടിയോടിച്ചുപോലും നോക്കാതെയാണ് ഇവിടേക്ക് ചേക്കേറിയത്. ഇപ്പോൾ മറ്റുള്ളവരെ കൂടെയിരുത്തി പഠിപ്പിക്കാനുള്ള യോഗ്യതയുള്ള ലൈസൻസാണ് കൈവശമിരിക്കുന്നത്.

ഇതിലെന്താ ഇത്രവലിയകാര്യം എന്നു തോന്നുന്നെങ്കിൽ തെറ്റി. നാലുചക്രവാഹനം നിരത്തിലിറക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം അത്രവലിയ പ്രശ്നമായിരുന്നു. ആരോടും പറയില്ലെങ്കിൽ ഒരു സ്വകാര്യം പറയാം. ഇടത്തോട്ടെന്നു പറഞ്ഞാൽ ഞാൻ വലത്തോട്ട് തിരിക്കും. ചേച്ചി ആ ലെഫ്റ്റല്ല, ഈ ലെഫ്റ്റെന്നു പറഞ്ഞാണ് ഇളയത്തുങ്ങൾ കളിയാക്കുന്നത്.

അങ്ങനെയുള്ള എനിക്ക് ഈ ദിവസങ്ങളിൽ അപ്പച്ചനേയും അമ്മയേയും കയറ്റിയിരുത്തി വണ്ടിയോടിക്കുമ്പോഴുള്ള സായൂജ്യം പറഞ്ഞറിയിക്കാൻ വാക്കുകൾ പോരാ.

എല്ലാവരും റോഡുനിയമങ്ങൾ അനുസരിക്കുന്നതുകൊണ്ട് യാതൊരു ഭയവുമില്ലാതെ സമാധാനമായി വണ്ടിയോടിക്കാമെന്നതാണ് എനിക്കു ധൈര്യം തരുന്ന പ്രധാനഘടകം.

നമ്മുടെ നാട്ടിൽ നിന്നും ഇവിടെ വരുമ്പോൾ നമുക്ക് സ്വയം ഒരുപാട് തെളിയിക്കേണ്ടതുണ്ട്. എന്തു ജോലിയായാലും നമ്മളെപ്പറ്റി ഒരു നല്ല അഭിപ്രായം ലഭിക്കാൻ വളരെ പ്രയാസപ്പെടേണ്ടതുണ്ടിവിടെ. പൊതുവെയുള്ള കാര്യമാണിത്. സാഹചര്യവും ജോലിയുടെ രീതിയുമനുസരിച്ച് ഏറ്റക്കുറച്ചിലുകളുണ്ടാവാം. പരീക്ഷകളും അങ്ങനെ തന്നെ, ഒരു തപസ്യയാണിതെല്ലാം.

ഓരോ പ്രാവശ്യം പലതരത്തിൽ തോൽക്കുമ്പോഴും ഒന്നു മാത്രം ഓർക്കും. പണ്ട് കൊച്ചി എഫ് എം റേഡിയോയിൽ പോകുമ്പോൾ 'ശാസ്ത്രദീപ്തി' എന്നൊരു ചെറിയ പ്രോഗ്രാം ചെയ്തിരുന്നു. പ്രോഗ്രാം കോർഡിനേറ്റർ മീറ്റിംഗിൽ ഒരു ആശയം പറഞ്ഞു. ഓരോ ശാസ്ത്രജ്ഞരുടേയും ജന്മദിനം നോക്കിയിട്ട് അതനുസരിച്ച് ആ ആഴ്ചയിൽ ഓരോരുത്തരേയും പറ്റി ശാസ്ത്രദീപ്തിയിൽ പറയുക. ആശയം പ്രാവർത്തികമാക്കാൻ പൂർണ്ണസ്വാതന്ത്ര്യം തന്നിരുന്നതുകൊണ്ട് സാമ്പത്തികമായും പഠനത്തിലും പിന്നോക്കം നിന്നിരുന്ന ബാല്യകാലം ഉണ്ടായിരുന്ന ശാസ്ത്രജ്ഞരെ മാത്രം തിരഞ്ഞുപിടിച്ച് ശാസ്ത്രദീപ്തിയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. അവരൊക്കെ ശബ്ദമായി ആകാശത്തിങ്ങനെ പറന്നുനടന്നു.

തെരുവിളക്കിൻ കീഴിലിരുന്ന് പഠിച്ചവർ, പഠിക്കാതെ പാറ്റയേയും എലിയേയും പിടിച്ചു നടന്നവർ, മണ്ടനെന്ന് പറഞ്ഞ് സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ടവർ ഇവരെയൊക്കെ റേഡിയോ തരംഗമാക്കി മാറ്റുമ്പോൾ ഒരു വലിയ സന്ദേശം കുട്ടികളുടെ മനസ്സിലേക്ക് ഊതിക്കയറണമെന്ന് ചിന്തിച്ചിരുന്നു. തോൽക്കാൻ പഠിക്കണമെന്ന്, തോൽക്കുന്നവർക്ക് ജയിച്ചുപറക്കാനുള്ളതാണ് ഈ ലോകമെന്ന്, തോറ്റു തോറ്റു കിട്ടുന്ന ജയങ്ങൾക്ക് വലിയ സാഫല്യമാണെന്ന്, അതിന്റെ ചക്രവാളങ്ങൾക്ക് അനന്തസാദ്ധ്യതകളാണെന്ന് കുട്ടികൾക്ക് തോന്നണമെന്ന്. ടീച്ചറായിരുന്നപ്പോൾ തോൽക്കാൻ പഠിക്കണമെന്ന് ഇടക്കിടക്ക് കുട്ടികളോടു പറയുമായിരുന്നു.

പലതരത്തിൽ തോറ്റുതോറ്റാണ് ഇതുവരെയെത്തിയത്. കേരളം വിട്ട് പുറത്തു പോകണമെന്ന് ഒരിക്കലും ആഗ്രഹമുണ്ടായിരുന്നില്ല. പലപ്പോഴും പൊലിഞ്ഞുപോകാതെ ഒപ്പം നിന്ന് ഇതുവരെയെത്തിച്ച കൂട്ടുകാർക്ക്, മനസ്സിൽതൊട്ടുനിൽക്കുന്നവർക്ക്, ചങ്കുപറിച്ചു തന്നവർക്ക് എല്ലാവരോടും നന്ദിയുണ്ട്. ഒപ്പം അനന്തസാദ്ധ്യതകൾ കാട്ടിതരുന്ന ഈ നാടിനോട് ഒരുപാട് കടപ്പാടുണ്ട്.

അതുകൊണ്ട് കാനഡാ ഡേയുടെ അവധി ബനാനാ കേക്കുണ്ടാക്കിയും പടക്കം പൊട്ടിച്ചും ആഘോഷിക്കാൻ തീരുമാനിച്ചു. പടക്കം കുട്ടികൾ വാങ്ങിവന്നതാണ്. കോറോണയോടൊത്ത് ആഘോഷിച്ചില്ലെന്ന് കരുതി പിന്നീട് വിഷമിക്കേണ്ടല്ലോ. ■

RE/MAX Above the Crowd!®

# SAJU VARGHESE

When Home Matters More Than Ever.

I am passionate to listen, understand, and work with you in your real estate and mortgage needs. As a dynamic and innovative marketing expert, a sharp negotiator and facilitator with a robust legal sense and analytical mind, I assure you that I will negotiate the best possible deals for you.

I have over 21 years of experience with Re/Max Real Estate Central (#1 Re/Max Office Worldwide for 21 consecutive years 1999 – 2020). Being consistently ranked in the top 10 Realtors of Re/Max Real Estate (Central) has earned me membership in major Re/Max International Award Clubs for outstanding performance and milestone achievements. I am also a member of the MLS Million Dollar Club, in addition to a recipient of the Re/Max Lifetime Achievement Award and Hall of Fame Award for extraordinary professional achievements in Real Estate. These accomplishments are a testament to my commitment and dedication to my clients, my profession, and my integrity.

Thank you for the confidence and trust that you have given me throughout the past 23 years of my real estate and mortgage career. COVID-19 presents both challenges and opportunities to Alberta's housing climate, and I am always open to discuss the possibilities and your concerns.

sajuvarghese@shaw.ca

(403) 512-4637

RE/MAX REAL ESTATE (CENTRAL)

www.sajuvarghese.com

RE/MAX Lifetime Achievement Award

RE/MAX Platinum Club Award

RE/MAX Hall of Fame Award

# ശ്വാനപുരാണം



**''ഇവിടെ പട്ടികളെയും കൊണ്ട് എല്ലാ ദിവസവും നിർബന്ധമായും നടക്കാനിറങ്ങണം. പട്ടിക്ക് വ്യായാമം കൊടുക്കാൻ വേണ്ടിയാണത്...''**

-Senu Eapen Thomas

ഷാജിച്ചായന്റെ വീട്ടിൽ ഡിന്നറിനു പോയി തിരിച്ചു വന്നപ്പോൾ മുതൽ മോൾക്ക് ഒരേ നിർബന്ധം- അവൾക്കും ബ്രൂസിലിയെ പോലെയൊരു പട്ടിയെ വാങ്ങി കൊടുക്കണം. പൊടിയാടിയിലെ നമ്മുടെ വീട്ടിൽ, എന്റെ കോളെജു പഠന സമയത്ത്, അതേ പോലെയുള്ള ഒരു പട്ടി ഉണ്ടായിരുന്നുവെന്ന് പറഞ്ഞപ്പോൾ, അവൾക്ക് ആഗ്രഹം പിന്നെയും കൂടി. ഷാജി അങ്കിൾ, മോളുടെ പിറന്നാളിനു ഗിഫ്റ്റ് കൊടുത്തതാണത്രെ ആ പട്ടിയെ... ആയതിനാൽ ഈ വർഷത്തെ അവളുടെ പിറന്നാളിനും പട്ടി മതി ഗിഫ്റ്റ് എന്നായി ഡിമാന്റ്.

മോളുടെ സന്തോഷം അല്ലെ, നമ്മുടെ സന്തോഷം എന്നോർത്ത്, ഞാൻ ഷാജിച്ചായനെ ഒന്ന് വിളിച്ചു. വർത്തമാനത്തിനിടയിൽ ഞാൻ പറഞ്ഞു, അന്ന് വീട്ടിൽ വന്നതിൽ പിന്നെ മോൾക്ക് ഒരേ വാശി.. ബ്രൂസിലിയെ പോലൊരു പട്ടിയെ അവൾക്കും വേണമെന്ന്.. ബ്രൂസിലിയെ എവിടെ നിന്നാ ഷാജിച്ചായൻ വാങ്ങിയത്?? എന്റെ ആ ഒറ്റ ചോദ്യത്തിനു മുൻപിൽ ഷാജിച്ചായന്റെ തൊണ്ട ഇടറി. എന്നിട്ട് ഷാജിച്ചായൻ എന്നോട് ആ കദനകഥ പറഞ്ഞു തുടങ്ങി...

എടാ സ്നേഹം ഉള്ളതു കൊണ്ട് പറയുകയാ.. പിള്ളേരു അങ്ങനെ പലതും പറയും. നമ്മൾ അതൊന്നും കേട്ട് കാനഡയിൽ വന്ന് തുള്ളാൻ നിൽക്കരുത്. നാട്ടിൽ പട്ടിയെ വളർത്തുന്നത് പോലെയല്ല ഇവിടെ. നൂറു കൂട്ടം കാര്യങ്ങൾ നോക്കണം.. ഭയങ്കര തലവേദനയാടാ ഈ പട്ടി വളർത്തൽ ഇവിടെ.. വേലിയേൽ ഇരിക്കുന്ന പാമ്പിനെ എടുത്ത്, മറ്റേടത്ത് വെക്കണോ??

നിനക്കറിയാമോ.. ബ്രൂസിലി, 'ഷിറ്റ്സു' ഇനത്തിൽ പെട്ട പ്യൂർ ബ്രീഡ് പട്ടിയാണ്. 650 ഡോളർ (നാട്ടിലെ വില 37000) കൊടുത്ത് വാങ്ങിയപ്പോൾ അവനു നാലാഴ്ച്ച മാത്രം പ്രായം. ഒരു വർഷത്തെ വാക്സിനേഷന് തന്നെ 300 ഡോളറാണു ചാർജ്ജ്. പട്ടിയ്ക്ക് മെഡിക്കൽ ഇൻഷ്വറൻസ്, മാസത്തിൽ ഒരിക്കൽ തലമുടി വെട്ടിക്കാൻ ഡോളർ 39+ ടിപ്പ്സ്.. അതുമല്ല പട്ടിക്ക് മാസാ മാസം പാക്കറ്റ് ഫുഡ് മേടിക്കുന്ന ഇനത്തിൽ തന്നെ വേറെയും പോകും.

അത് കേട്ടപ്പോൾ, ആഹാ.. ഈ പട്ടി നമ്മുടെ നാട്ടിലെ പട്ടികളെ കൂട്ട്, വീട്ടിലുണ്ടാക്കുന്നത് ഒന്നും കഴിക്കത്തില്ലേയെന്ന എന്റെ ചോദ്യം കേട്ട് ഷാജിച്ചായൻ പറഞ്ഞു - എടാ അതൊക്കെ കഴിക്കും. പക്ഷെ ഈ സ്റ്റൂപ് ആൻഡ് സ്കൂപ്പിനു പോകില്ലേ... അപ്പോൾ ബുദ്ധിമുട്ടാടാ...

തിരുവല്ല എം.ജി.എം ഹൈസ്ക്കൂളിൽ ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചതു കൊണ്ടാകാം ഷാജിച്ചായൻ പറഞ്ഞ ആ ഇംഗ്ലീഷ് പദം എനിക്ക് മനസ്സിലായില്ല. പിന്നെ സന്ധ്യ കഴിഞ്ഞാൽ രണ്ട് സ്മോൾ അടിക്കുന്ന ഷാജിച്ചായൻ, നാക്ക് കുഴഞ്ഞ് ഋഷിരാജ് സിംഗ് എന്ന് പറയാൻ പാടു പെട്ട ആ നേതാവിനെ പോലെ, എന്തെങ്കിലും പറഞ്ഞതാകുമോയെന്ന് ശങ്കിച്ച്, രണ്ടും കല്പ്പിച്ച്, എന്താ ഷാജിച്ചായാ സ്റ്റൂപ് ആൻഡ്... എന്ന് സധൈര്യം ചോദിച്ചപ്പോൾ ഷാജിച്ചായൻ പറഞ്ഞു.. എടാ നീ കണ്ടിട്ടുണ്ടോ.. ഇവിടെ പട്ടികളെയും കൊണ്ട് എല്ലാ ദിവസവും നിർബന്ധമായും നടക്കാനിറങ്ങണം. പട്ടിക്ക് വ്യായാമം കൊടുക്കാൻ വേണ്ടിയാണത്... അപ്പോൾ നമ്മൾ നിർബന്ധമായും കൂടു കൊണ്ട് നടക്കണം... പട്ടി ആ നടപ്പിൽ എവിടെയെങ്കിലും അപ്പി ഇട്ടാൽ അത് അപ്പോൾ തന്നെ കോരിയെടുക്കണം... അതിനാണ് ഈ കൂട്.. പാക്കറ്റ് ഫുഡ് ആണു ഈ പട്ടി കഴിക്കുന്നതെങ്കിൽ, അതിന്റെ അപ്പി നല്ല ഒന്നാന്തരം മാർബിൾ ചിപ്പ്സ് പോലെ കിടക്കും... യാതൊരു ഉടവും തടവും ഇല്ലാതെ തന്നെ നമ്മൾക്ക് അപ്പോൾ തന്നെ ഈ കൂട്ടിൽ ഇടാം. പക്ഷെ നമ്മുടെ വീട്ടിലെ ചോറും, ഇറച്ചിയുടെ ചൗവ്വും, മീന്റെ കുടലും ഒക്കെ കൊടുത്താൽ... നീ കണ്ടിട്ടില്ലേ... വെയിലത്ത് കിറ്റ് കാറ്റ് ചോക്ലേറ്റ് കിടക്കുന്നതു പോലെയാകും ഈ പട്ടിയുടെ അപ്പി. പിന്നെ അത് കൂടിലാക്കാൻ പാടു പെടും. അത് കൊണ്ട് പാക്കറ്റ് ഫുഡ് തന്നെ മേടിച്ചു കൊടുക്കുന്നതാ ബുദ്ധി. അച്ചായന്റെ ആ കിറ്റ് കാറ്റ് പ്രയോഗം കേട്ട് ഞാൻ ചിരി തുടങ്ങി.. എന്നിട്ട് പറഞ്ഞു... ഹോ ഞാൻ കണ്ടിട്ടുണ്ട് അച്ചായാ... കൂടും കൊണ്ടുള്ള ഇവരുടെ നടത്തം. എന്നിട്ട് പട്ടി അപ്പി ഇട്ടു കഴിഞ്ഞാലുടൻ ഒട്ടും ചൂടാറാതെ കൂടിൽ വാരി കൊണ്ട് പോകുന്നത് കണ്ട് പലപ്പോഴും ചിരി വന്നിട്ടുണ്ടെന്ന് പറഞ്ഞു നീട്ടി ചിരിച്ചപ്പോൾ, അച്ചായൻ അല്പം ശബ്ദം ഉയർത്തി എടാ അത് വാരിയില്ലെങ്കിൽ 500 ഡോളർ വരെ പിഴ കിട്ടും... അത് കൊണ്ടാടാ അതൊക്കെ ഇത്ര ബഹുമാനത്തോടെ വാരുന്നത്... എടാ പിന്നെ ഇതിനെങ്ങാനും വയറിളക്കം വല്ലതും പിടിച്ചാൽ പിന്നെ ഡയപ്പറും കെട്ടിച്ചു വേണം കൊണ്ടു നടക്കാൻ. ഡയപ്പറിന് തീ വിലയാണ് താനും. നാട്ടിൽ ആനയുടെ കാര്യം പറഞ്ഞത് പോലെയാ ഇവിടെ പട്ടി. നിന്നാലും ചരിഞ്ഞാലും പൈസയാ.

മോളാണെങ്കിൽ പട്ടിയെ മേടിക്കുന്നതിനു മുൻപ്, അയ്യോ പട്ടിയെ മേടിച്ചു തന്നാൽ മതി ഡാഡീ, പിന്നെ

ഒന്നും അറിയേണ്ടാന്ന് പറഞ്ഞവളാ... ആദ്യത്തെ ദിവസം പട്ടി അപ്പി ഇട്ടപ്പോൾ അതിന്റെ അപ്പിക്ക് വല്ലാത്ത നാറ്റമാന്ന് പറഞ്ഞ് അമ്മയെ നീട്ടി വിളിച്ചു... വിളി കേട്ടതും, എനിക്ക് കണ്ട പട്ടിയുടെയും, പൂച്ചയുടെയും തീട്ടം കോരാൻ വയ്യായെന്ന് പറഞ്ഞു സോഫായേലോട്ട് ഒരു കിടപ്പ്... അതോടെ ചീട്ട് എന്റെ തലയിലായി. അത് ഇന്നു വരെയും എന്റെ തലയിൽ നിന്ന് മാറിയിട്ടുമില്ല. എടാ അടുക്കള പണി, പിള്ളേരെ നോട്ടം, പിന്നെ ഇപ്പോൾ ഇതും എന്റെ ജോലിയാ. നേഴ്സായി പോയതു കൊണ്ടും, അവളുടെ ശമ്പളത്തേൽ മോർട്ട്ഗേജ് അടഞ്ഞു പോകുന്നതു കൊണ്ടും ഈ പട്ടി തീട്ടം ഒക്കെ ഞാൻ കോരുന്നു. ഒള്ളതു പറയണമല്ലോ... മോളാണെങ്കിൽ എന്നും വൈകിട്ട് കിടക്കാൻ നേരം വന്ന് ബ്രൂസിലീ എടാ മോനെ... ചക്കരേ എന്ന് വിളിച്ച് ഒരുമ്മയും കൊടുത്തിട്ട് പോകും... അതോടെ പട്ടിക്കു വയറു നിറയും.

എടാ പിന്നെ പ്രധാനപ്പെട്ട ഒരു കാര്യം ഇവിടെ പട്ടിയെ നമ്മൾ വെറ്റിനറി ക്ലനിക്കിൽ കൊണ്ട് പോയി റെജിസ്റ്റർ ചെയ്യണം. എടാ അത് അടുത്ത മറിപ്പ്. അവിടെ ചെന്നപ്പോൾ എന്നോട് പട്ടിയുടെ പേര് എന്താന്ന് ചോദിച്ചു... അതിനു ഞാൻ അല്പം ഗമയിൽ ബ്രൂസിലി എന്ന് പറഞ്ഞു.. അപ്പോൾ അവർ എന്റെ റസിഡന്റ് കാർഡ് ചോദിച്ചു. ഞാൻ അത് കൊടുത്തപ്പോൾ അവർ അപേക്ഷയെല്ലാം റ്റൈപ്പ് ചെയ്ത്, പ്രിന്റ് ചെയ്തു തന്നപ്പോൾ ഞാൻ ഞെട്ടി പോയെടാ.. പട്ടിയുടെ മുഴുവൻ പേര്- 'ബ്രൂസിലി ഈനാശു' എന്നാണിപ്പോൾ...

ബ്രൂസിലി ഈനാശുവോ? അതെങ്ങനെ... എടാ എന്റെ ഫുൾ നേം. ഷാജി പാപ്പൻ ഈനാശുവെന്നല്ലേ... കാനഡയിൽ നമ്മൾ ഒരു പട്ടിയെ മേടിച്ചാൽ ആ പട്ടി നമ്മുടെ കുടുംബത്തിലെ അംഗമാണ്..അപ്പോൾ നമ്മുടെ അവസാനത്തെ പേ ര് തന്നെയാകും പട്ടിയുടെയും അവസാനത്തെ പേ രെന്ന് പറഞ്ഞു ഷാജിച്ചായൻ നെടുവീർപ്പിട്ടപ്പോൾ ഞാൻ ചോദിച്ചു... ഈരാറ്റുപേട്ടയിൽ അച്ചായന് അറിയുമോ... അച്ചായന് ജനിക്കാതെ പോയ ഒരു സന്തതി ഇവിടെയുണ്ടെന്ന ചോദ്യത്തിനു ഷാജിച്ചായനും ഒന്ന് ചിരിച്ചിട്ട് പറഞ്ഞു... അച്ചായനെങ്ങാനും ഇത് അറിഞ്ഞാൽ അന്നോടെ തീരും എന്റെ കഥ..

എന്നിട്ട് എടാ, പട്ടിയെ റെജിസ്റ്റർ എല്ലാം ചെയ്ത്, വീട്ടിൽ കാർഡുമായി വന്നപ്പോൾ, മോൾ ആ കാർഡ് എടുത്തെല്ലാം നോക്കിയിട്ട് പറയുകയാ.. ബ്രൂസിലിയുടെ ആ നല്ലോരു പേര് കൂടി ആ ഈനാശു കളഞ്ഞുവെന്ന്. അത് കേട്ട് ചിരിക്കാൻ എന്റെ പെമ്പ്രന്നോരും.. എടാ ഈ പറഞ്ഞ കാര്യം നീ ഇനി ആരോടും പറയാൻ നിൽക്കേണ്ടാ.. നീയായതു കൊണ്ട് ഞാൻ പറഞ്ഞൂവെന്ന് മാത്രം.. ഷാജിച്ചായന്റെ ആ ഡയലോഗ് കേട്ടപ്പോൾ ഞാൻ അല്പം സെന്റി അടിച്ചു.. അല്ല.. ഷാജിച്ചായാ... അതെന്തോന്ന് വർത്തമാനമാ ഷാജിച്ചായൻ പറഞ്ഞത്... ഞാൻ എന്താ ആ ടൈപ്പാ... എന്റെ ആ സെന്റിയിൽ ഷാജിച്ചായൻ വീണു... അല്ലെടാ അല്ല.. ഞാൻ നിന്നോടായത് കൊണ്ട് പറഞ്ഞതാ... പിന്നെ കഴിഞ്ഞ ദിവസം നീ ആ മാമോദീസായ്ക്ക് പോയിട്ട് ആ ബെല്ലി ഡാൻസിന്റെ വാർത്ത എടുത്ത് മംഗളം പത്രത്തിൽ കൊടുത്തതു കൊണ്ട് ഒന്ന് സൂചിപ്പിച്ചൂവെന്ന് മാത്രം... അച്ചായൻ എന്നെ ഊതിയതാണെന്ന് കാറ്റ് അടിച്ചപോൾ തന്നെ മനസ്സിലായെങ്കിലും, പാവത്തിന്റെ ഗതി ഓർത്ത് ഞാനങ്ങട് ക്ഷമിച്ചു... പിന്നീട് അധികം സംസാരത്തിനു ഇട കൊടുക്കാതെ ഫോൺ താത്തു വെച്ച്, ഷാജിച്ചായൻ പറഞ്ഞ കാര്യങ്ങൾ അല്പം മസാല ഒക്കെയിട്ട് അവതരിപ്പിച്ചു...

ഇത്രയൊക്കെ കേട്ടിട്ടും അവൾക്ക് ഇക്കുറി പിറന്നാൾ സമ്മാനം പട്ടിയെന്ന് പറഞ്ഞു കിണുങ്ങിയപ്പോൾ ഞാൻ പറഞ്ഞു.. എനിക്ക് ജനിക്കാതെ പോയ ഒരു സഹോദരനായി ഒരു പട്ടിയെ ഏതായാലും ഈ വീട്ടിൽ വേണ്ടാ.. നീ കല്യാണം കഴിച്ചിട്ട്, പേരും മാറ്റിയിട്ട് നീ പട്ടിയെയോ പൂച്ചയെയോ എന്ത് കുന്തത്തിനെയെങ്കിലും മേടിച്ചോളാൻ പറഞ്ഞപ്പോൾ അവളുടെ മുഖം, വോഡഫോണിന്റെ പരസ്യത്തിലെ പഗ്ഗിനെ പോലെ ഒന്ന് രണ്ട് ദിവസത്തേക്ക് വീർത്ത് കെട്ടിയിരുന്നു...■

# Turn Back!



-Shireen Zameel

A tiny virus,
From somewhere in the world,
Has got all of us,
Completely unnerved!

We have plans,
And God has plans.
But the plans that get executed,
Are definitely God's plans!

Did any of us foresee,
Either you or me,
That our lives would be,
So utterly awry!

It's now or never,
Turn back to God!
Prove to Him,
That He is your Lord!

And believe it or not,
The world that we forgot,
Will be here again,
And forever will remain!

# Reclusive vs Solitude



- Nikhil George


I am the dark shadow that parts the day and night...!
I come with a frosty greeting to those who dread my warmth..!
I come swiftly and silently...!
I bring despair and desolation to some....!
A secret and serene calmness to others..!
Just as the ambience of the empty universe...,
I can be a deserted netherworld..!
But when I am deeply immersed in endearment,
I become a devine tranquility.
When no exits left unsealed,
I see a ruined valley amidst a void of shadows..!
I am an end to many, a final deathblow...!
I can be a bitter but sweet candy...,
That you could regret and embrace at the same time...!
I can bring extreme pain and suffering....!
But to some, I bring a sense of peace.
I appear to many as a misleading sign..!
And I see the malodorous ashes all around you..!
But to some I am a guide to a goal...!
A fragrance that fills the vacant spots.
When I turn my face to the eternal light...,
All the dark shadows fall behind me ! "
My echo reflects around the valley again..!
" I am pain ..,
I am peace..,
I am solitude..,
I am still...,
I am reclusive..,
But I am serene..! "






- Sidra
Maria Joseph

# Spade/Heart



-Nathania
Alicia John


Once there lived a mystery man,
with a wooden leg,
in a forbidden grove,
He smelled like burnt meat
an eye was always covered with black cloth;
and always wore the long hat
he was the trickster for kids.
Many stories and rumours
about him made kid's rattle at night;
a tale everyone held,
aiming the sense to terrify each other;
Every year, on the night of
August 24 at 12'o clock
he comes to the village,
setting fires of impatience
he will write a number upon
the sweat of his palm,
as the numbers appear:
fear catches the eyes of the natives;
No one will know what number he gets!
As the rumours continue,
he will turn 2 kids into cards
Spades for a boy,
Heart for a girl;
The numbers on the cards were their age
same as that he wrote on his palm.
Usually, he would disguise himself to play the part,
but that night only him, and HIM alone...





- Ayan Zaheer



- Namitha Thomas

# The Curse of the Blue Light



- Samuel Malepuram



My head feels a little dizzy as I slowly open my eyes.

"Aaah" I scream.

I look around, confused and scared. As my eyes wander, I notice there is vegetation all around me and suddenly I realize I'm in a closed jar!

"Oh no." I gasp. "This is not good at all."

**A day before**

"Unni, Chandu!" I screeched. "Where are you?" Thorns scrape my bare legs but I hardly notice. I'm too busy trying to locate my best friends. I pull out my phone and dial Chandu's number for the last time.

"This number is currently out of reach." came the reply from the phone.

Without thinking I raged and threw my phone at a tree.

"Nooooo! Why did I do that." I said half screaming and half crying. "I'm in the middle of a never-ending forest and I just ruined my only chance of communication."

All of a sudden, I catch a glimpse of blue light coming from a stone. Out of anger I picked up the stone that was illuminating the light and threw it. Suddenly, a bright light blinds me.

**Present day**

"Hhellpp!" I shriek.

Out of nowhere a big shadow falls over me. I see its claws digging into the ground looking for a treat, am I the treat??? Suddenly, an incredibly cute kitten pops its head out of its own shadow. I gesture for the kitten to open the jar lid. She looked confused for a second but seemed to magically understand. She slid her teeth under the jar and popped open the lid. I climbed over the top of the jar with all my might and plopped to the ground gasping for air. The grass felt soft under my skin.

Ok, now I have to go look for Chandu and Unni after I figure out how to become big again . I thought.

At once, the blue light shone again and a big voice boomed " I am the ghost of the blue light."

"Hahaha" I laughed. "You?"

"Seriously?"

" Sorry," I quickly say.


" Thank you, all I wanted was to hear some manners from you, you will be normal again."

I was so happy! Suddenly the bright light blinded me again and I found myself in front of Chandu and Unni.

" I will never forget my manners" I said as we all hugged each other. We walked to our cabin making sure we stayed together. We definitely couldn't risk getting separated again. As we got to our cabins our parents rushed to us with a very worried look on their faces.

"Where were you, we were so worried?!!" My mom says as soon as we walk into my room."

"Well," I said as I looked into her eyes "I was somewhere I could never forget" ■




# കാലഹരണപ്പെടും കാലം



**''ദോ ആ കത്തി നിൽക്കുന്ന സൂര്യനുള്ളിടത്തോളം കാലം നമ്മുടെ കുലീന വംശവും നമുക്ക് ഉള്ള ശക്തിയും അധികാരങ്ങളും കൊച്ചു കൊച്ചു അപ്രസക്ത ജീവികളുടെ മേലുള്ള മേൽക്കോയ്മയും എല്ലാം നില നിൽക്കുക തന്നെ ചെയ്യും. അവരെ പേടിപ്പിച്ചും പീഡിപ്പിച്ചും ചൂഷണം ചെയ്തും നാം തിന്നും കൊഴുത്തും വാഴും.''**

-Rajeev
Chitrabhanu

കഥ നടക്കുന്നത് പണ്ടാണ്. പണ്ടു പണ്ട്, 75 ദശലക്ഷം വർഷം മുമ്പ്. കാൽഗറിയിലെ പനടെല്ല പ്രദേശത്തെ ഒരു പനയുടെ ചോട്ടിലിരുന്ന് കുറച്ചു ദിനോസറുകൾ ഇന്ത ദുനിയാവിന്റെ ഭാവിയെ പറ്റി കൂടിയാലോചിച്ചു കൊണ്ടിരിക്കുകയാണ്. കൂട്ടത്തിൽ ഹിഡുംബനും ലോകത്തിന്റെ പരമാധികാരിയെന്ന് ധരിച്ചു വശായവനും വായാടിയും സർവോപരി വംശവെറിയനും ആയ മൂപ്പൻ തലയൊന്നു കുടഞ്ഞു, പനയുടെ രണ്ടോല ഒറ്റ കടി കടിച്ചു കൊണ്ട് മുകളിലേക്ക് നോക്കി. പരന്ന ഭൂമിയിൽ മുഴുവൻ പരക്കെ പ്രകാശം പരത്തി നിൽക്കുന്ന സൂര്യനെ ചൂണ്ടി പറഞ്ഞു:

''ദോ ആ കത്തി നിൽക്കുന്ന സൂര്യനുള്ളിടത്തോളം കാലം നമ്മുടെ കുലീന വംശവും നമുക്ക് ഉള്ള ശക്തിയും അധികാരങ്ങളും കൊച്ചു കൊച്ചു അപ്രസക്ത ജീവികളുടെ മേലുള്ള മേൽക്കോയ്മയും എല്ലാം നില നിൽക്കുക തന്നെ ചെയ്യും. അവരെ പേടിപ്പിച്ചും പീഡിപ്പിച്ചും ചൂഷണം ചെയ്തും നാം തിന്നും കൊഴുത്തും വാഴും. അതിനെ

ചോദ്യം ചെയ്യാൻ വരുന്ന ഏതൊരു ശക്തിയും, കരയിലാവട്ടെ, വായുവിലാവട്ടെ, വെള്ളത്തിലാവട്ടെ, എന്റെ ഈ കാലിന്റെ ചവിട്ടേറ്റ് നമ്മുടെ ഈ പരന്ന ഭൂമിയ്ക്കടിയിലേയ്ക്ക് ആഴ്ന്നു പോകും. ആർക്കും സംശയം വേണ്ട.''

മൂപ്പൻ അങ്ങനെയാണ്. കാൽഗറിയുടെ പരിസരം മാത്രമേ കണ്ടിട്ടുള്ളുവെങ്കിലും ഭൂമിയുടെ മൊത്തം കാര്യവും അറിയാം എന്നാണ് പൊതുവെ ഉള്ള വിചാരം. സ്വന്തം വർഗത്തിന് മാത്രം ജീവിക്കാനുള്ളതാണ് ലോകം മുഴുവൻ എന്ന് കുട്ടിക്കാലം തൊട്ടേ പനടെല്ലയിൽ ഉള്ള കെങ്കേമൻ ദിനോസറുകൾ മൂപ്പന് പറഞ്ഞു കൊടുത്ത അറിവുണ്ട്. തന്നോട് മുട്ടാൻ വന്ന ആന, സിംഹം, ബൈസൺ തുടങ്ങിയ സഹജീവികളെ തത്സമയം തന്നെ ഒതുക്കിയ ചരിത്രമേ മൂപ്പന് ഉള്ളു.

പക്ഷെ എല്ലാ ദിനോസറുകളും മൂപ്പനെ പോലെ മർക്കടമുഷ്ടിക്കാരൊന്നും ആയിരുന്നില്ല. കൂട്ടത്തിൽ ധാരാളം യാത്ര ചെയ്യുന്നവരും അതുകൊണ്ടു തന്നെ ലോകവിവരവും ബുദ്ധിയും ആകാര വടിവുമുള്ള പെൺ ദിനോസറുകൾ ഉണ്ടായിരുന്നു. അവർ പിൽക്കാലത്തു അർജന്റീന യെന്നും ചിലിയെന്നും ഒക്കെ പേരിട്ട് വേലി കെട്ടി തിരിക്കാൻ പോകുന്ന മനോഹര ഭൂപ്രദേശങ്ങളിൽ ചുറ്റിയടിക്കാറുണ്ടായിരുന്നു.

ആമസോൺ കാടുകളിലുള്ള കിളികളും ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നിന്നും സൈബീരിയൻ വിജനതയിൽ നിന്നും ദേശാടനം ചെയ്തു വരുന്ന പക്ഷിക്കൂട്ടങ്ങളും നടത്തുന്ന ആശയ വിനിമയങ്ങൾ അവർ ശ്രദ്ധിച്ചു കേൾക്കാറുണ്ടായിരുന്നു.

മഴവില്ലുപോലെ ഏഴഴകുള്ളവളും ആരെയും ഒരു കൂസലില്ലാത്തവളും ആയ ഒരു ദിനോസറിണി മൂപ്പനെ ശ്രദ്ധിക്കാതെ, ദൂരെ അനന്തമായി കിടക്കുന്ന ജലാശയത്തിൽ ദൃഷ്ടിയൂന്നി, ആത്മഗതമെന്ന പോലെ പറഞ്ഞു:

''നാം തന്നെ കേമൻ എന്ന ഈ വെളച്ചിലൊന്നും ഇനി അധികം കാലം പോകുമെന്ന് തോന്നുന്നില്ല. നമുക്ക് സൂക്ഷിച്ചു നോക്കിയാൽ മാത്രം കാണാൻ സാധിക്കുന്ന ഒരു തരം ജീവികൾ വരാൻ പോകുന്നുണ്ട് അധികം താമസിയാതെ....അവർ ഹോമോസാപ്പിയൻസ് എന്ന് പിൽക്കാലത്ത് അറിയപ്പെടും. കോടാനുകോടികളായി അവർ പെറ്റു പെരുകും. അവരുടെ നിലനിൽപ്പിന് നമ്മൾ ഭീഷണിയായതു കൊണ്ട് നമ്മൾ ഈ ഭൂമിയിൽ ഇനി ഇല്ലാതാവേണ്ടിയിരിക്കുന്നു. ആരാവും നമ്മളെ കൊന്നൊടുക്കുകയെന്നോ എങ്ങനെ യാണു നമ്മളെല്ലാം ഇല്ലാതാവുക എന്നോ എനിക്കറിയില്ല. എന്റെ കാലം കഴിഞ്ഞിട്ടായാൽ മതിയായിരുന്നു.''മൂപ്പനെ എന്തിനും ഏതിനും പിന്താങ്ങുന്ന കുറെ ദിനോസറുകൾ ഇന്നത്തെപ്പോലെ അന്നും ഉണ്ടായിരുന്നു. അവർ ഇതുകേട്ട് ചാടിയെണീറ്റു... പനടെല്ല പ്രകമ്പനം കൊണ്ടു. അവിടവിടെയായി മരങ്ങളിലും മുൾച്ചെടികളിലും ഇരുന്ന് വെയിൽ കാഞ്ഞിരുന്ന പക്ഷികൾ ഒക്കെ പറന്നു പോയി.

താളം തെറ്റിയ ജീവിതവുമായി അർമാദിച്ചു നടന്നിരുന്ന ആ രാക്ഷസജീവികൾ ഉറക്കെ അലറി: ''കൊല്ലാൻ വരുന്നത് ആരായാലും, അത് ഒറ്റയ്ക്കാവട്ടെ, ഒരു കൂട്ടമാവട്ടെ, നമ്മുടെ ഒരു രോമം പോലും തൊടാൻ സമ്മതിയ്ക്കില്ല. അവർക്ക് നമ്മുടെ ഭീമമായ ശക്തിയെ പറ്റി ഒരു പിടിയും ഇല്ലാഞ്ഞിട്ടാണ്.''

അവർ അലറിക്കൊണ്ട് ഭൂമി കുലുങ്ങും വിധം കാനനസ്കിസ് കാനനത്തിലൂടെ വാല് പൊക്കിയുയർത്തി ഓടിച്ചാടുകയും നിലത്തടിക്കുകയും ചെയ്തു. എന്നിട്ടും കലി തീരാതെ തിരിച്ചോടി വന്ന് ദിനോസറിണിയെ ആക്രമിക്കാൻ ആഞ്ഞപ്പോൾ മൂപ്പൻ തടഞ്ഞുവെങ്കിലും വാലുയർത്തി ശിഷ്യന്മാരോട് ഐക്യദാർഢ്യവും പ്രകടിപ്പിച്ചു.

അതിനു ശേഷം മൂപ്പൻ ദിനോസറിണിയോടു അല്പം രഹസ്യമായി ഇങ്ങനെ ഉപദേശിച്ചു: ''നിനക്കറിയാമല്ലോ, നമ്മളാണ് ഇന്ന് ഈ നാടിന്റെയും കാടിന്റെയും കടലിന്റെയും പർവ്വതങ്ങളുടെയും ആകാശത്തിന്റെയും അധിപന്മാർ. അതങ്ങിനെ തന്നെ ആയിരിക്കേണ്ടത് നമ്മുടെ മാത്രം ആവശ്യമല്ല. ശക്തിയും ധൈര്യവും ഉള്ള നാം ഈ ഭൂമുഖത്തുണ്ടെങ്കിൽ മറ്റുള്ള പീക്കിരി ജീവികൾ പിന്നെ കിടന്ന് ആളാവാൻ നോക്കില്ല, അതറിയാമോ?''

ഈ പോക്ക് കേസിനോട് ഇനി മിണ്ടിയിട്ട് കാര്യമില്ലെന്നു കരുതി ദിനോസാറിണി വെയിൽ മങ്ങിയ കാൽഗറി താഴ്വരയിലൂടെ ഹോമോസാപ്പിയൻസിനെ പറ്റി ചിന്തിച്ചു കൊണ്ട് ഉദാസീനയായി നടന്നു. മൂപ്പനാകട്ടെ തന്റെ ശിഷ്യരേയും കൂട്ടി ആർത്തു ചിരിച്ചും ചാടിയും തെക്കോട്ടു ലക്ഷ്യമാക്കി അന്ന് രാത്രിയിലെ വന്യമായ ക്രീഡകൾക്ക് പുറപ്പെട്ടു.ഇടക്ക് എന്തോ ഓർത്തൊന്നു നിന്ന മൂപ്പൻ ശിഷ്യരോട് ചോദിച്ചു: ''എന്താണാ വരാൻ പോണ കൃമീടെ പേര് പറഞ്ഞത്? ഹോമോസാപ്പിയൻസോ? വിചിത്രം തന്നെ.''

ശിഷ്യന്മാർ വന്യമായി ആർത്തു ചിരിച്ചു കൊണ്ട് വളഞ്ഞു തിരിഞ്ഞ് ഓടിക്കൊണ്ട് പറഞ്ഞു: ''ഏതു ശപ്പനായാലും തുണ്ടം തുണ്ടമാക്കില്ലേ നമ്മൾ!''



കാലങ്ങൾക്കിപ്പുറം ഭ്രാന്തചിത്തരായ ചില മനുഷ്യർ പനടെല്ലയിൽ നിന്നും അമേരിക്കൻ ഐക്യ നാടുകളിലേയ്ക്ക് ഡ്രൈവ് ചെയ്യാൻ ഡിയർഫുട്ട് എന്ന് പേരിട്ടുണ്ടാക്കിയ അതേ പാതയായിരുന്നു അത്....

മൂപ്പൻ ദിനോസറും കൂടെയുള്ള ക്രൂരന്മാരും ഒരു വെല്ലുവിളിയും നേരിടാതെ ജീവിച്ചു എന്നല്ല...അവർ അടിച്ചു തോൽക്കാൻ സാദ്ധ്യതയുള്ള ടീമുകളുമായി ഉടക്കുണ്ടാവുന്ന അവസരം വരുമ്പോൾ മൂപ്പൻ നയത്തിൽ പ്ലേറ്റ് മാറ്റുകയാണ് പതിവ്. ഭീഷണി ഉണ്ടാക്കുന്ന ഗ്രൂപ്പുമായി ഒരു ഉടമ്പടി ഉണ്ടാക്കും. പിന്നെ വേറെ ഏതെങ്കിലും രീതിയിൽ അവരുടെ ഉള്ളിൽ തന്നെ കുത്തിത്തിരിപ്പുണ്ടാക്കുകയോ അതല്ലെങ്കിൽ അവരുമായി മുട്ടാൻ കെൽപ്പുള്ള വേറെ വല്ല ദിനോസർ ടീമിനെയും കണ്ടെത്തി അവരുമായി ശണ്ഠ ഉണ്ടാക്കാനുള്ള കോപ്പു കൂട്ടുകയോ ഒക്കെ ചെയ്യാനുള്ള വിദ്യ മൂപ്പന് നന്നായിട്ടറിയാമായിരുന്നു. അതുകൊണ്ടാണല്ലോ മൂപ്പനായത്!

അതുപോലെ തന്നെ, മൂപ്പൻ നയിക്കുന്നവരെല്ലാം ഒരേ അഭിപ്രായക്കാരും ആയിരുന്നില്ല. മൂപ്പന്റെ സ്വാർത്ഥ താൽപ്പര്യങ്ങൾ കാണുമ്പോൾ പലരും അഭിപ്രായം പറയാറില്ല. ദിനോസറിണിയെപ്പോലുള്ളവർ പറയുന്നതിനെ നിർദ്ദയം നിശബ്ദമാക്കും. പലരും കൊല്ലപ്പെടും.

പ്രകൃതിയുടെയും കാലത്തിന്റെയും അനന്തമായ ചംക്രമണത്തെ ഓർത്തു കൊണ്ട്, ഒരു നിരർത്ഥ സ്വപ്നമായ ജീവിതത്തെ ഓർത്തു കൊണ്ട് ദിനോസറിണി കാട്ടിലെ മൂകതയിൽ മുങ്ങി നടന്നു... നിഷേധവും ധിക്കാരവും ബലാൽക്കാരമായ അതിർത്തി ലംഘനങ്ങളുമായി ദിനോസർക്കൂട്ടം വിഹരിയ്ക്കുമ്പോഴും സായം സന്ധ്യകളിൽ വിഹ്വലതയുടെ കൂരകളിൽ ചേക്കേറുന്ന നിസ്സഹായ ജീവികളുടെ വിഹ്വലതകൾ, ചെറുതും വലുതുമായ നാനാതരം മൃഗങ്ങളെ നോക്കി നിസ്സംഗമായി നെടുവീർപ്പിടുന്ന ദിനോസർ യുവത്വം, ചെയ്തു തീർത്ത അപരാധങ്ങളെയോർത്ത് ഇനിയുമൊരവസരത്തിനായ് നിശബ്ദം കേഴുന്ന വാർദ്ധക്യം, രോഗാതുരമായ ശരീരവും വന തൃഷ്ണകളുടെയും മോഹ ഭംഗങ്ങളുടെയും പരീക്ഷണങ്ങളാൽ ക്ഷീണിച്ച മനസ്സും കൈമുതലായുള്ള സഹയാത്രികൾ, ഒന്നും പോരെങ്കിലിതാ, ഈ കാടുകളിൽ കടിപിടികൂടുന്ന സിംഹങ്ങൾ, സിംഹങ്ങളുടെ സ്വാഭാവിക ശത്രുക്കളായ ആനകൾ, അങ്ങനെയങ്ങനെ എല്ലാം നിരന്നു നിൽക്കുന്നു. അവരുടെ കണ്ണിലെ ക്രൗര്യവും അവരുടെ അന്തരേന്ദ്രിയങ്ങളിലെ വരൾച്ചയും അവരുടെ നാവിന്റെ കപടതയും അവരുടെ മനസ്സിന്റെ ദയാരാഹിത്യവും...

ദിനോസറിണിയെ എല്ലാം ഭയചകിതയാക്കുന്നു. നിരാശയാക്കുന്നു. സ്വയം വില കെട്ട് ഈ കാലത്ത് ജനിയ്ക്കണ്ടായിരുന്നു. കോടാനുകോടി ചംക്രമണം നടത്തിയ കാലമേ, നീ ഈ കീടത്തെ ഇനിയും എത്ര നാൾ ഇങ്ങനെ പൊയ്കാഴ്ചകളാൽ പീഡിപ്പിക്കും? എല്ലാം തീർക്കുന്ന നിന്റെ ഇന്ദ്രജാലം വരുന്ന നാൾ കാണാതിരിക്കാൻ ഉള്ള ഭാഗ്യം മാത്രം മതി. ■


# B & B GROCERIES INC
## FREE HOME DELIVERY

All kinds of Kerala groceries

Matta Rice (7 Brands)
Frozen Fish, Casava
Cocunut, Chicken etc.

*Guaranteed lowest price*

**587 894 2516**




bbgroceries20@gmail.com




# THAT FRIEND



-Sandeep Sam Alexander

**"SACHIN'S STYLE OF PLAY AND FINESSE WAS BEYOND INFATUATION TO ME. HE WAS THE BELOVED OF THE NATION. HIS TALENT ATTRACTED ALL GENERATIONS OF CRICKET LOVERS TO THE SPORT."**

Cricket is deemed a religion status in the Indian subcontinent. The sport commands utmost prominence in Indian households with powers to bring daily life to a standstill on game nights. Even recent ignominy to the sport due to betting and player scandals have failed to tarnish the unfaltering support and glory both cricket and its players enjoy. Undeterred by the fact that only a select few will ever make the fortunate 11 to don the national cricket colors, drones of kids hone their skills with unwavering passion to emulate stroke plays of their cricketing idols. Akin to other Indian kids, I was drawn to this game at an early age.

Almost oblivious to the cricketing bug that had bit the nation, in my village however cricket was only a seasonal sport. Most kids there were more drawn towards volleyball and other നാടൻ (Local) sports. Not letting that taint my passion for cricket, I used to play as many club and team level cricket matches as I could get into. Following the game religiously for me had become as vital as playing the game. My devotion finally bore fruit when I got acquainted to a boy in the village who shared the same love for cricket.

Even though he was much younger than I was, this friend of mine was very smart in studies and was the youngest in the family. He lived across the border wall of the region where I belonged. Along the sides of the wall a small stream flowed which would heavily flood during monsoon. He was a person who had some ailments. He was on medications and was under strict control of his mother. His cricketing fervor lead him to valiantly persist all these hurdles and still come calling for a game.

What started of as a mere exchange of stamps for comic books quickly blossomed into a bond cemented by the ardor for cricket. Our humble beginnings from metal poles for wickets and every Malayali cricket enthusiast's well acquainted ഓലമടൽ (co-

conut leaf's bark) bats gradually progressed to real stumps and cricket bats graciously gifted by our families. We started playing in the courtyard of his house. Even in that restrictive space a cricketing game of two was joyful. We creatively set up scoring zones each of which were assigned preset run values to prevent fatigue from chasing the ball. We would select country names to play under casting lots to pick India. He being the younger one had more chances of picking compared to me.

We had our fair share of disagreements and arguments during the game which generally went well. Being the younger one he had twenty chances to bat as compared to the five I got. But it was fun and mostly I prevailed but occasionally he succeeds and sometimes I even let it go to please him. We also had our share of adventures while retrieving balls hit into the flowing stream. Occasionally we would have his siblings as other players in the game. On rainy days we took our game indoors playing cricket on board with dice. We also had a huge collection of cricket cards to play with.

With time our circle of cricketers grew, and we shifted venue to a nearby home playing in evenings. Our personal game however continued in mornings. As time progressed, I started playing with a team of bigger boys and became a regular there. I started spending lesser time with my friend's team. There was an occasion in a match where I had to pick a side between the two teams and decided on playing with the bigger boys. We went on to win that match. This caused rift and resentment towards me from some of the boys in the smaller team which healed eventually. It made me realize I was bad at making decisions and choices.

The game with my friend continued until I moved to college hostel after which our games reduced. Eventually as we moved away from that place, I lost touch with him and upon inquiry realized he also had moved away. I hoped he would not forget me and wished him well in life's journey.

He was a caring fellow and I can never forget the time I spent with him. I fondly remember how he called me yelling from across the wall to get started. Later he started phoning me when they got the telephone connection. Some friends are special, and he is one of them. I think our friendship was deeply rooted in our passion for the game of cricket. I find it hard to justify any other reasoning for this friendship beyond the huge gap of age difference that stood between us.

**THAT PLAYER**

Analogous to the contrast in cultures, customs and cuisine between the West and East, variances persist



in the sports they enjoy. While their eastern counterparts ridicule the Americans for playing American football running with ball in their hands rarely using feet, athletes in the West jeer at the patience of Easterners to sit through a seemingly slow game of cricket which for them is a loud noised pest.

With the advent of IT revolution and political circumstances there was a huge influx of people towards the end of the last millennium from the Indian subcontinent namely the Indian, Pakistan and Srilankan diaspora to the USA. They brought with them a passion deep instilled in them from the seeds of colonial rule pertinent to all Commonwealth countries the game of cricket. Fast forward to 2015 when ICC the international governing body for cricket decided to make inroads for the game in the USA, a competitive All Stars T20 was scheduled played by bigwig veterans of the cricket world in Citifield ballpark New York and Minute Maid ballpark Houston. Both matches had crowd turnouts of record proportions all gathered to catch a glimpse of one cricketer in particular, Sachin Ramesh Tendulkar.

**"THE CROWN JEWEL OF HIS ENDEARING FOLKLORE WAS HIS HUMILITY. EVEN WITH ALL HIS ACCOMPLISHMENTS THE LITTLE MASTER IS FONDLY REMEMBERED AS THE SIMPLEST AND MOST MODEST PLAYER THE SPORT HAS EVER KNOWN. "**

Despite making a proud ICC Championship win in 1983 the Indian cricket team was always considered minnows in competition tournaments and never managed to produce a match winning crowd puller. All that came to change when Sachin Tendulkar donned his gloves making debut in 1989 against Pakistan arch-rivals to India since partition. Under the guidance of stalwarts of Indian cricket like Kapil Dev and Sunil Gavaskar the short lad from the western suburbs of India went on to become a cricketing phenomenon shattering records by the dozen. By the time he had retired on 23rd December 2012 in lieu of declining form he held a plethora of records many of which hold good even today.

Sachin's style of play and finesse was beyond infatuation to me. He was the beloved of the nation. His talent attracted all generations of cricket lovers to the sport. His fan following surpassed the boundaries of age, religion, gender and even countries. There were junctures in the whole prospect when the game is taking place that all eyes would be glued on Sachin in hope and anticipation. For the aged and mothers, he was their beloved son who fought valiantly on field to make India proud. Mumbling silent prayers for him the nation would come to a standstill cheering his every run as he went on to win series after series often almost single handedly. He struck fear in the minds of his opponents. Getting his wicket was almost an enigma in itself. He was the psychological pillar of the Indian cricket team. There were numerous occasions when the Indian batting order crumbled when he got out early. He was the proud recipient of the highest laurels available both in India and in the cricketing world.

The crown jewel of his endearing folklore was his humility. Even with all his accomplishments the Little Master is fondly remembered as the simplest and most modest player the sport has ever known. His newfound riches and fame did not get to his head and make him forget his humble beginnings. He has a charitable heart and his eagerness to help the needy without being in the limelight is awe inspiring.

Growing up he was and to this day Sachin continues to be my cricketing idol. I could not bear to see him under perform. Like numerous others I prayed through his innings. His performance mattered to me much more than Indian team's victory. At a certain point I knew every minute fact about Sachin and became a repository of facts in debates about him. Huge posters of Sachin adorned my room. I had a collection of cricketing cards of Sachin which came along with a chewing gum brand. I even made albums of him and followed any and all magazines covering cricket's news about him. When I gained access to internet collecting facts about my favorite cricketer became easier. Emulating his style, I started playing the game at an early age and got hit with the hard ball often at vulnerable spots. In due course I adapted to situations and improved my game.

With the oncoming of paid satellite channels Indian cricket started attracting huge fortunes. Several talents emerged and departed but very few has made an impact on the game and its followers. He will be my only player who had been there in the mind as I matured, and his legacy never fades even after he has faded from the scene. Our generation will sweetly cherish the time he played and the special emotional state which very few barring Sachin can offer.

Let that player; **SACHIN RAMESH TENDULKAR** stay in the minds forever!

# മലയാളം സ്കൂൾ കാൽഗറി



**കാൽഗറി മലയാളി അസ്സോസ്സിയേഷന്റെ നേതൃത്വത്തിൽ 2014 October - 14 ന് ആരംഭിച്ച മലയാളം സ്കൂൾ വിജയകരമായി ഏഴാം വർഷത്തിലേയ്ക്ക്.**

- Abraham Issac

2014–ലെ MCAC കമ്മിറ്റിയുടെ പ്രയത്ന ഫലമായാണ്, നമ്മുടെ വളർന്നു വരുന്ന തലമുറയ്ക്ക് മലയാള ഭാഷയുടെ മധുരം പകർന്നു നൽകാൻ ഒരു മലയാളം സ്കൂൾ എന്ന ആശയം സാക്ഷാത്കരിക്കപ്പെട്ടത്. ഈ ഉദ്യമത്തിനായി ഒന്നിച്ചു പ്രവൃത്തിച്ച എല്ലാവരെയെയും അഭ്യുദയാകാംക്ഷികളെയും ഈയവസരത്തിൽ നന്ദിയോടെ സ്മരിച്ചുകൊള്ളുന്നു. തുടക്കത്തിൽ 20 കുട്ടികളും മൂന്ന് അദ്ധ്യാപകരുമായി എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് Cagary NEലെ Genesis center ൽ ആയിരുന്നു ക്ലാസ്സുകൾ. തുടർ വർഷങ്ങളിൽ മലയാള ഭാഷ പഠിയ്ക്കുവാൻ താത്പര്യപൂർവ്വം കൂടുതൽ കുട്ടികൾ എത്തുകയും Calgary Board of Education-ൻറെ കീഴിലുള്ള James Fowler High School ലേക്ക് മാറുകയും ചെയ്തു...

തിരക്കുപിടിച്ച പ്രവാസ ജീവിതത്തിലും മലയാള ഭാഷയും നമ്മുടെ സംസ്കാരവും തങ്ങളുടെ കുട്ടികൾ മനസ്സിലാക്കിയെടുക്കണമെന്ന് താല്പര്യപ്പെടുന്ന മാതാപിതാക്കളുടെ ആഗ്രഹ സഫലീകരണം കൂടിയാണ് സ്കൂളിന്റെ മുന്നോട്ടുള്ള പ്രയാണം. എഴുത്തും വായനയും രസകരമായ കളികളും കൂടാതെ കേരളത്തെയും ഇൻഡ്യയെയും കാനഡയെയും അടുത്തറിയാനുതകുന്ന വിധം കൂടിയാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

MCAC യുടെ വിവിധ പരിപാടികളും കാവ്യസന്ധ്യയുടെ കവിതാപാരായണവും കുട്ടികൾക്കുള്ള വേദികളാണ്. ഒരു നഗരമെന്ന നിലയിൽ കാൽഗറി വളർന്നപ്പോൾ കൂടുതൽ കുട്ടികൾക്ക് ഉപകാരപ്രദമാകാൻ നിലവിൽ മൂന്ന് സ്ഥലങ്ങളിലായി മലയാളം സ്കൂൾ പ്രവർത്തിക്കുന്നു. (Nelson Mandela High School Calgary NE, Dr. George Stanley School Calgary SE, The Village, Brent wood Road Calgary NW).

പ്രിൻസിപ്പൽ ഏബ്രഹാം ഐസക്കിനോടൊപ്പം സ്വപ്ന തോമസ്, അജീഷ് കുര്യൻ, ലീന മലേപ്പുറം, അനിതാ രാജു, വിവേക് നായർ, സിന്ധു മണ്ണാഴത്ത്, മായാ നാരായൺ, അനിത സന്തോഷ്, ബിന്ദു ഉണ്ണി എന്നിവർ അദ്ധ്യാപകരായും സ്നേഹ മാത്യൂസ്, സീമ രാജീവ്, മെർലിൻ സന്ദീപ് എന്നിവർ അദ്ധ്യാപക സഹായികളായും കഴിഞ്ഞ വർഷം പ്രവർത്തിച്ചു. എല്ലാ വെള്ളിയാഴ്ചയും (long weekend ഒഴികെ) വൈകിട്ട് 7 മുതൽ 8 മണി വരെയാണ് ക്ലാസ്സുകൾ. കുട്ടികളുടെ അഭിരുചിയും ആവശ്യവുമനുസരിച്ച് വിവിധ ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നു. കുട്ടികളെ കൂടാതെ മലയാളം പഠിയ്ക്കാൻ ആഗ്രഹിക്കുന്ന മുതിർന്നവരും വിദേശ വിദ്യാർത്ഥികളും ഇക്കാലയളവിൽ സ്കൂളിനെ സമീപിച്ചിട്ടുണ്ട്. മലയാളം സ്കൂളിൽ രജിസ്റ്റർ ചെയ്യുവാനും കൂടുതൽ വിവരങ്ങൾക്കും താല്പര്യമുള്ളവർക്ക് malayalamschoolcalgary@gmail.com or 587-437-6615-ൽ ബന്ധപ്പെടാവുന്നതാണ്.



# SLAVERY

- Nia Rajesh

Every morning I wake up at 4:00am on a pile of rags. Using all the strength I can muster, I go outside & eat my breakfast. Picking would start right away. My hand scrapes on a thick, dark, brown pod. The air is filled with smells of filthy, foul, dirt. A man in the distance screams as he is getting whipped. If another slave asked me if I wanted to run away to Canada, where slavery is illegal, I would say no. Not when I am so terrified of becoming a cripple from nasty whips. Despite the fact that I yearn for freedom, my instincts tell me that I'm better off staying, instead of risking my life. I could die, trying to earn my emancipation. I know the life of a slave isńt luxurious, but it's all I got. Knowing nobody in Canada is not my way of starting fresh, getting another chance. Decisions like this rarely come up in my life; I usually don't have a choice. But when they do, I mostly say no, and there is no exception right now. No for the fear of being caught. No for the fright of starvation. Right now, I choose no.



- Shahitha Rafeek

# വാക്ക്

അപരിചിതരായിരുന്ന നമുക്കിടയിൽ
ആദ്യം പിറന്നുവീണത് വാക്കുകളായിരുന്നു.
തേച്ചുമിനുക്കി സുന്ദരമാക്കിയ വാക്കുകൾ
ഈറൻ പ്രഭാതങ്ങളിലെ ഹിമബിന്ദുക്കൾ പോലെ
കുളിരൂറുന്ന നനുത്ത വാക്കുകൾ
തൂവൽപോലെ നേർത്ത സ്പർശമായ്.

പ്രണയത്തിന്റെ തേൻമധുരം നിറച്ചു
എത്ര പെട്ടെന്നാണ് അവ കൊതിയൂറും വാക്കുകളായത്
അക്ഷയപാത്രത്തിൽ നിന്നെന്നപോലെ
അനുസ്യൂതം നിർഗ്ഗളിച്ചത്
മനസ്സിൽ നിന്നും മനസ്സിലേക്ക്
നോട്ടങ്ങളിലൂടെ പിറന്നുവീണത്


അകലത്തിരുന്നവർ  അരികെയായപ്പോൾ
പോകെപ്പോകെ, വാക്കുകൾ  രൂപം മാറിത്തുടങ്ങി
പുറത്തേക്കെറിയും മുൻപ് അവ
രുചിച്ചുനോക്കാൻ നാം മറന്നു
അവയിൽ ആത്മാവ് നിറയ്ക്കാനും
പ്രണയം പൊതിയാനും മറന്നു
വാക്കുകൾ വെറും പതിരുകളായി

വാക്കുകൾ വിരുന്നുകാരായി
അലക്കിത്തേച്ച ഉടയാടകളുമായി വിരുന്നെത്തുന്ന
കൃത്രിമത്വം തോന്നിക്കുന്ന വിരുന്നുകാർ
വിരുന്നിനെത്തുന്നവർ മടങ്ങുംപോലെ
ഒരിക്കൽ നമ്മിലെ വാക്കുകളും മടങ്ങിപ്പോയി
എന്നിട്ടും വർണ്ണഭാവങ്ങൾ നിറച്ചു നാം
നിഷ്ഫലമായ്  അവയെ പുനർജ്ജനിപ്പിച്ചു

ആവർത്തനവിരസമായ് വാക്കുകൾ
പ്രണയത്തിന്റെ നനുത്ത കുപ്പായമഴിച്ചുവെച്ചു
രൗദ്രവും ബീഭത്സവുമായി രൂപം മാറി
കൂർത്തചില്ലുകളായ് തുളച്ചുകയറി
പത്തുനിമിഷങ്ങൾ കൊണ്ട് മൊഴിഞ്ഞവ
പത്തുജന്മങ്ങളിലെ നീറ്റലായ്


ഒടുവിൽ തളർന്നവശരാകുമ്പോൾ
വാക്കുകൾ മറഞ്ഞില്ലാതെയായ്...
മൗനത്തിലൂടെ തപ്പിത്തടഞ്ഞു നാം
തിരികെ യാത്രയായ്  അപരിചിതരെപ്പോലെ..

അലിയിപ്പിച്ചതും അരിഞ്ഞു തള്ളിയതും വാക്കുകളായിരുന്നല്ലോ...


SOUTH INDIAN KITCHEN
Savoy's
Always Fresh
& Healthy
facebook.com/savoyskitchen
AUTHENTIC SOUTH
INDIAN CUISINE
EXPECT THE BEST SOUTH INDIAN FOOD
DINING | TAKE OUT | CATERING
SAVOYS SOUTH INDIAN KITCHEN
4655 54 Ave NE, #102, Calgary, AB T3J 3Z4 Tel: 587-623-7888
www.savoyscalgary.com


EVERLAST
ROOFING & SIDING LTD.
We take care repairing / replacing of:
• Roofing • Siding • Chimney • Window • Garage door & Fencing.
Call for same day free estimate
Contact: (587) 703-5665, (587) 998-0803
Email: info@everlastroofings.com, www.everlastroofings.com






- Aaron
Manu Thayil











- Gautham
Praveen

# പ്രിൻസ്

## ഒരു ഓർമ്മക്കുറിപ്പ്



-Grace Maria Abraham

**''ആരാണ് പ്രിൻസ് എന്ന ചോദ്യത്തിന് ഏറ്റവും ലഘുവായ ഉത്തരം എൻറെയൊരു ബന്ധു എന്നാണ്. അവനും ഞാനും തമ്മിൽ രണ്ടു വയസ്സ് വ്യത്യാസം കാണും. അത്ര അടുത്ത ബന്ധം അല്ലാത്തതുകൊണ്ട് തന്നെ പണ്ടൊക്കെ ഞാൻ അവനെ വല്ലപ്പോഴും മാത്രമേ കാണാറുണ്ടായിരുന്നുള്ളൂ.''**

2007 ജൂൺ 18, അതൊരു തിങ്കളാഴ്ചയായിരുന്നു. സമയം ഏകദേശം പുലർച്ചെ ഒരു മൂന്നോ നാലോ മണി ആയിക്കാണും. അമ്മയുടെ മൊബൈൽ നിർത്താതെ അടിക്കുന്നത് കേട്ടാണ് ഞാൻ ഉണർന്നത്. ഈ നേരത്ത് ഫോൺ വിളി അസാധാരണമായതു കൊണ്ടാകാം എൻറെ മനസ്സിൽ ഒരു അപകടമണി മുഴങ്ങി. പക്ഷേ ഉറക്കം ശരിക്കും വിട്ടൊഴിഞ്ഞിട്ടില്ലാത്തതിനാൽ ഞാൻ വീണ്ടും ഒരു മയക്കത്തിലേക്ക് വഴുതി വീണു. അല്പ സമയം കഴിഞ്ഞു ഉണർന്നപ്പോൾ അമ്മയും അച്ഛനും എവിടെയോ പോകാൻ തിരക്കു കൂട്ടുന്നത് കേൾക്കുന്നുണ്ടായിരുന്നു .

കണ്ണു തിരുമ്മി എഴുന്നേറ്റു അടുക്കളയിൽ ചെന്നപ്പോൾ അമ്മ പതിയെ പറഞ്ഞു: ''പ്രിൻസ് മരിച്ചുപോയി.''

ഉറക്കമുണർന്ന ഉടനെ കേട്ട വാർത്ത ഒരു നിമിഷത്തേക്ക് മനസ്സിൽ എന്തു വികാരമാണ് തോന്നിയതെന്ന് എനിക്കറിയില്ല. അതിവിദൂരമല്ലാത്ത ഭാവിയിൽ കേൾക്കുമെന്ന് പ്രതീക്ഷിച്ചിരുന്നതെങ്കിലും ഇതിപ്പോൾ വളരെ വളരെ നേരത്തെ ആയി പോയോ എന്നൊരു സംശയം മാത്രം.

ആരാണ് പ്രിൻസ് എന്ന ചോദ്യത്തിന് ഏറ്റവും ലഘുവായ ഉത്തരം എൻറെയൊരു ബന്ധു എന്നാണ്. അവനും ഞാനും തമ്മിൽ രണ്ടു വയസ്സ് വ്യത്യാസം കാണും. അത്ര അടുത്ത ബന്ധം അല്ലാത്തതുകൊണ്ട് തന്നെ പണ്ടൊക്കെ ഞാൻ അവനെ വല്ലപ്പോഴും മാത്രമേ കാണാറുണ്ടായിരുന്നുള്ളൂ. ഓർത്തിരിക്കാൻ തക്കവണ്ണമുള്ള വലിയ സംഭവങ്ങളൊന്നും ഉണ്ടായിട്ടുമില്ല. ആകെ ഓർമ്മയുള്ളത് ഞങ്ങൾ രണ്ടാളും തോട്ടിൽ പോയി തോർത്ത് ഉപയോഗിച്ച് മീൻ പിടിച്ചതാണ്, അതും തീരെ ചെറിയ കുട്ടികളായിരുന്നപ്പോൾ.

പക്ഷേ കഴിഞ്ഞ കുറെ നാളുകൾ കൊണ്ട് ഞങ്ങളുടെ കുടുംബങ്ങൾ തമ്മിൽ ഗാഢമായ ഒരു ആത്മബന്ധം വളർന്നുവന്നിരുന്നു. അതിനു നിമിത്തമായത് പ്രിൻസ് മോനും.

കഴിഞ്ഞ ഒന്നരവർഷമായി അവൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആസ്പത്രിയിൽ ചികിത്സയിലായിരുന്നു. രണ്ടു കിഡ്നികളും പ്രവർത്തന രഹിതമായ അവൻറെ ജീവനെ പിടിച്ചു നിർത്തിയത് ഡയാലിസിസും കുറേ മരുന്നുകളും ആയിരുന്നു.

അമ്മ ഡയാലിസിസ് വിഭാഗത്തിൽ ഹെഡ് നഴ്സ് ആയിരുന്നതുകൊണ്ട് അവൻറെ ചികിത്സയുടെ ഓരോ ഘട്ടത്തിലും അമ്മയുടെ സാന്നിധ്യം ഉണ്ടായിരുന്നു. അങ്ങനെ ഞങ്ങളുടെ വീട്ടിലെ സംഭാഷണങ്ങളിൽ പ്രിൻസ്മോൻ കടന്നുവരാൻ തുടങ്ങി. അവൻറെ വീട്ടിലെ വിശേഷങ്ങൾ ഞങ്ങളുടെ വീട്ടിലെ വിശേഷങ്ങൾ ആയി. മോളി ആൻറിയും തങ്കച്ചൻ അങ്കിളും (പ്രിൻസിൻറെ അമ്മയും അച്ഛനും) ഞങ്ങളുടെ വീട്ടിലെ അംഗങ്ങൾ ആയി. അവരുടെ സങ്കടങ്ങളും നെടുവീർപ്പുകളും ഞങ്ങളുടേത് കൂടിയായി.

ഡയാലിസിസ് മനുഷ്യൻറെ ശരീരത്തിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കി രക്തം ശുദ്ധീകരിക്കുന്ന ഒരു ശാസ്ത്രീയ പ്രക്രിയ എന്നൊരു അറിവേ എനിക്കുണ്ടായിരുന്നുള്ളൂ. ഡയാലിസിസിനു വിധേയനാകുന്ന വ്യക്തി അനുഭവിക്കേണ്ടിവരുന്ന ശാരീരിക ബുദ്ധിമുട്ടുകളോ ആ വ്യക്തിയുടെ ബന്ധുക്കൾ അഭിമുഖീകരിക്കേണ്ടിവരുന്ന ആത്മസംഘർഷങ്ങളോ ഒന്നും എൻറെ ചിന്തയിൽ പോലും കടന്നു വന്നിട്ടുണ്ടായിരുന്നില്ല. പക്ഷേ അവ നമുക്കൊക്കെ ഊഹിക്കാൻ കഴിയുന്നതിനും അപ്പുറത്താണ് എന്ന് ഞാൻ അറിഞ്ഞു; പ്രിൻസിലൂടെ, അവൻറെ കുടുംബത്തിലൂടെ.

ആഴ്ചയിൽ ഒന്നുവീതം അവന് ഡയാലിസിസ് നടത്തിയിരുന്നു. ഒരു ദിവസം വൈകി പോയാൽപിന്നെ ഭയങ്കര ചർദ്ദിയും ശ്വാസം മുട്ടലും ഉണ്ടാകും. ഇതിനൊക്കെ ഇടയിൽ കൂടി രോഗത്തിൻറെ ബുദ്ധിമുട്ടുകൾ മറക്കാൻ എന്നപോലെയുള്ള  അവൻറെ പിടിവാശികൾ എന്തുതന്നെയായാലും അവർ നടത്തി കൊടുത്തിരുന്നു ഏതൊരു മാതാപിതാക്കളും മാനസികമായി തളർന്നു പോയേക്കാവുന്ന ഒരു ഘട്ടമായിരുന്നിട്ടും പതറാതെ അവർ പിടിച്ചുനിന്നു.

പ്രിൻസിൻറെ അമ്മ കുടുംബ ശ്രീയിലെ അംഗമായിരുന്നു. അതുകൊണ്ടുതന്നെ അവരുടെ പറമ്പിൽ വിളഞ്ഞ രാസവ ളത്തിൻറെ മാലിന്യം ഏശാത്ത ചീരയും പയറും എല്ലാം ഡയാലിസിസിനു വരുമ്പോൾ അമ്മയ്ക്ക് കൊണ്ടുവന്നു കൊടുക്കുമായിരുന്നു. അമ്മ പലതവണ അവരെ വിലക്കിയെങ്കിലും അത് പ്രത്യേകിച്ച് ഗുണമൊന്നും ചെയ്തില്ല. ഞങ്ങളെയെല്ലാം അവർക്ക് അത്രയ്ക്ക് കാര്യമായിരുന്നു.

**അങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ പ്രിൻസിനെ കണ്ടു. വല്ലാതെ മെലിഞ്ഞു കവിളിൻറെ എല്ലുകൾ വരെ പുറത്തേക്ക് ഉന്തിയ ഒരു രൂപം. എന്റെ ഓർമ്മകളിലെ സുന്ദ രമായ രൂപത്തില് നിന്നും വളരെ വ്യത്യസ്തമായ ഒന്ന്. അത് എന്നെ വല്ലാതെ വിഷമിപ്പിച്ചു എന്നതാണ് സത്യം.**

അങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ പ്രിൻസിനെ കണ്ടു. വല്ലാതെ മെലിഞ്ഞു കവിളിൻറെ എല്ലുകൾ വരെ പുറത്തേക്ക് ഉന്തിയ ഒരു രൂപം. എന്റെ ഓർമ്മകളിലെ സുന്ദരമായ രൂപത്തില് നിന്നും വളരെ വ്യത്യസ്തമായ ഒന്ന്. അത് എന്നെ വല്ലാതെ വിഷമിപ്പിച്ചു എന്നതാണ് സത്യം. അവനോട് എന്ത് പറയണമെന്നറിയാതെ ഞാൻ പരുങ്ങിയപ്പോൾ അവൻ നിറഞ്ഞ ചിരിയോടെ എൻറെ പഠന കാര്യങ്ങളെ കുറിച്ച് അന്വേഷിച്ചു. ഒരിയ്ക്കൽ പോലും അവൻ സ്വന്തം രോഗത്തെക്കുറിച്ച് സംസാരിച്ചില്ല.

ഡയാലിസിസിന് വരുന്ന ആ ഒരു ദിവസം ഒഴികെ ബാക്കി ദിവസങ്ങൾ മുഴുവൻ പ്രിൻസ് വീട്ടിലായിരുന്നു ചെലവഴിച്ചിരുന്നത്. വിരസത അകറ്റാനായി അവൻ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി എന്ന് ഒരു ദിവസം അമ്മ പറഞ്ഞു. അങ്ങനെ അവനും അവൻറെ ദിവസങ്ങളും ചായക്കൂട്ടുകളിലൂടെയും ക്യാൻവാസുകളിലൂടെയും കടന്നു പോയി.

ഇതിനിടയിൽ ഒരിയ്ക്കൽ അവൻ വരച്ച ചിത്രങ്ങൾ കാണാൻ ഇടയായ ഒരാൾ അവൻറെ ചിത്ര പ്രദർശനത്തിന് വേണ്ട ഒരുക്കങ്ങൾ ചെയ്യാമെന്ന് ഏറ്റു. ആ ഒരു വലിയ സ്വപ്നം നെഞ്ചിലേറ്റി പിന്നീടുള്ള ദിവസങ്ങളിൽ പ്രിൻസ് തിരക്കേറിയ പടം വരയിൽ മുഴുകി.ചിത്രപ്ര ദർശനത്തിൻറെ തലേന്ന് അവൻ വല്ലാതെ അവശനായി കാണപ്പെട്ടു. വണ്ടി വിളിച്ചു അവനെയും കൊണ്ട് അച്ഛൻ മെഡിക്കൽ കോളേജിലേക്ക് പുറപ്പെട്ടു. ഇടയ്ക്ക് വച്ച് അവൻ ചാച്ചനോട് പറഞ്ഞുവത്രെ ''ആൻറിയ്ക്കു കൊടുക്കാനായി പറിച്ചുവെച്ച കടച്ചക്ക എടുത്തില്ലല്ലോ''എന്ന്.ഒടുവിൽ ''ചാച്ചാ''എന്നൊരു വിളിയോടെ പ്രിൻസ്  അവൻറെ അച്ഛന്റെ മടിയിൽ തലചായ്ച്ച് മരണത്തെ പുൽകി, അവൻറെ സ്വപ്നങ്ങളും ആഗ്രഹങ്ങളും ബാക്കിവെച്ച്...

പ്രിൻസ്  ഈ ഭൂമിയിൽ നിന്നും വിട വാങ്ങിയതിൻറെ നാല്പത്തിയൊന്നാം ദിവസം ഞാനും അമ്മയും കൂടി അവൻറെ വീട്ടിൽ പോയിരുന്നു. അന്ന് എൻറെ ഡിഗ്രി പരീക്ഷയുടെ ഫലം അറിഞ്ഞ ദിവസമായിരുന്നു. അവിടെ ചെന്നുകയറിയ എന്നെ നിറഞ്ഞ സന്തോഷത്തോടെയാണ് അവർ സ്വീകരിച്ചത്. എൻറെ പരീക്ഷയുടെ സമയത്ത് ഉടനീളം പ്രിൻസ് മോൻറെയും അവൻറെ അച്ഛന്റെയും അമ്മയുടെയും പ്രാർത്ഥനകൾ കൂട്ടിനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ എൻറെ വിജയത്തിൽ അവരും സന്തോഷിച്ചു. അവിടെ അവൻ വരച്ച ചിത്രങ്ങൾ ഞാൻ കണ്ടു. ചിത്ര കലയുടെ ബാലപാഠം പോലും അഭ്യസിച്ചിട്ടില്ലാത്ത പ്രിൻസിൻറെ ചിത്രങ്ങൾ അങ്ങേയറ്റം തന്മയത്വം ഉള്ളവയായിരുന്നു. അവയോടൊപ്പംതന്നെ ഈർക്കിൽ കൊണ്ട് അവൻ നിർമ്മിച്ച ഒരു രണ്ടു നില വീടും ഉണ്ടായിരുന്നു. അതായിരുന്നു എന്നെ ഏറ്റവും ആകർഷിച്ചത്. പിന്നീട് ഞങ്ങൾ പ്രിൻസ്ൻറെ അച്ഛനോടും അമ്മയോടും ഒപ്പമിരുന്ന് ഉച്ച ഭക്ഷണം കഴിച്ചു. എല്ലാം കഴിഞ്ഞ് ഞങ്ങൾ പോകാൻ ഇറങ്ങിയപ്പോൾ പ്രിൻസിൻറെ അച്ഛൻ പറഞ്ഞു: ''ഇന്നായിരിക്കും പ്രിൻസ് മോൻ ഏറ്റവും സന്തോഷിക്കുന്ന ദിവസം, കാരണം അവൻ ഇഷ്ടപ്പെട്ടിരുന്നവരെല്ലാം ഇന്നിവിടെ വന്നു'' എന്ന്.

അവിടുന്ന് തിരിച്ചു വരുമ്പോൾ ആ വാക്കുകളും പ്രിൻസ് ഉണ്ടാക്കിയ മനോഹരമായ ആ ഈർക്കിൽ വീടും ആയിരുന്നു എൻറെ മനസ്സിൽ നിറയെ. അവന്റെ അച്ഛൻ പറഞ്ഞതു പോലെ മറ്റേതോ ലോകത്തിരുന്നു അവൻ സന്തോഷിക്കുന്നുണ്ടാവുമെന്ന് ഞാൻ എന്നോടുതന്നെ പറഞ്ഞുകൊണ്ടിരുന്നു. ■

**"സ്നേഹിക്കയില്ല ഞാൻ**
**നോവുമാത്മാവിനെ**
**സ്നേഹിച്ചിടാത്തൊരു**
**തത്വശാസ്ത്രത്തെയും"**

വയലാർ



# ഇന്നലെകളിലെ ഒരു സ്കൂൾ വേനലവധിക്കാലം



- JJ Adoor

**''പരീക്ഷ കഴിയുന്ന ദിവസം തന്നെ ആ വർഷത്തെ പുസ്തകങ്ങൾ എല്ലാം അടുക്കി വെച്ച് അതിൽ നിന്നും പൂർണമായി മോചിതനാകും. ഇന്നത്തെപ്പോലെ, വെക്കേഷന് ക്ലാസ്സുകളോ, അടുത്ത വർഷത്തേക്കുള്ള തയ്യാറെടുപ്പിനു വേണ്ടി ട്യൂഷൻ ക്ലാസ്സുകളോ, ബൈജൂസ് ആപ്പ് പോലെ ആപ്പുകളോ ഒന്നും ഇല്ലാതിരുന്ന കാലം''**

ഇന്ന് COVID-19 എന്ന മഹാമാരി മൂലം സ്കൂൾ കുട്ടികൾക്ക് ഓൺലൈനിലൂടെ ക്ലാസുകൾ എടുക്കുമ്പോൾ, അത് ഒരു നീണ്ട അവധിക്കാലം പോലെ അവർക്കു തോന്നുമ്പോൾ ഇന്നലെകളിലെ ഒരു സ്കൂൾ അവധിക്കാലം എന്റെ മനസ്സിലേക്ക് കടന്നുവരികയാണ്.

അന്നൊക്കെ വർഷാവസാന പരീക്ഷയെ വളരെ പേടിയോടുകൂടി സമീപിക്കുന്ന കാലഘട്ടം. ഒരുവർഷം മുഴുവൻ പഠിപ്പിച്ച പാഠഭാഗങ്ങളിൽ നിന്ന് ഏതു ചോദ്യവും കടന്നുവരാം. മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷാ പുസ്തകങ്ങളിൽ നിന്നും ഏതെങ്കിലും ഒരു പദ്യം 16 വരി എഴുതാൻ ചോദ്യമായി കടന്നുവരാം. ഇന്നത്തെപ്പോലെ അനുഭവങ്ങളിൽ നിന്നും മനോധർമ്മമനുസരിച്ചും എഴുതാൻ ഒരേയൊരു ഉപന്യാസചോദ്യം മാത്രമുള്ള കാലം, അതുകൊണ്ട് അതെല്ലാം കാണാതെ പഠിക്കുകയല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ല. അങ്ങനെ യുള്ള ആണ്ടു പരീക്ഷ എന്ന ഭഗീരഥ പ്രയത്നം കഴിഞ്ഞാൽ പിന്നെ ഏപ്രിൽ-മേയ് മാസങ്ങളിലെ വേനൽ അവധിയിലേക്ക്. ഇന്നത്തെപ്പോലെ, വെക്കേഷന് ക്ലാസ്സുകളോ, അടുത്ത വർഷത്തേക്കുള്ള തയ്യാറെടുപ്പിനു വേണ്ടി ട്യൂഷൻ ക്ലാസ്സുകളോ, ബൈജൂസ് ആപ്പ് പോലെ ആപ്പുകളോ ഒന്നും ഇല്ലാതിരുന്ന കാലം

പരീക്ഷ കഴിയുന്ന ദിവസം തന്നെ ആ വർഷത്തെ പുസ്തകങ്ങൾ എല്ലാം അടുക്കി വെച്ച് അതിൽ നിന്നും പൂർണമായി മോചിതനാകും.

തറവാടിന്റെ കിഴക്കു ഭാഗത്തു നിൽക്കുന്ന വലിയ മാവിന്റെ ചോട്ടിൽ നാലു കമ്പും കോമാട്ട തെങ്ങിന്റെ രണ്ടു ഓലയും വച്ചുകെട്ടി ഒരു കൂടാരം ഉണ്ടാക്കുകയാണ് ആദ്യ പണി. വടക്കേ കോണിൽ നിൽക്കുന്ന പുളിയൻ മാവിന്റെ മാങ്ങയോടു പ്രിയം കുറവായതുകൊണ്ടാണ്, നല്ല മധുരമുള്ള മൈലാപ്പൂർ മാവിന്റെ ചോട്ടിൽ തന്നെ കൂടുന്നത്. വേറെ കിളിച്ചുണ്ടൻ മാവും, മൂവാണ്ടൻ മാവും ഒക്കെ പുരയിടത്തിൽ നിൽപുണ്ടെങ്കിലും, ഞങ്ങൾ പിള്ളേർക്ക് ഈ മൈലാപ്പൂർ മാവും, മൈലാപ്പൂർ മാങ്ങയും തന്നെ പ്രിയം.

കൂടാരത്തിൽ കൂട്ടുകാരോടൊത്തു ഇരിക്കുമ്പോൾ, ചെറിയ കാറ്റടിച്ചു തനിയെ താഴെ വീഴുന്ന മാങ്ങാ പാഞ്ചിയില ചെടികളുടെ ഇടയിൽ നിന്നും തപ്പിയെടുത്ത്, മാങ്ങയുടെ മൂക്ക് നുള്ളി മുകളിലോട്ടു എറിഞ്ഞിട്ട് 'ഈ മൂക്ക് പോയിട്ട് മറു മൂക്ക് വാ' എന്ന മന്ത്രവും ചൊല്ലി കിട്ടിയ മാങ്ങാ ചപ്പി കഴിച്ചു തീർത്ത് അടുത്ത മാമ്പഴത്തിനു വേണ്ടി കാത്തിരിക്കും.

നാട്ടു മാവിലെ മാങ്ങയും ഇടയ്ക്കിടയ്ക്ക് കാറ്റത്തു താഴെ വീഴുന്നുണ്ടെങ്കിലും, അതെല്ലാം പെറുക്കി അമ്മച്ചിയുടെ കൈയ്യിൽ കൊടുക്കും, അതുകൊണ്ടു അമ്മച്ചിയുണ്ടാക്കുന്ന ആ മാമ്പഴക്കറി മാത്രം മതി ആവോളം ഊണുകഴിക്കാൻ.

നാട്ടുമാവിലെ മാങ്ങകൾ എല്ലാം വിളഞ്ഞു ഒരു പരുവമാവുമ്പോഴേക്കും വീട്ടിലെ പണിക്കാരെ കൊണ്ട് മാങ്ങാ എല്ലാം ഉലുത്തി താഴെയിട്ടു, എല്ലാം പെറുക്കി, ചെമ്പിൽ വെള്ളം കോരിനിറച്ചു (അന്ന് പൈപ്പുകൾ ഇല്ലാത്ത കാലം) കഴുകി, വലിയ ചീനഭരണിയിൽ ഉപ്പിലിട്ടു വയ്ക്കും വായു സഞ്ചാരം ഭരണിയിലേക്കു ഇല്ലാതിരിക്കാൻ വാവട്ടം അടപ്പുകൊണ്ട് അടച്ചു തേനീച്ചയുടെ മെഴുകുകൊണ്ട് സീൽ ചെയ്തു വയ്ക്കുമായിരുന്നു. പിന്നെ അഞ്ചാറ് മാസം കഴിഞ്ഞിട്ടാണ് ഇത് തുറക്കുന്നത്. വളരെ സൂക്ഷിച്ചു ഒട്ടും നനവില്ലാത്ത തവി ഉപയോഗിച്ച് ആവശ്യത്തിന് മാത്രം എടുത്തുബാക്കി സൂക്ഷിച്ചു വച്ചാൽ വളരെ നാളുകളോളം ഈ നാട്ടുമാങ്ങ ഉപ്പിലിട്ടത് കേടുകൂടാതെ ഭരണിയിൽ ഇരിക്കും. അത് വളരെ രുചിയുള്ളതും, ഊണുകഴിക്കാൻ പറ്റിയതുമായ ഒരു വിഭവമാണ്.

ഇന്നും നാവിന്റെ തുമ്പിൽ നിന്നും രുചി നഷ്ടപ്പെടാതെ നിൽക്കുന്ന മറ്റൊന്ന് പുളി രസമാണ്. വലിയ വാളൻ പുളിമരത്തിൽ നിന്ന് വിളഞ്ഞു താഴെ വീഴുന്ന തോടുപൊട്ടാതെയുള്ള വാളൻ പുളി നോക്കിയെടുത്തു അതിന്റെ ഞെടുപ്പിന്റെ ഭാഗം അല്പം പൊട്ടിച്ചു അതിനുള്ളിൽ അല്പം മുളകുപൊടിയും, ഉപ്പുവെള്ളവും, അല്പം വെളിച്ചെണ്ണയും ഒഴിച്ച് ഒരു ഈർക്കിലി ഒടിച്ചു പുളിയുടെ തോടിനകത്തുതന്നെ ഇട്ടു ഇളക്കി ഒരു മിശ്രിതമാക്കി കുടിച്ചാൽ അതിനോളം രുചി വേറൊന്നിനും കിട്ടിയിട്ടില്ല. ഇപ്പോഴത്തെ ഫുൾ ജാർ സോഡായ്ക്കോ, കുലുക്കി സർബത്തിനോ ആ രുചിയുടെ ഏഴയലത്തുപോലും എത്താനാവില്ല.

മാവുകൾ മാത്രമല്ല പുരയിടത്തിൽ ഉണ്ടായിരുന്നത്, എരുത്തിലിന്റെ (കാലിത്തൊഴുത്തു) പുറകുവശത്തു നിൽക്കുന്ന പേരമരത്തിലെ മുട്ടൻ പേരക്കയും, കച്ചിത്തുറുവിനു (പാടത്തു കൊയ്ത്തു കഴിഞ്ഞു, വൈക്കോലുണക്കി കന്നുകാലികൾക്ക് കൊടുക്കാൻ വേണ്ടി സംഭരിച്ചു, ഒരു തൂണിനു ചുറ്റും അടുക്കി അടുക്കി സൂക്ഷിച്ചു വയ്ക്കുന്നതിന് തുറുവിടുക എന്നാണ് പറയുന്നത്) മുൻപിലായുള്ള നല്ല മധുരമുള്ള ചുമന്ന അല്ലിയുള്ള കമ്പിളി നാരകവും, പറമ്പിന്റെ തെക്കു വശത്തു നിൽക്കുന്ന മധുരമുള്ള വെളുത്ത അല്ലിയുള്ള കമ്പിളി നാരകവും, നല്ല മധുരമുള്ള ആത്ത പഴമുള്ള ആത്തയും, വീടിന്റെ തെക്കുഭാഗത്തെ നാലഞ്ച് പേര് ചുറ്റിപ്പിടിച്ചാലും പിടിമുറ്റാത്ത വാളൻ പുളിമരവും, തെക്കു കിഴക്കേ കോണുകളിൽ നിൽക്കുന്ന വലിയ തോട്ടു പുളിമരവും, തേൻവരിക്ക പ്ലാവും, കൂഴ പ്ലാവും, ബദാം പോലെ പൊട്ടിച്ചു തിന്നാവുന്ന കുളമാങ്ങാ ഉണ്ടാകുന്ന കുളമാവും, ആ മരത്തേൽ പടർന്നുകിടക്കുന്ന പാഷൻ ഫ്രൂട്ടും, കിണറ്റിന്റെ ഓരത്തുനിക്കുന്ന ഒടിച്ചുകുത്തി നാരകവും, വിവിധ തരം തെങ്ങും, കമുകും, പനയും, പലയിനം വാഴകളും, കാപ്പിച്ചെടികളും മറ്റുമുള്ള ഒരു ഏദൻ തോട്ടമായിരുന്നു കാട്ടൂർ പുരയിടം.

വിളിച്ചാൽ വിളി കേൾക്കത്തക്കവിധം വീടിന്റെ പരിസരത്തും, പറമ്പിലും പോകാൻ മാത്രമേ അമ്മച്ചി അനുവദിച്ചിരുന്നുള്ളു, അതുകൊണ്ടുതന്നെ ദൂരെ എങ്ങും പോകാതെ അവിടെ തന്നെയാണ് വിനോദങ്ങളെല്ലാം.

അച്ചൻകോവിലാറിന്റെ ഓരത്തുതന്നെയുള്ള വീടായതിനാൽ, തറവാടിന്റെ പേര് ചേർത്തിട്ടുള്ള കാട്ടൂർക്കടവ് എന്നായിരുന്നു വീടിനടുത്തുള്ള ആറ്റു കടവിന്റെ പേര് (പ്രദേശ വാസികളുടെ പ്രിയപ്പെട്ട കുളിക്കടവായ കാട്ടൂർക്കടവ് എന്ന പേര് സിനിമാക്കാർ എങ്ങനെ തപ്പിയെടുത്തു കൊണ്ടുപോയെന്നു അറിഞ്ഞുകൂടാ).

ഏപ്രിൽ മെയ് മാസങ്ങളിൽ കുട്ടികളായ ഞങ്ങളുടെ നെഞ്ചൊപ്പം വെള്ളമേ പുഴയിൽ ഒഴുക്കുള്ള ഭാഗത്തു കാണുകയുള്ളു. മിക്കവാറും മണൽപ്പുറം തെളിഞ്ഞിരിക്കും, പുഴയുടെ പടിഞ്ഞാറ് ഭാഗത്തു മാത്രമേ ഒഴുക്കുവെള്ളം ആ സമയത്തു ഉണ്ടാകാറുള്ളൂ. പുഴയിൽ പോകുകയാണെങ്കിൽ താഴെയുള്ള ചെമ്പ്രകടവിൽ (ആ കടവിന് നല്ല ആഴവും ചുഴിയും സാധാരണ എല്ലായ്പ്പോഴു മുണ്ടാകാറുണ്ട്) പോകരുത് എന്നും വീടിനോടു ചേർന്നുള്ള കടവിൽ മാത്രമേ പോകാവുള്ളു എന്നും അമ്മച്ചിയുടെ നിർദേശം നില നിന്നിരുന്നു. ആ നിർദേശം അക്ഷരം പ്രതി പാലിച്ചിരുന്നതിനാൽ കൂട്ടുകാർക്കൊപ്പം ആറ്റിൽ പോകാനും സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

വേനൽ അവധി ആകുന്നതിനാലും, തറവാട് ആയിരുന്നതിനാലും എന്റെ കസിൻസും ഒത്തുചേരുന്ന സമയമായിരുന്നു ആ അവധിക്കാലങ്ങൾ. ഓരോ ദിവസവും ഓരോരോ പരിപാടികളുമായി ആ വേനൽ അവധിക്കാലം ചെലവഴിച്ചിരുന്നു. ചില ദിവസങ്ങളിൽ ആറ്റിൽ പോയി മീൻ പിടിക്കുകയായിരുന്നു വിനോദം. പുഴയിൽ മീൻ പിടിക്കുന്നത് നല്ല ആനന്ദം തരുന്ന ഒരു പരിപാടി ആയിരുന്നു.

ഇന്നത്തെപ്പോലെ വിഷം കലക്കി മലിനമാക്കാത്ത പുഴവെള്ളം ആയതിനാൽ ധാരാളം മത്സ്യങ്ങൾ പുഴയിലുണ്ടായിരുന്നു. മണൽ മുഴുവൻ അക്കാലത്തു പുഴയിൽ നിന്നും വാരാതെയിരുന്ന കാലമായതിനാൽ നല്ല തെളിഞ്ഞ വെള്ളവും ചേറില്ലാത്ത മണൽപ്പരപ്പും ഉണ്ടായിരുന്നു.

വലിയ ഇനം മീനുകളായ മണൽ വാഹ, വാള, കൂരൽ, കുറുവപ്പരൽ, വരാൽ, മുഷി, കാരി, കൂരി, ഏട്ട, ആരകൻ, ബ്ലാഞ്ഞിൽ മുതലായ പലയിനം മീനുകൾ ഉണ്ടെങ്കിലും, ഞങ്ങൾ പിള്ളേർക്ക് ചെറിയ മീനുകളെ തോർത്ത് കൊണ്ട് കോരി പിടിച്ചിട്ടു വായ് വട്ടം ഉള്ള കുപ്പിയിൽ ഇട്ടു വളർത്താൻ വേണ്ടി വയ്ക്കുന്നതായിരുന്നു പ്രധാന വിനോദം. (കുറച്ചു ദിവസം കഴിഞ്ഞു അത് ചത്തുപോകാറും ഉണ്ട്).

കൂട്ടത്തിൽ വളരെ എളുപ്പം പിടിക്കാൻ പറ്റുന്ന ഒരു മീനാണ് ബ്യൂട്ടീസ് പൊട്ടൊക്കെ തൊട്ടിട്ടുള്ള പള്ളത്തി. അതിനെ പിടിക്കാൻ വേണ്ടി ഇറങ്ങുന്ന ദിവസം ഓരോരുത്തരും രണ്ടു കപ്പയുടെ കമ്പ് ചീകിയെടുത്തു വെള്ള നിറമുള്ള കമ്പാക്കിയാണ് ആറ്റിൽ പോകുന്നത്. ഏകദേശം വെയിൽ ചൂട് പിടിക്കുമ്പോൾ പള്ളത്തികൾ കൂട്ടമായി മണൽപ്പരപ്പു ചേർന്ന് പോകും, അപ്പോൾ ഈ വെള്ള കമ്പുകൾ 'V' രൂപത്തിൽ കിടയോടുകൂടി പോകുന്ന പള്ളത്തിയുടെ മീതെ വെള്ളത്തിൽ വച്ചാൽ കുറെ പള്ളത്തികൾ എങ്കിലും മണലിൽ തല പൂഴ്ത്തി വയ്ക്കും, എന്നെ ആരും കാണത്തില്ല എന്ന വിചാരത്തോടെ (നമ്മുടെ സമൂഹത്തിൽ പലരും, പല ദ്രോഹവും മറ്റുള്ളവർക്ക് ചെയ്തിട്ട്-ആരും അറിയുന്നില്ല, കാണുന്നില്ല എന്ന വിചാരത്തോടെ തല പൂഴ്ത്തി വയ്ക്കുന്ന മാതിരി) അപ്പോൾ അതിനെ കോരിയെടുത്തു മണപ്പുറത്തോട്ടു എറിയാം. അങ്ങനെ കോർമ്പൽ (തെങ്ങോലയിൻ നിന്നും ഈർക്കിലി എടുത്തു അറ്റ ഭാഗം വട്ടം ചുറ്റി മീനുകൾ കൊരുത്തു എടുക്കാൻ ഉപയോഗിച്ചിരുന്ന ഈർക്കിലിക്ക് അങ്ങനെ പറഞ്ഞിരുന്നു) നിറച്ചു പലപ്പോഴും പള്ളത്തിയെ പിടിച്ചിരുന്നു.

ഏതോ പരസ്യങ്ങളിൽ കേട്ടതുപോലെ കാലം മാറി, കഥ മാറി, കാലാവസ്ഥ എല്ലാം മാറി, ഇനി ആഗ്രഹിച്ചാലും അതുപോലെ കാട്ടൂർ കടവിലിറങ്ങി തെളിഞ്ഞ വെള്ളമുള്ള ആറ്റിലോ ചെളിയില്ലാത്ത ഒരു മണപ്പുറത്തോ ഇനി ചെന്ന് നിൽക്കാൻ സാധിക്കില്ല. കാട്ടൂർ പുരയിടത്തിൽനിന്നും പണ്ടത്തെപ്പോലെ പഴങ്ങൾ കഴിയ്ക്കാനും പറ്റില്ല, തറവാടു പൊളിച്ചു, ആ ഫലവൃക്ഷങ്ങൾ വെട്ടി എല്ലായിടവും റബ്ബറും വച്ചു.

ഭൂലോകത്തിന്റെ ഇങ്ങേയറ്റത്തിരുന്നു ആ പഴയകാലങ്ങൾ ഓർമ്മിക്കുമ്പോൾ, ഇന്നത്തെ കുട്ടികൾക്ക് കിട്ടാതെ പോകുന്ന ആ സൗഭാഗ്യങ്ങൾ എന്നിൽ ഒരു നെടുവീർപ്പ് മാത്രം ബാക്കിയാക്കുന്നു. ■

ALPHA
TRUCKING SOLUTIONS




TRUCK & ALPHA TRUCKING SOLUTIONS
EQUIPMENT LOANS

587-585-4567

- LOW RATES
- FAST APPROVAL
- Can work with Low Credit

# Mother



- Fiza Rafeek

"Sit down"

My mother says.

I hope for the worst as I stare into her engrossed eyes.

"I want to tell you some things"

My mind goes running to how my room is an overcrowded zoo

Of paint brushes and unfinished projects...

But it returns to my head when she says,

"I have dreams that I want to fulfill in life"

My tongue becomes the Bermuda Triangle as my words become ships and sailors lost in a whirlpool of nothingness.

A mother is a person who loves and takes care of you but I've never thought that someone I've known for my little existence could have been disguised under the word, Mother...

Everyday she opens a door to a place called home,

Her eyes seeking sleep,

Her legs sweep across the wooden floor to the big heap of chores.

As she speaks my eyes turn into dams from letting go of my sorry tears,

But the dam, like any other barrier is meant to be broken.

Cracks allow salty water to seep through,


Concrete walls holding back the purest of emotions collapse under the weight of my ignorance to this hidden human being.

She holds me in her arms as I feel the heart that gave life to my own, thump against my yearning ears.

The silence is soon broken with prized words from the arms that caress me,

"My heart feels like a crumpled piece of paper which no one cares to open up to see the letters inclosed inside but sets fire to it at first sight."

# The Secret Portal



**They smiled at each other while the aliens summoned the portal for Marvin and Addison to get back home. The portal appeared again, then Addison and Marvin waved the aliens a goodbye.**

- Uma Namboodiripad

Addison and Marvin were jumping on the trampoline when they heard a funny noise from under the trampoline. "Hey Marvin, did you hear that?" Addison asked. "Yeah, that kind of sounded funny..." Marvin replied. "I'll go check it out, you stay here though. Just make sure you don't jump or else I'll hit my head!" Addison called while heading under the trampoline to go check it out. "Haha, okay, I won't." Marvin laughed. Addison gasped loudly. "OH MY GOSH! MARVIN COME CHECK THIS OUT!" Addison yelled.

"Woah, what's going on, Addison?" Marvin asked. "JUST COME DOWN HERE AND LOOK YOURSELF!" Addison answered. So, Marvin got off the trampoline quickly to see what's going on under the trampoline. "WOAH! Addison what in the world is that?!" Marvin asked. "I really don't know! That's why I asked you to come down and under here." Addison replied. "Well uh, should we go through it? It looks like a galaxy!" Marvin said. "Wait, I might know what that is!" Addison exclaimed. "What is it?" Marvin asked. "It looks like a portal!" Addison yelled while running into the portal. "ADDISON! WHERE DID YOU GO?!" Marvin called. Marvin looked around for Addison, and in the blink of an eye, the portal disappeared. "Wait...WHERE'D THE PORTAL GO?!" Marvin yelled. Marvin ran back outside into the lawn and looked for the portal. "Marvin, Addison, dinner's ready!" Marvin and Addison's mom called. "MOM! I DON'T KNOW WHERE ADDISON IS!" Marvin cried.

"Huh? What do you mean, sweetie?" Mom asked. "I-I don't know! There was a portal under the trampoline, and I think Addison went through it!" Marvin said sadly. Mom patted Marvin's back as he sat down on the porch and rubbed his eyes. "Don't worry, sweetie, we'll find your sister." Mom said calmly. Marvin looked back up at Mom and said, "MOM! I have an idea! The portal appeared when Addison and I were jumping on the trampoline. Maybe if I jump on the trampoline again, it'll appear again, and I can go find Addison wherever she is?" Marvin suggested. Mom nodded while he quickly got back on the trampoline and jumped frantically, hoping the portal will appear again. "MARVIN, HONEY, THE PORTAL APPEARED!" Mom yelled. Without saying anything, Marvin quickly ran under the trampoline and jumped into the portal. "Well, I guess I'm the only one eating dinner for now." Mom sighed.

Marvin teleported into a place that looked like the moon. He looked far out in the distance and saw planet earth. Marvin thought to himself, "Woah! I'm on the moon!" but then he quickly got back into focus and looked around for Addison. "Marvin! Help me, please!" someone that sounded like Addison cried. Marvin looked in the direction he heard the cry from and called back, "Don't worry, Addison! I'm here to help!" He ran towards what sounded like Addison frantically. "OH MY GOSH, ADDISON! WHAT ARE THOSE?!" Marvin yelled. "I don't know, but just get over here and help me!" Addison shrugged. Marvin ran towards Addison, but the aliens that got a hold of Addison blocked him. "Try to fight us, human." the aliens said in a weird sounding voice. They handed him a nerf gun and said, "Your sister said that you can aim well, so try to get us with this baby gun." the leader of the aliens said. "Well yeah, I guess I have good aim..." Marvin shrugged while taking the nerf gun from them. "Wait." Marvin said. "What do you want, human?" the aliens said.

"I don't want to fight. I just want my sister back. She didn't do anything to you guys, so why capture an innocent?" Marvin confessed. He looked at Addison and smiled. She smiled back. The aliens loosened their grip on Addison and squinted at Marvin. "Hmm...he's got a point, guys." the leader of the aliens said. "We shall let this girl free." one of the aliens said. They let go of Addison, and immediately, she ran towards Marvin at full speed. She pushed into him and hugged him. Marvin was surprised because he thought she would get mad at her, but he hugged Addison back. They smiled at each other while the aliens summoned the portal for Marvin and Addison to get back home. The portal appeared again, then Addison and Marvin waved the aliens a goodbye. They gladly walked back into the portal and teleported back under the trampoline."I'm so glad to be back here, thank you so much Marvin!" Addison exclaimed. She smiled at Marvin, he smiled back. Suddenly, Mom ran out frantically with a worried face. She sighed loudly and said, "Oh, thank God, you two are back home. You're lucky you got here now, I almost finished dinner!" Addison and Marvin giggled while running to Mom. They all had a big group hug and lived happily ever after! ■




Fresh Sifoods
SUPREME DOSA
TOP CHOICE awards WINNER
Top Choice Indian Restaurant of 2020 in Calgary
1919 - 31ST ST SE , CALGARY | PH : 403 475 5672 , 403 890 5672
www.freshsifoods.com
SKIP THE DISHES
Uber Eats
DOORDASH
Taste the real Spices of Indian and Srilankan food
No MSG, Preservative, or Food Colouring added.




FULL HOUSE RENOVATION SOLUTIONS
CALL NOW!
587-998-0803
Milton Mathew
Basement Renovation
Flooring
Kitchen Remodeling
Garage Renovation
Granite Countertops
Bathroom Renovation
Fence & Decks
Painting
MPACT RENOVATIONS
info@mpactrenovations.com
www.mpactrenovations.com




-Sandra
Elsa Joseph






- Sarah
Malepuram

# മുകളിലേക്കൊഴുകുന്ന പുഴ



- Cini John

കാറ്റിനെതിരെ പറക്കുന്ന പക്ഷിയായും ഒഴുക്കിനെതിരെ നീന്തുന്ന മൽസ്യമായും  പല ഭാവങ്ങളിൽ നിറയുന്ന ഉന്മാദിയായ പുഴ! ചത്തുപൊങ്ങുന്ന മൽസ്യങ്ങൾ ഒഴുകിനടക്കുന്ന ജലോപരിതലമല്ല, മറിച്ചു ഒഴുക്കിൽ ആഴിച്ചുഴികൾ ഒളിപ്പിക്കുന്ന നദീനാഭികൾ നിറഞ്ഞത്!

ഓർമ്മയുടെ ഖനിജങ്ങൾ ഒളിച്ചിരിക്കുന്ന അരങ്ങിൽ നിന്നല്ല, മറിച്ചു മറവിയുടെ വസന്തങ്ങളിൽ നിന്നും ചക്രവാളത്തിലേക്ക് ചിറകടിക്കുന്ന പക്ഷികൾ നിറഞ്ഞ ആകാശത്ത്, സമതലത്തിലെ തിരശ്ചീനതയല്ല മറിച്ചു കൊടുമുടിയുടെ ലംബത്തിലേയ്ക്ക്, വട്ടത്തിലും ചതുരത്തിലും നിറയുന്ന നിലാവിനെ പ്രണയിക്കുവാൻ, അടയാളങ്ങൾ അവശേഷിക്കാതെ സഞ്ചാരപഥങ്ങളിൽ ഊടാടുവാൻ, അവസാന രാപ്പാടിയും പാടി മറയുമ്പോൾ ഭയമില്ലാതെ യാത്ര തുടരുവാൻ നമുക്കു അവരോഹണങ്ങളുടെ സങ്കീർത്തനത്തിനു കാതോർക്കാം, പുഴയും ആകാശവും ഒന്നാണെന്ന് സങ്കൽപ്പിക്കാം...

മുകളിലേയ്ക്ക് ഒഴുകുന്ന പുഴയിൽ,
നനുത്ത നിലാവിൽ, ആ കിനാവഴികളിൽ,
രാവേറെയായും പാടിത്തളർന്ന രാക്കിളികൾ
കാത്തിരിക്കുന്നുണ്ട്, മിന്നാമിന്നികൾ തിരിതെളിച്ച്
അവിടെത്തന്നെയുണ്ട്,
ചുഴികളിലെ മറയുന്ന ഓർമ്മകളിൽനിന്ന്
ഓർമ്മകളിലേക്ക്, രാവണ്ടികളിൽ,
അനന്തമായി നീളും ദിക്കുകളിൽ,
ദിശയറിയാത്ത ദിക്കുകളിൽ
നമുക്കു പോകേണ്ടതുണ്ട്!

രേഖകളില്ലാത്ത സഞ്ചാരപഥങ്ങളും,
വഴുവഴുപ്പാർന്ന പാറക്കൂട്ടങ്ങളും
സങ്കീർത്തനങ്ങളാകുന്ന പാതയിൽ
നിശബ്ദകാണ്ഡങ്ങളിലൂടെ
കൊടുമുടിയിലേയ്ക്ക് നീന്തുവാൻ
ഒടുവിൽ കാഴ്ചകൾക്കന്തമായി ഒടുങ്ങുവാൻ!

കാറ്റിനെതിരെ പറക്കുന്ന പക്ഷിയായും
ഒഴുക്കിനെതിരെ നീന്തുന്ന മൽസ്യമായും
പല ഭാവങ്ങളിൽ, ഉന്മാദിയായൊരു പുഴയെ,
ആഴിച്ചുഴികൾ നിറഞ്ഞ പുഴയെ
ഉള്ളിൽ പേറേണ്ടതുണ്ട്!



ZEPHU'S CONSULTANT'S INC.

ZC

MERLIN SUSAN PHILIP

Physiotherapist *(CMT, Dry Needling)*

403 478 8894

merlin.s.philip@gmail.com

@Falconridge Physiotherapy

(403 455 9696)

Tuesday, Thursday & Saturday

@Optimum Wellness Centres - TransCanada

(403 272 3000)

Monday & Friday



# FREE String & Grip with Your First Racket(s) Purchase from the Store




## Badminton | Table Tennis | Pickleball

LI-NING

*Contact for all your Li-Ning©, Badminton, Table Tennis & Pickleball Supplies...*

**Special Pricing for Stringing/Grip Services.**

**403-891-5194 | playcalgaryplay@gmail.com**
**Sandeep Sam Alexander**

**Check the websites below for what you need &**

**Contact for the specials and best wholesale dealer pricing on those items!**

**shopbadmintononline.com**
**shoptabletennisonline.com | shoppickleballonline.com**

Earn 2.5% Cash Back on EveryPurchase

HALAL FOOD CERTIFIED حلال HALAL 100%

Fresh Vegetables and Fruits

Grass & Grain Fed

Fresh Halal Meats & Fishes

All South Asian Grocery

Nobody in town is offering these.

Beef, Lamp, Goat, Chicken
Fresh Fish once in a month
Frozen Fish All the Time

Our Grocery Prices are the Best

**Our Specialities**

**Beef/Chicken Sausages & Burger Patties**

( These are being Prepared by Mixing Special Spices Imported from South Africa. )

* Must Try Once and will Come Back Again. Guaranteed.

**Only Indian Grocery Store with FREE DELIVERY**



**10 - ാം വാർഷികം ആഘോഷിക്കുന്ന കാവ്യസന്ധ്യയ്ക്ക് ആശംസകളോടെ........**

authentic desi store & convenience

#102, 3400 14 st NW
Calgary, Alberta

authentic desi Grocery and Meats

#6, 6815 Temple drive NE
Calgary Alberta

(403) 477 7345

www.calgarydesistore.com